2020 നവംബർ, ഡിസംബർ, 2021 ജനുവരി | ത്രൈമാസിക | ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The National, State, District, Village star news Kerala & India

Cinema Sports Arts & Literature



കേരളപുത്രൻ കൂടിയായ
ആദിത്ത് ചോളൻ (തമിഴ്നാട്)
സ്പെയിൻ മണ്ണിൽ
കിക്കെടുക്കുന്നു.




യു.എ ഖാദർ (കഥ)
പി.ആർ. നാഥൻ (വിചാരധാര)
മുണ്ട്യാടി ദാമോദരൻ (ലേഖനം)
സുകുമാർ കൂർക്കഞ്ചേരി (ലേഖനം)
ഭാസി മലാപ്പറമ്പ് (സ്പോർട്സ്)
സുനിൽകുമാർ പി.കെ (ഓർമ്മ)
നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ (നോവലറ്റ്)
വിനോദ് കുമാർ ദാമോദർ (ലേഖനം)
ജനാർദ്ദനൻ കടുങ്ങപുരം (കവിത)
മഞ്ചേരി ബാലചന്ദ്രൻ (കഥ)
ശോഭ മക്കട (കഥ)
മനോജ് കെ.കെ (കഥ)
ബിനി കിഴിശ്ശേരി (ലേഖനം)
സത്യനന്ദൻ കെ.കെ കാവന്നൂർ (കവിത)
കാരിത്തടം വർക്കി (കഥ)
ജ്യോതി കെ.ടി (കവിത)
രജികുമാർ പുലാക്കാട് (കവിത)
ടി.പി ശിവദാസൻ നെന്മാറ (കവിത)
എം.കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി (കവിത)


എയർഗണ്ണുകൾക്ക്
മാത്രമായുള്ള ഷോറൂം...
PRECIHOLE SPORTS
AMER SPORTS
NX 100
₹11467/-
.177
SX100 Orion
SX 100
₹8978/-
ലൈസൻസ്
ആവശ്യമില്ല
Orion | Pegasus | Club
Exclusive Dealer in Calicut:
" WE ARE SERVICING ALL TYPE OF AIR RIFLES AND AIR GUNS WITH GUARANTEE "
ഞങ്ങൾക്ക്
മറ്റു ബ്രാഞ്ചുകളില്ല
NATIONAL AIR ARMS ®
ISO 9001 : 2015 (QMS)
Puthiyara, Kozhikode - 4. Ph: 2725767, Mob: 9447218956, 9387210268
e-mail: enquiry@nationalairarms.com, www.nationalairarms.com
Dealer for all kinds of: AIR GUNS, AIR PISTOLS, ACCESSORIES & SERVICING.


SASTHA
CAR A/C
Fitting / Repair
TOYOTA
A/C
Kottaram Road Jn., Opp. Sky Line
Nadakkavu, Kozhikode
Mob: Shaiju 9847442387, 9061032387



മുഖചിത്രം
എസ്.പി. ബാലസുബ്രഹ്മണ്യം
(സിനിമാ പിന്നണി ഗായകൻ)


**Nakshatra Rajyam**

**TRI Monthly (QUARTERLY) Magazine**

**2020 November, December, 2021 January**

**RNI Title Code: KERMAL 16195 Dt: 22-06-2018**

**Issue 10 - Volume 3**

**Managing Editor, Publisher & Owned by**

**Nakshthrarajyam E. Radhakrishnan**

**Edoli House, Kommeri P.O**

**Kozhikode- 673007, Kerala**

**Address**

**Managing Editior**

**NAKSHATHRA RAJYAM**

**P.B. No.1205**

**Mankavu P.O., Kozhikode - 7**

**Kerala, India**

**Mob: 98 47 64 95 67**

**97 44 23 39 97**

**e-mail: nakshathrarajyam@gmail.com**

**WEB**

**www.nakshathrarajyameradhakrishnan.in**

**LAYOUT**

**Nakshthrarajyam E. Radhakrishnan**

**COVER**

**Sayuj Mayanad**

**Price 10.**


## എഡിറ്റോറിയൽ

## ഇലക്ക്ഷൻ



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

രാജ്യത്തെ ചില സംസ്ഥാനങ്ങളിൽ നിയമ സഭകളും കേരളത്തിൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയും, വരും വർഷങ്ങളിൽ സംസ്ഥാനവും ഭരിക്കുവാനുള്ള മേൽകോയ്മ നേടാനുള്ള അടവുകളും തന്ത്രങ്ങളും മുൻനിർത്തി കൊണ്ട് തെരഞ്ഞെടുപ്പു മത്സരരംഗത്ത് അരയും തലയും മുറുക്കി രാഷ്ടീയപാർട്ടികൾ. മുൻ ഭരണകാലങ്ങളിൽ മികവുകൾ പുലർത്തിയവർ തന്നെയായിരിക്കും ഇലക്ഷൻ രംഗത്ത് സംസ്ഥാനത്തെ അതികായകർ എന്നേറെക്കുറെ ഉറപ്പാണ്. ഏറ്റവും കൂടിയ നിലയിൽ ജനങ്ങൾ സംസ്ഥാനത്ത് സാമ്പത്തിക പരാധീനത നേരിടുന്ന കാലമാണ് നമുക്കു മുന്നിലുള്ളത്. ലോകമാകെ സാമ്പത്തികരംഗം തകർന്നു കുത്തനെ താഴോട്ടിറങ്ങി. ഭാരതത്തിലും സാമ്പത്തികരംഗം നാൾക്കുനാൾ ഇടിഞ്ഞു കൂപ്പുകുത്തി കൊണ്ടിരിക്കുകയാണ്. സമ്പന്നൻമാർക്ക് ജീവിക്കുവാനുള്ള ഒരു മരുപ്പച്ചയായി സാമ്പത്തിക രംഗത്തിനെ ഭരണകൂടം പൊളിച്ചെഴുതുന്ന കാഴ്ചയാണ് ഭാരതത്തിലുടനീളം പൊളിറ്റിക്ക്സിൽ നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. അതിനു കൊടിയുടെ നിറമൊന്നും നോക്കേണ്ടതായ കാര്യമില്ല. ദരിദ്രനാരായണജനങ്ങൾ എല്ലാവർക്കും വോട്ട് ബങ്കുകൾ.

വിശപ്പോ ദാഹമോ ദാരിദ്ര്യമോ ജീവിതത്തിൽ ഒരിക്കൽപോലും അനുവിക്കേണ്ടി വന്നിട്ടില്ലാത്തവർ ഭാരതത്തിലെ 130 കോടി ദരിദ്രനാരായണൻമാർക്കുവേണ്ടി നിയമങ്ങളുണ്ടാക്കുന്ന അതീവ ദയനീയസ്ഥിതിയിലാണിന്ന് പൊതുരാഷ്ടീയരംഗം. ഭരണഘടനപ്രകാരം നിയമനിർമ്മാണ സഭയിൽ അംഗമാവാൻ ഇന്ത്യൻ പൗരനും വയസ്സ് 25 തികഞ്ഞവനും മാത്രം ആയാൽ മതിയെന്നു രാഷ്ട്രീയ പാർട്ടികൾ "അതും മഹാഭൂരിപക്ഷം തൊഴിലാളികളെയും ദരിദ്രജനങ്ങളേയും, ജീവിതസാഹചര്യം തീരെ മോശമായ ആദിവാസികളേയും, പുലയർ മഹാജനങ്ങളേയും പ്രതിനിധാനം ചെയ്യുന്ന പാർട്ടികൾ" തീരുമാനിക്കുന്ന നയവ്യതിയാനങ്ങൾ മൂലം ഭാരതത്തിൽ രാഷ്ട്രയ ഭീകര-തീവ്രവാദ സംഘടനകളുടെ ആവിർഭാവത്തിനും വളർച്ചയ്ക്കും ഒരു പരിധിവരെ വളമായിരിക്കുന്നു.

ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയർന്ന് ഭരിക്കുവാൻ താല്പര്യപ്പെടുന്നവരെ തെരഞ്ഞെടുക്കേണ്ടത് നിയമസഭയിലേക്കായാലും, കോർപ്പറേഷനിലേക്കായാലും, മുൻസിപ്പാലിറ്റിയിലേക്കായാലും, പഞ്ചായത്തുകളിലേക്കായാലും വോട്ടർമാരുടെ കർത്തവ്യമാണ്. 5 വർഷം ജനങ്ങളെ ഭരിക്കുവാനുള്ള അധികാരം സമ്മതിദാനാവകാശത്തിൽകൂടി നിർവ്വഹിക്കുമ്പോൾ ആരാണ് നമ്മുടെ വികസനത്തിനുള്ള ബന്ധുവെന്നു നാം തന്നെ തീരുമാനമെടുക്കണം. നാം വികസിക്കുമ്പോൾ രാജ്യവും വികസിക്കും. രാജ്യവികസനം എന്നത് ജനങ്ങൾക്ക് വിദ്യാഭ്യാസവും തൊഴിലും, സാമ്പത്തികവികസനവും, ആരോഗ്യവും, ആയുസ്സും ഉണ്ടാകുന്നതിൽനിന്നുണ്ടാവേണ്ടതാണ്. അതുകൊണ്ടതന്നെ നമ്മളിൽനിന്ന് സാമ്പത്തികരംഗം വികസിക്കണം. റോഡ് വികസിക്കണം. തൊഴിൽശാലകൾ വികസിക്കണം. റെയിൽ വികസിക്കണം. മറ്റെല്ലാ രംഗങ്ങളും വികസിക്കണം. വികസനത്തിന്റെ പേരിൽ ഭാരതത്തിലായാലും സംസ്ഥാനങ്ങളിലായാലും എല്ലാ പൗരന്മാരുടേയും ജീവിത നിലവാര ഉയർച്ചക്ക് കോട്ടംതട്ടാത്ത തരത്തിൽ പ്രവൃത്തിക്കുന്നവരെ വേണം വോട്ടർമാർ ഭരണയന്ത്രം ഏല്പ്പിക്കുന്നത്. കോവിഡ് മഹാമാരിയും, പ്രകൃതിക്ഷോഭവും വികസനത്തെ പിറകോട്ടടിപ്പിക്കുന്ന 2018, 2019, 2020 വർഷങ്ങളെ അതിജീവിച്ച് ഇനിയൊരു ക്ഷേമരാജ്യത്തിനായി ലക്ഷ്യമിട്ടുള്ള സമ്മതിദാനാവകാശം ജനാധിപത്യ ഭാരതത്തിൽ വോട്ടർമാർ വിനിയോഗിക്കണം. ■

ലേഖനം



വിനോദ്കുമാർ ദാമോദർ

# കോവിഡ് നിയന്ത്രണത്തിൽ ധാരാവി മാതൃകയാകുമ്പോൾ


## കോവിഡ് മുക്തയായി ലക്ഷദ്വീപ് !



നഗരത്തിലെ "മിത്തി" നദി ചേരിയായ ധാരാവിയുടെ അരികിലൂടെ ഒഴുകുന്നു

ധാരാവി എന്നു കേൾക്കുമ്പോൾ പലരും ഞെട്ടലോടെ ശ്രവിച്ചു മാസങ്ങൾ കഴിഞ്ഞപ്പോഴാണ് ജനങ്ങൾക്ക് ഒരു കാര്യം മനസ്സിലായത്. ധാരാവി ഇന്ന് കോവിഡ് 19, നിയന്ത്രണത്തിൽ ഒരു മാതൃകയായി മാറിയിരിയ്ക്കുകയാണെന്ന്. ലോക്ക് ഡൗൺ കാലത്ത് പോലും വർദ്ധിച്ചു വരുന്ന ധാരാവിയെന്ന മുംബ്വയ് മഹാനഗരത്തിലേ ചേരി പ്രദേശം, ഏഷ്യയിലേ തന്നെ ഏറ്റവും വലിയ ചേരി പ്രദേശത്ത് കോവിഡ് 19 പടർന്നു പിടിച്ചപ്പോൾ മുംബ്വയ്യ് നഗരം പകച്ചു നിന്നു. മാസങ്ങൾ ഈ നില തുടർന്നപ്പോൾ ചേരിയിൽ ദിവസവും റിപ്പോർട്ട് ചെയ്ത മരണങ്ങൾ ഇന്ത്യയിലേ തന്നെ പ്രധാന വാർത്തയായി. ഉപകാരപ്രദമായ രീതിയിൽ നല്ല ശൗചാലയങ്ങൾ പോലും ഇവിടങ്ങളിൽ കുറവായിരുന്നു. കുടിവെള്ളം മറ്റൊരു പ്രയാസവസ്തുവായിരുന്നു. മുംബ്വയ്യ് മുനിസിപ്പൽ കോർപ്പറേഷൻ നല്ലൊരു സന്നാഹത്തോടെത്തന്നെ ഇവിടെ ഇറങ്ങി പ്രവർത്തിച്ചു. ആരോഗ്യ പ്രവർത്തകർ തങ്ങളുടെ ജീവൻ പണയം വെച്ച് ചേരികൾ തോറും കയറി ഇറങ്ങിയാണ് ജനങ്ങളുൾക്ക് ബോധവൽക്കരണം, ടെസ്റ്റ് തുടങ്ങിയവ ചെയ്തത്. ധാരാവിയിൽ പിഞ്ചുകുഞ്ഞുങ്ങൾ മരിക്കുന്ന വാർത്ത കേട്ട് മുംബ്വയ്യ് മുനിസിപ്പാലിറ്റി അന്തം വിട്ട് നിൽക്കുകയല്ലാതെ ഒന്നും ചെയ്യുവാൻ പറ്റാത്ത സ്ഥിതിയിലായിരുന്നു. കാരണം അവിടത്തേ ചേരികളിൽ ചെറിയ തോതിൽ പോലും സാമുഹിക അകലം പാലിയ്ക്കാൻ യാതൊരു സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. സാനിറ്റൈസർ, മാസ്ക്ക് തുടങ്ങിയ വിതരണം ചെയ്തെങ്കിലും പലർക്കും അതൊന്നും ഉപയോഗിച്ചാലുള്ള ഗുണം അറിയ്യില്ലായിരുന്നു.

നഗരത്തിലേ ഏറ്റവും പാവപ്പെട്ട ജനങ്ങൾ താമസിക്കുന്ന ഇടങ്ങളിൽ ലോക്ക്ഡൗൺ കാരണം ബുദ്ധിമുട്ടുന്ന കാലത്ത് ഉപദേശങ്ങളും ക്ലാസ്സുകളും അപ്രായോഗികമായി മാറി. നഗരത്തിലേ ഏറ്റവും പ്രാധാന്യമുള്ള നദിയായ മിത്തി ഒഴികിയിരുന്നത് ചേരികളുടെ സമീപത്ത് കൂടെയാണ്. നഗരത്തിലേ വെള്ളപൊക്കം ഉൾപ്പെടെ നിയന്ത്രിയ്ക്കുന്ന നദിയിൽ നിന്നും മാത്രം ഉണ്ടാകുന്ന അണുക്കൾ മതി ധാരാവിയിൽ അസുഖം പകർത്തുവാൻ. അവിടത്തേ താമസക്കാർക്കു വേറെ മാർഗ്ഗവുമില്ലതാനും. എന്നാൽ ആഴ്ചകൾക്കുള്ളിൽ തന്നെ മുനിസിപ്പൽ കോർപ്പറേഷൻ തുടർച്ചയായി ശ്രമിച്ചതിന്റെ ഫലമായി പെട്ടെന്നു ചികിത്സ, ജനങ്ങളേ ബോധവൽക്കരിക്കുക, ആസ്പത്രികളിൽ പ്രവേശിപ്പിയ്ക്കുക, നിയന്ത്രണങ്ങൾ നടപ്പാക്കുക എന്നിവ നടപ്പിലാക്കി മറ്റു ചേരി പ്രദേശങ്ങളേക്കാൾ വളരെ വേഗം അസുഖം നിയന്ത്രിക്കുവാൻ




ഒരു വശത്ത് മഹാനഗരത്തിലെ പടുകൂറ്റൻ കെട്ടിടങ്ങളും മറുവശത്ത് ധാരാവിയും.

ധാരാവിയ്ക്കു കഴിഞ്ഞു. വൻ പണക്കാർ പോലും ആവശ്യസമയത്ത് ചികിൽസ തേടാതിരുന്നപ്പോഴാണ് ഇവിടങ്ങളിൽ മാതൃക പ്രദേശമായി മാറ്റുവാൻ കഴിഞ്ഞത്. ഇന്ന് ലോകത്തിലേ തന്നെ വൻ ചേരി പ്രദേശങ്ങളിൽ ചിലത് നിറഞ്ഞ ഫിലിപ്പൈൻസ് പോലും മുംബ്വയ്യ് മുനിസിപ്പൽ കോർപ്പറേഷൻനോടാവശ്യപ്പെട്ടിരിയ്ക്കുന്നത് ഇവിടങ്ങളിൽ നടപ്പാക്കിയ സമ്പ്രദായത്തിന്റെ മാതൃകയാണ്.

ധാരാവി ഇന്ത്യയിലെത്തന്നെ സാന്ദ്രതയേറിയ ജനതാമസമുള്ള സ്ഥലമായതിനാൽ ഇവിടത്തെ കോവിഡ് നിയന്ത്രണം ലോക രാഷ്ട്രങ്ങൾക്കുതന്നെ ഒരു മാതൃകയായിരിക്കണമെന്നതായിരിക്കും ഫിലിഫെൻസ് ഇത്തരത്തിൽ വിശദവിവരങ്ങൾ ആവശ്യപ്പെടാൻ കാരണം. ഏറ്റവും പുതിയ വിവരം മംബയ്യ് മുൻസിപ്പൽ കമ്മീഷണർ ഇക്ബാൽസിംഗ് പഹാൽ പറഞ്ഞതനുസരിച്ച് ധാരാവിയിലെ മുഴുവൻ കോവിഡ് 19 നിയന്ത്രണ മാതൃക റിപ്പോർട്ടുകളും കോവിഡ് നിയന്ത്രണത്തിനു സ്വീകരിച്ച മാർഗ്ഗങ്ങളും ഫിലിപ്പൈൻസിന് കൈമാറി.

## കോവിഡ് മുക്തയായി ലക്ഷദ്വീപ്!



ടൂറിസ്റ്റുകളെ പൂർണ്ണമായും നിരോധിച്ചതും ഈ അവസരത്തിൽ നേട്ടമായിരിയ്ക്കാം.

**ലോ**കരാഷ്ട്രങ്ങൾ മുഴുവൻ കോവിഡ്-19 ന്റെ ഭീഷണി നിലനിൽക്കുമ്പോൾ ദൂരെ കേരളത്തിന്റെ അടുത്തു സ്ഥതിചെയ്യുന്ന ലക്ഷ്യദ്വീപിൽ ഇതുവരെയുള്ള കാലയളവിൽ ഒരൊറ്റ ആൾക്കും രോഗലക്ഷണങ്ങൾ ഒന്നും തന്നെ കണ്ടിട്ടില്ല.

400 കിലോമീറ്റർ ദൂരത്തുള്ള കേരളത്തിൽ ജൂലൈ മൂന്നാമത്തേ ആഴ്ചയിൽ 9000 പേർക്കു അസുഖം റിപ്പോർട്ട് ചെയ്തപ്പോൾ കടലാണ് തങ്ങളേ രക്ഷിച്ചതെന്നാണ് അവിടത്തേ പാർലമെന്റ് മെംബർ ശ്രീ. മുഹമ്മദ് ഫൈസൽ പറഞ്ഞത്.

കോവിഡ്-19 ലക്ഷദ്വീപ് നോഡൽ ഓഫീസർ സാലി കോമളം തുടർച്ചയായി ഈ കാര്യങ്ങൾ നിരീക്ഷിച്ചു കൊണ്ടിരിയ്ക്കുന്നുണ്ട്.

മാർച്ച് 23ന് ലോക്ക്ഡൗൺ തുടങ്ങിയ ദിവസം മുതൽ കൊച്ചിയിലെത്തി ലക്ഷദ്വീപിലേയ്ക്ക് പോകുന്ന എല്ലാവർക്കും ഏഴുദിവസം അവിടെ കോറന്റീൻ നിർബന്ധം. അതിന് ശേഷം കോവിഡ്-19 ടെസ്റ്റ് നടത്തി ഫലം വന്നു കഴിഞ്ഞാൽ മാത്രമേ പോകുവാൻ അനുവദിയ്ക്കുകയുള്ളു.

ലോക്ക്ഡൗൺ തുടങ്ങിയ അന്ന് തന്നെ ലക്ഷദ്വീപിലേ ഏക എയർസ്ട്രാപ്പായ അഗട്ടി അടച്ചതിനാൽ നേരിട്ടവിടെ എത്താൻ ആർക്കും കഴിയുകയില്ല.



**കടൽ പൂർണ്ണമായും ചുറ്റപ്പെട്ടത് "ലക്ഷദ്വീപി"ന്റെ ഒരു നേട്ടമായി ഈ അവസരത്തിൽ കാണാം.**

എന്നാൽ ലക്ഷദ്വീപുകാർക്ക് കേരളത്തേ ആശ്രയിക്കാതെ കഴിയുകയില്ല. അവിടേയ്ക്കാവശ്യമായ പലസാധനങ്ങളും കേരളത്തിൽ നിന്നുമാണ് കൊണ്ടുപോയി കൊണ്ടിരിയ്ക്കുന്നത്. അധികവും കൊച്ചിയിൽ നിന്നുമാണിവ കയറ്റുന്നത്. അതുകൊണ്ട് തന്നെ അവിടെ വർദ്ധിയ്ക്കുന്ന കോവിഡ് ലക്ഷദ്വീപുകാരെ അസ്വസ്ഥമാക്കുന്നുണ്ട്. ചെറിയ പിഴവ് കോവിഡ് രോഗികളെ ദ്വീപിലെത്തിയ്ക്കാം. ഇന്ത്യയിലെ ഏറ്റവും ചെറിയ കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിലെ ജനസംഖ്യ വെറും 70000 മാത്രമാണ്.

എല്ലായിടത്തും താമസക്കാർ ഇവിടെയില്ലെങ്കിലും ഉള്ളയിടങ്ങളിൽ അടുത്തടുത്ത് താമസിയ്ക്കുന്നുണ്ട്. പ്രകൃതിരമണീയമായ ഈ ദ്വീപിൽ ഇപ്പോൾ ടൂറിസ്റ്റുകളും വരാറില്ല. ഇവിടെ അഡ്മിനിസ്ട്രേറ്റർ ഭരണമാണ്. ഇവരുടെ കീഴിലാണ് മൂന്ന് ക്വാറൈന്റീൻ കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. ലക്ഷദ്വീപിൽ ഇപ്പോൾ ആകെ ജനസംഖ്യ 70000 മാകുമ്പോൾ ഒരു കോവിഡ് രോഗി പോലും അവിടെയെത്തിയാൽ സ്ഥിതി ആകെ മാറുമെന്ന് അവർക്കറിയാം.

കൊച്ചിയിലേ ലക്ഷദ്വീപ് ഭരണകൂടത്തിന്റെ കോറന്റൈയിൻ കേന്ദ്രത്തിലും വളരെ ശ്രദ്ധയൊടെയാണ് കാര്യങ്ങൾ നീങ്ങുന്നത്. എന്നാൽ ലക്ഷദ്വീപിൽ വേറെ അസുഖങ്ങൾ മൂലം നാട്ടിൽ പോകേണ്ടവർക്ക് എയർപോർട്ടും മറ്റും തുറന്നു കൊടുക്കുവാനും അവർ ശ്രദ്ധിച്ചു.

കരയിൽ നിന്നും വളരെ വിട്ടുനിൽക്കുന്ന അന്തമാൻ നിക്കോബാർ ദ്വീപുസമൂഹത്തിന് ഈ രക്ഷകിട്ടിയ്യിട്ടില്ല. സാധാരണ ജീവിതത്തിൽ നിന്നും വളരെ വിട്ടു നിൽക്കുന്ന അവിടത്തേ നാലു ആദിവാസി വിഭാഗം ഈ രോഗത്തിന് അടിമപ്പെടുമോയെന്നതാണ് നിക്കോബാർ ഭരണകൂടം ആലോചിച്ചുക്കൊണ്ടിരിയ്ക്കുന്നത്. ഇപ്പോൾ തന്നെ നഗരപ്രദേശങ്ങളിൽ 176 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു കൊണ്ടിരിയ്ക്കുമ്പോൾ കാടൻ ജീവിതം നയിക്കുന്ന ആദിവാസികളിലേയ്ക്ക് അസുഖം പടരാൻ സാധ്യതയേറെ. ■

# അനുഷ ഇ.

കാലിക്കറ്റ് യൂണിവേഴ്സിറ്റി 2019-20 Bsc Zoology 9th റാങ്ക്

കരസ്ഥമാക്കിയ അനുഷ ഇ.

ഒരുമ റസിഡൻസ് അസോസിയേഷൻ കൊമ്മേരി

എടോളി ഉഷാനന്ദന്റേയും ടി.പി. ബിന്ദുവിന്റേയും മകളാണ് അനുഷ ഇ.




കഥ



യു.എ. ഖാദർ

# ഗ്വാളിയോർ



**കു**തിരയുടെ കുളമ്പടികൾ കേട്ടു തുടങ്ങിയതോടെ അദ്ദേഹം കൂടുതൽ ചഞ്ചലനും ചപലചിത്തനുമായിത്തീർന്നിട്ടുണ്ട്. വേവലാതിയോടെ, ധൃതിയിൽ അരമനയുടെ മട്ടുപ്പാവിലേക്ക് അദ്ദേഹം കയറിച്ചെന്നു. ചുറ്റുമുള്ള ദൃശ്യങ്ങൾ കാണാം. തലസ്ഥാനനഗരി- കൊട്ടാരങ്ങളും കോട്ടകൊത്തളങ്ങളും സൈന്യസങ്കേതങ്ങളും, അഗ്രശാലകളും നാടകമന്ദിരങ്ങളും, വസന്തമണ്ഡപവും, രാജവീഥികളും പ്രൗഢിയോടെ നിലകൊള്ളുന്ന ഗ്വാളിയോറിന്റെ തലസ്ഥാനനഗരി സുഭദ്രമാണ്. ഇപ്പോൾ ഇനിയോ? ഉൽകണ്ഠാഭരിതനായി അദ്ദേഹം പുറത്തേക്ക് കണ്ണോടിച്ചു. എവിടെ, ആ അശ്വാരൂഢൻ എവിടെ?

ഗ്വാളിയോറിന്റെ ഇനിയുള്ള നാഡിമിടിപ്പുകൾ നിർണയിച്ചെത്തുന്ന അശ്വാരൂഢൻ, ചെങ്കോലിന് ഇനി അയുസുണ്ടോ? അടുത്ത നിമിഷത്തെ എങ്ങനെയാണാഭിമുഖീകരിക്കേണ്ടത്? എന്താവാം ആ സന്ദേശം.. എങ്ങനെയാവാം ദൗത്യത്തിന്റെ കലാശം?

അങ്ങകലെ, ആ മലയുടെ താഴ്‌വാരത്തിൽ പൊടിപടലങ്ങളുയരുന്നുണ്ട്. രാജവീഥി മലയുടെ തിരിവിൽ, ചെന്നുമുട്ടി നിൽക്കുന്നിടമാണ് നഗരത്തിന്റെ അതിർത്തി. അവൻ അതിർത്തിയിൽ കടന്നുകാണണം. ദിക്പാലകൻ പച്ചക്കൊടി വീശുകയാണ്. ആ കൊടിയുടെ ചലനങ്ങൾ ശ്രദ്ധിച്ചു. അതെ; വായുവേഗത്തിൽ പഞ്ഞടുക്കുന്ന ആ കുതിര റാണതന്നെ. അതിന്റെ കടിഞ്ഞാൺ കരൻസിങ്ങിന്റെ കൈകളിലാണ്... ചക്രവാളച്ചെരിവിൽ പ്രത്യക്ഷപ്പെട്ട ആ കറുത്തപുള്ളി എത്ര പൊടുന്നനവേയാണ് രൂപം മാറി അശ്വാരൂഢനായത്. ഇപ്പോൾ വ്യക്തമായും കാണാം. സ്വന്തം പടക്കുതിര തന്നെ. കടിഞ്ഞാൺ നിയന്ത്രിക്കുന്നത് സേനാധിപൻ കരൻസിങ്. അദ്ദേഹം ഓർത്തു. ആ പടക്കുതിരയുടെ മാത്രം കടിഞ്ഞാണോ കരൻസിങ്ങിന്റെ കൈയിലുള്ളത്? അല്ല: ഗ്വാളിയോറിന്റെ മുഴുവനുമുണ്ട്. രാജ്യത്തിന്റെ ഭാവി, സിംഹാസനത്തിന്റെ ഗതി, പൂർവ്വികന്മാർ വാണരുളിയ ചെങ്കോലിന്റെ അധികാരം എല്ലാം നിർണയിച്ചും തീരുമാനമുറപ്പിച്ചുമാവാം കരൻസിങ്ങ് വരുന്നത്. യാത്ര മംഗളപൂർണവും ദൗത്യം വിജയകരവുമായി കലാശിക്കണമേ... അദ്ദേഹം മനസ്സാ പ്രാർത്ഥിക്കുകയായിരുന്നു.

കമ്പനിയുടെ തലവൻ സർ ഹ്യൂറോസിന്റെ സവിധത്തിലേക്ക് കരൻസിങ്ങിനെ പറഞ്ഞയക്കുമ്പോൾ ഹൃദയം പതറിയിരുന്നു. എങ്ങനെയായിരിക്കും ദൂതനോട് ആ വെള്ളക്കാരൻ പെരുമാറുക? എന്താവാം ആ മേധാവിയുടെ ചിത്തത്തിലന്നേരം ഉദിക്കുക? എവ്വിധമാണ് ഈ ദൗത്യത്തെ നേരിടുക? കമ്പനിയുടെ ഇച്ഛാനിച്ഛകളിലാണ് രാജ്യത്തിന്റെ ഭാവി കിടന്നാടുന്നത്. സാമന്തരാജാക്കന്മാർ മിക്കപേരും അവരുടെ ചൊൽപ്പടിയിലായിക്കഴിഞ്ഞു. എതിർത്തവരെ നാമാവശേഷമാക്കിത്തീർക്കാൻപോലും അവർക്കു കഴിയുന്നു. വിദേശിയനായ ആ മനുഷ്യന്റെ ആജ്ഞകൾക്കും ഇംഗിതങ്ങൾക്കും രാജ്യത്തിന്റെ ഭാഗധേയം വിട്ടുകൊടുക്കുകയോ? മനസിൽ നിന്നുമുയർന്ന രാജ്യതന്ത്രത്തിന്റേതല്ലാത്ത ആ ചോദ്യത്തെ അവഗണിച്ചാണ് ദൗത്യരേഖയിൽ ഒപ്പിട്ടത്. മുദ്രമോതിരം ചാർത്തിയത്. ആവേശത്തിൽനിന്നുയിർപൂണ്ട ആ ദുശ്ശങ്കകൾക്ക് വശംവദനായാൽ കമ്പനിക്കാരുടെ വിരോധത്തിനു പാത്രമായാൽ എല്ലാം നശിക്കുകയേയുള്ളൂ. എല്ലാം... പരമ്പരകളിലൂടെ പൂർവ്വികന്മാർ നേടി

വെച്ച എല്ലാം.

വാഴാനും വെട്ടിപ്പിടിക്കാനും വന്നവരാണ് ആ വെളുത്ത മനുഷ്യർ. അവരെ പ്രീണിപ്പിച്ചാൽ നയത്തിൽ നാടുവാഴാം. ചെങ്കോലേന്തി ഇനിയും കുറേക്കാലം രാജാവായി ജീവിക്കാം. അതല്ലേ ഭംഗി! അതുതന്നയല്ലേ രാജ്യതന്ത്രം...! വളരെ ചിന്തിച്ച ശേഷം അദ്ദേഹം ആ തീരുമാനത്തിലെത്തി. സന്ധിയാവുക, കീഴടങ്ങുക.. ആരുടേയും അഹിതം വകവെക്കാതെ കമ്പനിയുടെ പക്ഷം ചേരുക. റാണി ലക്ഷ്മിഭായ്ക്ക് അത് ഇഷ്ടപ്പെടുകയില്ലായിരിക്കാം. ത്സാൻസിയിലോരിടത്ത് അടങ്ങിയിരിക്കാതെ കമ്പനിക്കാരുമായി കയർക്കാൻ പോയിട്ട് അവരുടെ ഗതി ഇന്നെന്തായി? പേർഷ്വയുടെ ഗതി എന്തായി... ഇപ്പോൾ സൈന്യശേഖരണത്തിനെന്നപേരിൽ അവരെല്ലാം അലയുകയാണ്. ഗതികിട്ടാത്ത അലച്ചിലുകൾ.. അദ്ദേഹം സ്വന്തം കൈപ്പടയിൽത്തന്നെ തീട്ടുരമെഴുതി.

കമ്പനിയുമായി സഹവർത്തിത്വത്തിൽ കഴിയാൻ ഗ്വാളിയാർ ആഗ്രഹിക്കുന്നു. കമ്പനിയുടെ നിർദ്ദേശങ്ങളും ആജ്ഞകളും അനുസരിക്കാം. കമ്പനി കൽപ്പിക്കുന്ന ചുങ്കം നൽകാം. സൈന്യസങ്കേതങ്ങളും പാണ്ടികശാലകളും ഗ്വാളിയോറിലെവിടെ വേണമെങ്കിലും പണിയാം. മൈത്രിയാണ് ഗ്വാളിയോറിന്റെ മുദ്രാവാക്യം. ഉടമ്പടികളെല്ലാം എഴുതിക്കഴിഞ്ഞശേഷം അദ്ദേഹമതിൽ കൈയൊപ്പ് ചാർത്തി. അദ്ദേഹം പതുക്കെ പറഞ്ഞു. പൂർവ്വികന്മാർ നേടിത്തന്നെ ഈ അധികാരം ഏതു വിധേനയും നിലനിർത്തണം. ഏതറ്റംവരെയും കീഴടങ്ങാം.

സേനാപതി കരൻസിങ്ങിന്റെ കൈയിലാണ് സന്ദേശമേൽപ്പിച്ചത്. കരൻസിങ്ങ് മടിച്ചുനിന്നു. സൈന്യം ഏതു വെള്ളക്കാരനെയും തോൽപ്പിക്കാൻ തക്ക കരുത്തുള്ളതാണെന്നും, അത് ഒരാജ്ഞക്കുവേണ്ടി ഉറച്ചുനിൽക്കയാണെന്നും, റാവു സാഹിബ് പേഷ്വയുടെ സൈന്യങ്ങളും, ലക്ഷ്മീഭായിയുടെ ചിന്നിച്ചിതറിപ്പോയ സൈന്യങ്ങളും, ഗ്വാളിയോറിലെ ഭടന്മാരും ഒന്നിച്ചാൽ, ഒന്നിച്ചുനിന്നെതിരിട്ടാൽ ഉത്തരേന്ത്യയിൽ നിന്നും കമ്പനിക്കാരെ ആട്ടിപ്പായിക്കാമെന്നും, റാവുസാഹിബ് പേഷ്വ ഗ്വാളിയോറിൽ വന്നത് ഈ ഉദ്യേശം വെച്ചാണെന്നും, കമ്പനിയധികാരികളെ വിശ്വസിക്കരുതെന്നും ഗ്വാളിയോർ അടിമത്തം ഇഷ്ടപ്പെടുകയില്ലെന്നും, ചെറുപ്പക്കാരനായ ആ സേനാധിപതി വാചകമടിച്ചത് അൽപ്പനേരം കേട്ടുനിന്നു. കരൻസിങ്ങിന്റെ ആവേശം തണുത്തപ്പോൾ പറയുകയുണ്ടായി.

"കമ്പനിക്കാരുമായി കയർക്കുകയല്ല നമ്മുടെ ഉദ്ദേശ്യം"

"തിരുമേനി"

"കരൻസിങ്ങ്, കയർത്തവരുടെ കഥ കരൻസിങ്ങിന്നറിയില്ലേ.. നാടും നഗരവും നശിപ്പിച്ച് നമ്മുടെ അരമനയിൽ ശരണം പ്രാപിച്ച പേഷ്വയെ കരൻസിങ് കണ്ടതല്ലേ?"

"നശിപ്പിച്ചതല്ല തിരുമേനി രാജ്യ..."

"കരൻ..." അദ്ദേഹം ഇടയിൽ കയറി പറഞ്ഞു: "സൈന്യശേഖരണത്തിനെന്നപേരും പറഞ്ഞ് രാജ്യത്തിലുടനീളം അലയുന്നു. കരൻ, കലാപി യുദ്ധത്തിന്റെ ഭയാനകത മറന്നുകൊള്ളാനും, മനഃശാന്തി ലഭിക്കാനും ആ മനുഷ്യന് ആവുന്നത്ര മദ്യം കൊടുത്തുകൊള്ളാൻ നാം ഏർപ്പാട് ചെയ്തിട്ടുണ്ട്..." അദ്ദേഹം ചിരിച്ചു.

"ലക്ഷ്മീഭായി ഇതറിഞ്ഞാൽ"കരൻസിങ് പരിതപിച്ചു.

"അറിഞ്ഞാലെന്ത്? അവരൊരുത്തികൂടിയാണ് ഈ നില വരുത്തിയത്. ത്സൻസിയിലൊരിടത്ത് അടങ്ങിയിരിക്കാതെ എല്ലാം നശിപ്പിച്ച് ഇപ്പോൾ അവരും അലയുകയാണത്രേ ചിന്നിച്ചിതറിയ സൈന്യങ്ങളെ ഏകീകരിക്കാൻ"

"മഹാരാജ. എല്ലാവരും കൂടി ഒത്തൊരുമിച്ചാൽ കമ്പനിയെ പുല്ലുപോലെ നശിപ്പിക്കാം. നമ്മുടെ സൈന്യങ്ങൾ ആ ഒരാജ്ഞയ്ക്കു കാത്തിരിക്കുകയാണ്. അടിമത്തമല്ല തിരുമേനി അവരഭിലഷിക്കുന്നത്. സ്വാതന്ത്ര്യമാണ്. അതിനായുള്ള പോരാട്ടമാണ്."

"ഭേഷ് കരൻസിങ്... ഒരു സേനാപതിക്കുള്ള എല്ലാ യോഗ്യതകളും ചെറുപ്പക്കാരനായ നിങ്ങൾക്കുണ്ട്. ഒന്നുമാത്രമില്ല. ഏറ്റവും പ്രാധാനപ്പെട്ട ആ ഒന്ന് രാജ്യതന്ത്രമാണ്. ഒന്നിച്ചണിനിരക്കുന്ന കാര്യം കരൻസിങ് സംസാരിക്കുന്നു. ആരുമായിട്ടാണ് ഒന്നിക്കേണ്ടത്. പേഷ്വയുമായിട്ടാണോ. റാണിലക്ഷ്മിഭായിയുമായിട്ടാണോ? മൃഗരാജാവിന് മുമ്പിൽ ഓരിക്കുറുക്കന്മാർ ഒന്നിക്കാറുണ്ട്. യുദ്ധം ചെയ്യാനല്ല; ഉച്ഛിഷ്ടം ഭുജിക്കാനാണ്. കരൻസിങ് കമ്പനിയുടെ രമ്യതയിൽ കഴിയാൻ നാം ആഗ്രഹിക്കുന്നു"

. "തിരുമേനി ഇത് അടിമത്തമാണ്."

"കരൻ, ആവേശമല്ല അനുസരണമാണ് നാം പ്രതീക്ഷിക്കുന്നത്. ഉം. ഹ്യൂറോസിന് ഈ തിട്ടൂരം നൽകുക. കമ്പനിയധികാരിയുടെ ഇംഗിതമറിയാൻ നാം ആഗ്രഹിക്കുന്നതായറിയിക്കുക"

കരൻസിങ് പ്രതാപറാണയുടെ പുറത്ത് കയറി കുതിച്ചു. നഗരത്തിന്റെ അതിർത്തി കടക്കുന്നതുവരേയും, അതിർത്തിയിലെ കാവൽക്കാരൻ ശുഭസൂചകമായ കുഴൽ വിളിക്കുന്നതുവരേയും ആ രംഗം നോക്കി മട്ടുപ്പാവിൽ നിന്നു. പോയിട്ട് ഈ സമയമത്രേയും സമാധാനമില്ലായിരുന്നു. എന്തായിട്ടാവാം ഈ ദൗത്യം കലാശിക്കുക? കരൻസിങ് കുതിരപ്പുറത്ത് സാവധാനം കൊട്ടാരത്തിന്റെ കവാടം കടന്നകത്തേക്കു പ്രവേശിക്കുന്നത് അദ്ദേഹം നോക്കിനിന്നു. പാറാവുകൻ കരൻസിങിന് വഴിയൊരുക്കുന്നത് കാൺകെ അദ്ദേഹം പതുക്കെ പടവുകളിറങ്ങി. അരമനയുടെ വിചാരമണ്ഡപത്തിലേക്കു ചെന്നു. കരൻസിങ് അവിടെ വരും. കാര്യങ്ങൾ ഉണർത്തിക്കും.

കടുത്ത പരീക്ഷണം. കമ്പനിയുമായി രമ്യതയിൽ കഴിയാൻ ഇത്രയും കനത്ത ഒരു പ്രതിഫലം ആവശ്യപ്പെടുന്നത് കരുതിയതല്ല. സർ ഹ്യൂറോസിനു അൽപ്പം പോലും വിട്ടുവീഴ്ചയില്ല എന്നാണ് കരൻസിങ് പറയുന്നത്. കമ്പനിയധികാരി ആവശ്യപ്പെടുന്നതെന്തോ അത് നിർവഹിക്കുക... അദ്ദേഹം ആലോചനമഗ്നനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു. കരൻസിങ് അവിടെത്തന്നെ നിൽപ്പുണ്ട്. ആ സേനാധിപതിയുടെ മുഖം ചുകന്ന് തുടുത്തിരിക്കുന്നു. അയാളുടെ വദനത്തിൽ നാനാവികാരങ്ങൾ സ്ഫുരിക്കുന്നുണ്ട്. കരൻസിങ് എന്തോ പറയാനാഞ്ഞു.

"ഉം. എന്താണ് കരൻ?"

"തിരുമേനി നമ്മുടെ സൈന്യങ്ങൾ സംസംഘടിതരും സുശിക്ഷിതരുമാണ്."

"നല്ലത്"

"അവർ അങ്ങയുടെ ഏതാ

ജ്ഞയും ശിരസ്സാവഹിക്കാൻ കാത്തുനിൽക്കുന്നു."

"സേനാപതിയെ ഇക്കാര്യത്തിൽ നാം അഭിനന്ദിക്കുന്നു."

. "അടിമത്തം അവരഭിലഷിക്കുന്നില്ല"

"കരൻ നാടുകൾ തമ്മിൽ, ശക്തികൾ തമ്മിൽ രമ്യതയിൽ വർത്തിക്കുന്നതിനെ അടിമത്തമായാണോ നിരൂപിക്കുന്നത്?"

"അല്ല തിരുമേനി വിദേശീയന്റെ കമ്പനി ഈ നാട്ടിന്റെ അധികാരം"

"നിർത്തൂ ഇപ്പോൾ ആ വക കാര്യങ്ങളല്ല നമ്മുടെ ചിന്താവിഷയം. സർ ഹ്യൂറോസ് അത്രയ്ക്കു നിർബന്ധബുദ്ധിയാണോ. ഞാൻ തന്നെ അതു ചെയ്യണമോ?"

"വേണം തിരമേനി"

"എങ്കിൽ മാത്രമേ..."

"അങ്ങയുടെ ദൗത്യം സ്വീകരിക്കു. അങ്ങയച്ച തീട്ടുരം ശ്രദ്ധിക്കുന്നതുപോലും അപ്പോളായിക്കുമത്രെ" കരൻസിങ് നിശ്ശബ്ദനായി അയാൾ മഹാരാജാവിന്റെ ചലനങ്ങളെ ശ്രദ്ധിക്കുകയാണ്. മഹാരാജാവിനെന്തുപറ്റി? അധികാരം നില നിർത്താൻ വേണ്ടി, സിംഹാസനം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി വെള്ളക്കാരന്റെ പ്രീതി സമ്പാദിക്കാൻ ആശിക്കുന്നു. അവന്റെ ഭാഗം ചേരുന്നു. കമ്പനിയുടെ വ്യവസ്ഥകൾ അംഗീകരിക്കാൻ തയ്യാറാകുന്നു. അടിമത്തം സ്വീകരിക്കാൻ സ്വന്തം തല കുനിച്ചു കാണിക്കുക... അരമനയുടെ കമാനങ്ങൾക്കപ്പുറത്തു പ്രൗഢിയിൽ നിലകൊള്ളുന്ന കൊട്ടാരങ്ങളും രാജവീഥികളും കരൻസിങ് കണ്ടു. അവിടെയെല്ലാം വാഴ്ച നടത്താൻ കടൽതാണ്ടിവന്ന കമ്പനിക്കാരനെ ക്ഷണിച്ചുവരുത്തുന്നു. കമ്പനിയുടെ സൈന്യങ്ങൾ, വെള്ളമേധാവിയുടെ അധികാരപ്രമത്തതകൾ, അവരുടെ ധിക്കാരം നിറഞ്ഞ പെരുമാറ്റങ്ങൾ.. കരൻസിങിന്റെ മനസ്സിൽ ഭാവിയുടെ ആ ചിത്രം തെളിഞ്ഞു വരികയാണ്. കമ്പനിയുടെ ആധിപത്യത്തിൽ അമരുന്ന ഗ്വാളിയോർ. അവിടെ ഒരു പാവയെപ്പോലെ ചലിക്കുകയും സിംഹാസനത്തിലിരിക്കുകയും ചെയ്യുന്ന രാജാവ്... ഏതു നിമിഷവും ആ പാവത്തിനെ കാലുകൊണ്ട് തട്ടിത്തെറിപ്പിക്കാൻ കമ്പനിയ്ക്ക് കഴിയും. അങ്ങനെ ഒരു രാജ്യം കൂടി എന്നന്നേക്കും അടിമത്തത്തിലേക്കാഴുക. ഗ്വാളിയോറിനു തീപ്പിടിച്ചിരിക്കുന്നതായും,



അവിടെ സകലതും കത്തി നശിക്കുന്നതായും അതോടൊപ്പം സ്വാതന്ത്ര്യദേവത കൈയും കാലും ചങ്ങലയിൽ കെട്ടപ്പെട്ട നിലയിൽ വെന്തുമരിക്കുന്നതായും കാണുന്നു. എന്തുചെയ്യാം; രാജ്യത്തിന്റെ ഭാഗധേയം നിർണയിക്കുന്ന നൃപൻ അതാണ് കാംക്ഷിക്കുന്നതെങ്കിൽ- ലക്ഷ്മീഭായി ഇതറിഞ്ഞെങ്കിൽ, ഉത്തരേന്ത്യയിലേ നാട്ടുരാജക്കന്മാരെയെല്ലാം സമീപിച്ച് സൈന്യശേഖരണം നടത്തി, എല്ലാവരേയും ഒരേ ചരടിൽ കോർത്തിണക്കി, കമ്പനിക്കെതിരായി ഒന്നിച്ചൊരു സമരമുന്നണി നയിക്കാൻ പരിപാടിയിട്ട് പ്രവർത്തിക്കുന്ന ത്സാൻസിയിലെ മഹാറാണി ഇതറിഞ്ഞെങ്കിൽ.. കരൻസിങ് പതറി. .. സർ ഹ്യൂറോസിന്റെ ലക്ഷ്യം തന്നെ ആ മഹാറാണിയല്ലെ? കമ്പനിയുടെ കാണപ്പെട്ട ശത്രു ആ മഹാറാണിയാണ്. അവരെ ഉന്മൂലനം ചെയ്യുക അതാണ് കമ്പനിയുടെ ഉന്നം....

"ഞാൻ തന്നെ.. അതു ചെയ്യണമെന്നുണ്ടോ കരൻ?"

"വേണം തിരുമേനി. എന്നാൽ മാത്രമേ ദൗത്യം വിജയിക്കു. റാണി ലക്ഷ്മിഭായിയെ ബന്ധിച്ച് അങ്ങ് സർ ഹ്യൂറോസിന്റെ മുമ്പിൽ ഹാജരാക്കണമെന്ന്. എന്നാൽ മാത്രമേ ഗ്വാളിയോറിനെ കമ്പനി വിശ്വസ്തമിത്രമായി പരിഗണിക്കൂ."

"ദേവി..." മഹാരാജാവ് കണ്ണുകളടച്ചു.

"പേഷ്വയെ ഈയുള്ളവൻ ബന്ധിച്ച് ഹാജരാക്കിയാലും മതി."

"രണ്ടും വേണം ഇല്ലേ?"

"അതെ.. രണ്ടും ചെയ്യേണ്ടിയിരുന്നു. തിരുമേനി"

പെട്ടെന്ന് ഒരു കാവൽക്കാരൻ മഹാരാജാവിന്റെ മുമ്പിൽ വന്നു വണങ്ങി നിന്നു.

. "ഉം എന്താണ്?

" മഹാറാണി ലക്ഷ്മീഭായിയും പരിവാരങ്ങളും എഴുന്നെള്ളുന്നു."

. "എന്ത്?

പരിവാരങ്ങളൊട്ടേറെയുണ്ടോ?" കരൻസിങ് ചോദിച്ചു.

"നൂറുപേരെയുള്ളു."

"അവരെ അഗ്രശാലയിലിരുത്തുക" മഹാരാജാവു കൽപ്പിച്ചു "കരൻ ആരെയും കോട്ടക്കകത്ത് പ്രവേശിപ്പിക്കരുത്. അവരെ അവിടെയിരുത്തുക. റാണിയും തോഴിയും മാത്രം അകത്തോട്ടു വന്നാൽ മതി. നിനക്ക് പോകാം."

ഭടൻ അവിടെ നിന്നും പോയപ്പോൾ രാജാവ് പറഞ്ഞു. "കരൻ ദേവീ കടക്ഷമുണ്ടായിട്ട് എല്ലാം മംഗളമായി നടക്കുമെന്നുതോന്നുന്നു. കാര്യങ്ങൾ വിചാരിച്ചതിലും വേഗത്തിൽ സാധിക്കാൻ പോവുന്നു. കരൻസിങ് പേഷ്വയെ ബന്ധിക്കുക. ആരേയും അറിയിക്കാതെ സർഹ്യൂറോസിനു മുമ്പിലെത്തിക്കുക. റാണിയെ ഞാൻ ബന്ധിക്കാം. വരട്ടെ, ഒറ്റയടിക്കു ആ രണ്ടാനകളും നമ്മുടെ കുഴിയിൽ വീഴാൻ പോകുന്നു. കരൻ, എല്ലാം ഭദ്രമായിരിക്കട്ടെ. അവരുടെ ആളുകളെ ആരെയും കോട്ടക്കകത്ത് പ്രവേശിപ്പിക്കരുത്.

"ഉം" കരൻസിങ് മൂളി

"കരൻസിങിന് പോകാം. റാണി ലക്ഷ്മീഭായി വരട്ടെ"

കരൻസിങ് അവിടെനിന്നും പോയ ഉടനെ റാണി ലക്ഷ്മിഭായിയും തോഴി മന്ദിരയും അകത്ത് പ്രവേശിച്ചു. തോഴി മന്ദിര പറഞ്ഞു. "മഹാരാജാവ് ദീർഘായുസ്സായിരിക്കുക. റാണി ലക്ഷ്മീഭായി അങ്ങേയ്ക്ക് മംഗളം നേരുന്നു."

റാണിലക്ഷ്മീഭായിയും തോഴിയും ഇരുന്നു. മഹാരാജാവ് റാണി ലക്ഷ്മിഭായിയെ നേരാവണ്ണം ഒന്നുനോക്കി. എന്താണാവോ തോഴിയുടെ കൈയിൽ ഒരു വലിയ പൊതി? തീർഥയാത്രക്കാർക്ക് വലിയ ഭാണ്ഡങ്ങൾ ഒരുവേള ആവശ്യമായിരിക്കാം. മഹാരാജാവ് ചോദിച്ചു. "എന്താണാവോ ഈ യാത്രകൊണ്ടും ഉദ്ദേശിക്കുന്നത്"

ലക്ഷ്മിഭായി തന്റെ യാത്രയുടെ

ശേഷം 16-ാം പേജിൽ)

വിചാരധാര



പി.ആർ നാഥൻ

# മറൈപൊരുൾ



രഹസ്യങ്ങളെ എത്രയൊക്കെ പരസ്യപ്പെടുത്തിയാലും സൂക്ഷ്മമായ ഒരു അംശം ഒളിഞ്ഞു കിടക്കും. പ്രപഞ്ചത്തിൽ ഒരു ശക്തിയ്ക്കും ആ രഹസ്യത്തെ പരസ്യപ്പെടുത്താൻ കഴിയില്ല. ഏതു കർമ്മത്തിന്റെ പിറകിലും സൂക്ഷ്മമായ ഒരു അംശമുണ്ട് രചനയുടെ പിറകിൽ അത് ഒളിച്ചിരിക്കുന്നു. സൂക്ഷ്മം എന്നത് സ്ഥൂലത്തെ അപേക്ഷിച്ച് എത്രയോ ഗോപ്യമാണ്. രസം എന്നത് സൂക്ഷ്മത്തിലും സൂക്ഷ്മമാണ്. ഇങ്ങനെ ഒളിഞ്ഞിരിക്കുന്ന വിജ്ഞാനത്തെ മറൈപൊരുൾ എന്നാണ് പറയുക. പുറത്തെക്കെടുക്കാൻ എത്ര ശ്രമിച്ചാലും അത് ഒളിച്ചിരിക്കും ജലത്തിൽ ഉപ്പിന്റെയോ പഞ്ചസാരയുടേയുമൊക്ക അംശങ്ങൾ ഒളിഞ്ഞിരിക്കും മാതിരി എന്നു പറഞ്ഞാലും ശരിയാവുകയില്ല. വായുവിന്റെ അകത്തെ സുഷിരങ്ങളിൽ ഗന്ധം ഒളിച്ചിരിക്കും മാതിരി എന്നു പറഞ്ഞാലും വാസ്തവം അതിന്റേയും അപ്പുറത്താണ്. എല്ലാ ഔഷധങ്ങളുടെയും സൂക്ഷ്മത്തിലുള്ള അംശം തെളിയിക്കാൻ പറ്റാത്തതാണ്. കുറുന്തോട്ടിയാണ് രോഗം മാറ്റുന്നത് എന്നറിയാം പക്ഷെ, കുറുന്തോട്ടി എങ്ങനെയാണത് മാറ്റിയെടുക്കുന്നത് എന്ന് പറയാൻ കഴിയുകയില്ല. അനുഭവത്തിലൂടെ വിശ്വസിക്കുക എന്നുതന്നെയാണ് അതിന്റെ പ്രമാണം.

മൂകാംബിക ക്ഷേത്രത്തിൽ ചെന്ന് അൻപതോളം വർഷങ്ങൾക്കു മുമ്പ് കഷായതീർത്ഥം ആദ്യമായി കുടിച്ച സംഭവം ഓർമ്മ വരികയാണ്. തുടർന്ന് ഇരുന്നൂറോളം തവണ അത് ആവർത്തിച്ചിട്ടുണ്ടാകും. ശമ്പളക്കാരനായ ഒരു വ്യക്തി തന്റെ ജോലിയുടെ ഭാഗമായി ഒരു പാത്രത്തിൽ കലക്കിയുണ്ടാക്കുന്ന ഈ തീർത്ഥത്തിന്റെ ചേരുവകളിൽ രഹസ്യങ്ങളൊന്നുമില്ല. എന്നാൽ ഈ തീർത്ഥം കഴിച്ചവർക്ക് എങ്ങനെയാണ് അത്ഭുതകരമായ അനുഭവങ്ങൾ ഉണ്ടാകുന്നത് എന്ന് സ്ഥൂലമായ ഭാഷയിൽ വിവരിക്കാൻ കഴിയുകയില്ല. തീർത്ഥം കഴിച്ചശേഷം എനിക്ക് അങ്ങനെയൊരു അനുഭവമുണ്ടായി എന്നു മാത്രമേ പറയാൻ കഴിയുകയുള്ളു. ഹോമിയോ ഗുളികയിൽ മരുന്നിന്റെ എത്രയോ സൂക്ഷ്മമായ ഒരു അംശമാണുള്ളത്. വർഷങ്ങളോളം മറ്റൊരു ഗുളിക കഴിച്ചിട്ടും മാറാത്ത രോഗത്തെ ഇവർ എങ്ങനെ മാറ്റിയെടുക്കുന്നു എന്ന കാര്യം ഈ ചികിത്സ രീതി കണ്ടുപിടിച്ച വ്യക്തിക്കും അറിയാനിടയില്ല.

നമുക്ക് അറിയാൻ കഴിയാത്ത മണ്ഡലങ്ങളിലാണ് രാസനുഭൂതികൾ സംഭവിക്കുന്നത്. ചിലരെ കണ്ടാൽ സന്തോഷവും സ്നേഹവും തോന്നുന്നു. വേറെ ചിലരെ കണ്ടാൽ കാരണമില്ലാതെ വെറുപ്പും വിദ്വേഷവും തോന്നുന്നു. രക്തത്തിലുണ്ടാകുന്ന രാസപ്രവർത്തനങ്ങളാണ് ഇതിനു കാരണം എന്നൊക്കെ വിസ്തരിക്കുന്നത് വിഢിത്തമാണ്. ഇതുകൊണ്ടാണ് സിദ്ധന്മാരായ ചില വ്യക്തികൾ ഇങ്ങനെ പറഞ്ഞത്. "നിങ്ങൾ അത് അനുഷ്ഠിക്കുക. എങ്ങനെയാണ് ഫലമുണ്ടാകുന്നത് എന്നോർത്ത് സമയം കളയേണ്ട കാര്യമില്ല." ഇന്നലെ ഞാൻ ഭക്ഷിച്ച കയ്പ്പക്ക, വെണ്ടക്ക, പയർ, അരി തുടങ്ങിയ ആഹാരങ്ങളാണ് എന്റെ ഇന്നത്തെ ശക്തിവിശേഷം. ഈ വസ്തുകളെല്ലാം ചേർന്നുണ്ടായ ശക്തികൾ എങ്ങനെയാണ് ഇങ്ങനെയൊരു ലേഖനം എഴുതിയത് എന്ന് ചിന്തിക്കുന്നത് വൃഥാവിലാണ്. സിദ്ധവൈദ്യന്മാർ ചിലകാര്യങ്ങൾ അനുഷ്ഠിക്കാനായി പറയും കേൾക്കു

മ്പോൾ വിഡ്ഢിത്തമാണെന്നാണ് തുടക്കത്തിൽ തോന്നുക. നമ്മുടെ വിദ്യഭ്യാസം മനസ്സിൽ ചില സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. അവയുമായി ചേർന്നുപോകാത്ത കാര്യങ്ങളെ മനസ്സ് സ്വീകരിക്കുകയില്ല. അതുകൊണ്ടാണ് ഒട്ടും പഠിക്കാത്തവർ ജീവിതത്തിൽ വിജയം കൈവരിക്കുന്നത്. വലിയ കഴിവുകൾ പ്രകടിപ്പിക്കുന്നവരെല്ലാം ഉന്നതമായ പരീക്ഷകൾ പാസ്സാവാത്തവരാണ് എന്ന് ചുരുക്കം

സിദ്ധി നേടിയവരുടെ പ്രവചനങ്ങൾക്ക് ശാസ്ത്രീയമായി എന്ത് വ്യാഖ്യാനമാണ് പറയാനുള്ളത് എന്ന് ചോദിക്കുന്നവരുണ്ട്. അവയിൽ പലതും മറൈപൊരുൾ ആണ്. തത്വചിന്തകളാകുന്ന രത്നങ്ങളെ ആകാരത്തിൽ ഒളിപ്പിച്ചുവച്ച രത്നകരന്മാരാണ് നാമെല്ലാം. സപ്തർഷികളുമായുള്ള സത്സംഗമത്തിൽ നിന്നാണ് രത്നാകരൻ വാത്മീകിയായത്. വിലകൂടിയ അറിവുകളെ സ്വായത്തമാക്കിയ എത്രയോ ആളുകൾ ഇന്നും ഭാരതത്തിലുണ്ട്. ഹിമാലയസാനുക്കളിൽ മാത്രം അവർ ഒതുങ്ങി നിൽക്കുന്നില്ല. തമിഴ്നാട്ടിലും മറ്റും ഇപ്പോഴും അത്തരം ജ്ഞാനികൾ ഉണ്ട്. അവർ വേഷം കെട്ടി നടക്കാറില്ല ഒന്നും അവകശാപ്പെടാറുമില്ല. പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിത്തരാമെന്നു പറഞ്ഞ് അവർ പരസ്യങ്ങൾ കൊടുക്കാറില്ല. കപടസിദ്ധന്മാരെക്കുറിച്ചുമാത്രം നാം ധാരാളം കേൾക്കുന്നു. അത്തരം തെറ്റിദ്ധാരണകൾ മനസ്സിൽ നിൽക്കുന്നതിനാൽ മറഞ്ഞിരിക്കുന്ന പൊരുളുകളക്കുറിച്ച് മനസ്സിലാക്കാതെ പോകുന്നു.

എന്റെ ഗുരുനാഥന്മാരായ ധാരാളം ജ്ഞാനികൾ സാധാരണക്കാരാണ്. അവർക്ക് വലിയ ആഗ്രഹങ്ങൾ ഇല്ല. അവർ പറയുന്ന കാര്യങ്ങൾ അനുഷ്ഠിച്ചാൽ ഫലമുണ്ടാകുമെന്ന് അനുഭവസ്ഥർ പറയുന്നു. ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും അറുതി ഉണ്ടാക്കിയെടുക്കുന്ന ഒരു മാന്യവ്യക്തി പറഞ്ഞ ഏതാനും വരികൾ എന്നെ സ്വാധീനിക്കുകയുണ്ടായിട്ടുണ്ടെന്നും അദ്ദേഹം പ്രതിഫലമൊന്നും വാങ്ങാതെയാണ് ഉപദേശങ്ങൾ കൊടുക്കുക. ചിലരുടെ രോഗങ്ങൾ മാറ്റിയിട്ടുണ്ട്. അയാൾ പറഞ്ഞത് അനുസരിച്ചെങ്കിലും രോഗം മാറിയില്ല എന്ന് പറയുന്നവരുമുണ്ട്. അദ്ദേഹം ഒന്നും അവകാശപ്പെടുന്നില്ല. ഒരിക്കൽ മാറാരോഗവുമായി ഒരു സ്ത്രീ അദ്ദേഹത്തെ സമീപിച്ചു. ചികിത്സ കൊണ്ട് യാതൊരു പ്രയോജനവും ഇതുവരെയുണ്ടായിട്ടില്ല. ഗർഭപാത്രസംബന്ധമായ രോഗങ്ങളാണ് അവരെ അലട്ടുന്നത്. തമിഴ്നാട്ടുകാരനായ ഒരു വ്യക്തിയോട് രോഗിയായ സ്ത്രീ തന്റെ അനുഭവങ്ങൾ വിവരിച്ചു. തെളിഞ്ഞ മനസ്സോടെ അദ്ദേഹം എല്ലാം ശ്രവിച്ചു. പുഞ്ചിയോടെയായിരുന്നു മറുപടി.

"ഞാൻ പറയുന്നത് ഒരു മഹാരഹസ്യമാണ്. മറൈപൊരുൾ- പറയുന്നതുപോലെ ചെയ്യുക."

"ഞാൻ അനുസരിച്ചോളാം സ്വാമി"

"ഉള്ളി ദോശ ഉണ്ടാക്കുക. രണ്ടെണ്ണം ഉണ്ടാക്കണം. ഉള്ളി ദോശ എന്നാല് എന്താണെന്ന് മനസ്സിലായോ?" തമിഴിലായിരുന്നു ചോദ്യവും മറുപടിയും. ഞാൻ അതിന്റെ മലയാള പരിഭാഷ എഴുതുന്നു എന്നുമാത്രം.

"അരിമാവിൽ ഉള്ളി അരിഞ്ഞിട്ട ശേഷം ദോശ ഉണ്ടാക്കുക. അതല്ലേ അങ്ങ് ഉദ്ദേശിക്കുന്നത്?"

"അതേ രണ്ട് ദോശ ഉണ്ടാക്കിയ ശേഷം അത് ഗണേശ വിഗ്രഹത്തിനു മുമ്പിൽ വയ്ക്കുക. ഹൃദയം തുറന്ന് പ്രാർത്ഥിക്കുക. നമ്മുടെ എല്ലാ പ്രശ്നങ്ങളും ഗണേശനോട് പറയാം. രോഗപീഢകൾ, അശ്വസ്ഥതകൾ എല്ലാം പറയാം ഗർഭപാത്രസംബന്ധമായ അസുഖങ്ങൾ എന്നല്ലേ പറഞ്ഞത്? പ്രാർത്ഥനയ്ക്കുശേഷം ആ ദോശകൾ ഭക്ഷിക്കുക, അങ്ങനെ 48 ദിവസങ്ങൾ ആവർത്തിക്കുക. നിങ്ങളുടെ രോഗം മാറും." ചിദംബരത്തെ ഒരു സത്രത്തിൽ അദ്ദേഹം ആരാധകരോടൊപ്പം വന്നതായിരുന്നു. ആ സ്ത്രീ കൊടുത്ത ദക്ഷിണ പോലും അദ്ദേഹം വാങ്ങിയില്ല. നടന്നു നീങ്ങുന്ന ആ മാന്യവ്യക്തിയുടെ അരികിലേക്ക് ഞാൻ നടന്നു ചെന്നു. തൃശ്ശിനാപള്ളിലേക്കുപോകാനുള്ള ഒരുക്കത്തിലായിരുന്നു. ആ സംഘം. വിനയാന്വിതമായ എന്റെ ഭാവം കണ്ടതുകൊണ്ടായിരിക്കണം. അദ്ദേഹം എന്റെ സംശയം തീർത്തുതന്നത്.

"അങ്ങ് പറഞ്ഞ രീതിയിൽ ഉള്ളിദോശ തിന്നാൽ അസുഖങ്ങൾ മാറുമോ?"

"ഉള്ളിദോശ തിന്നുക എന്ന് മാത്രമല്ല ഞാൻ പറഞ്ഞത് ഗണേശ വിഗ്രഹത്തിന്റെ മുന്നിൽവെച്ച് പ്രാർത്ഥിക്കാനും പറഞ്ഞു. രണ്ടുദോശകൾ വേണം. 48 ദിവസം ആവർത്തിക്കണം."

"എങ്കിൽ സകല രോഗവും മാറുമോ?"

"സകല രോഗവും മാറുമെന്ന് ഞാൻ പറഞ്ഞില്ലല്ലോ? എന്താ നിങ്ങളുടെ തൊഴിൽ? വക്കീലാണോ?"

"അല്ലാ.. എഴുത്തുകാരനാണ്."

"അതു കൊണ്ടുതന്നെയാണ് നിങ്ങൾ ഇത്തരം ചോദ്യം ചോദിച്ചത്. ആ സ്ത്രീയുടെ ഗർഭപാത്രസംബന്ധമായ രോഗം മാറുമെന്നു മാത്രമാണ് ഞാൻ പറഞ്ഞത്."

"തീർച്ചയാണോ?"

"തീർച്ച എവിടെയാണുള്ളത്. ഏതു ശാസ്ത്രത്തിലാണ് തീർച്ചയുള്ളത്? ഇത് മറൈപൊരുൾ ആണ്. ഞാൻ എത്ര വെളിപ്പെടുത്തിയാലും എല്ലാവർക്കും ഇത് അനുസരിക്കാൻ തോന്നുകയില്ല. അതുകൊണ്ടല്ലെ ആശുപത്രികളുടെ ആവശ്യം വരുന്നത്. കുളാർണവതന്ത്രം എല്ലാവർക്കും വായിക്കാൻ കിട്ടും. പക്ഷെ അതിൽ ഒളിപ്പിച്ചുവെച്ച പൊരുൾ എത്രപേർക്ക് മനസ്സിലാകും."

വാത്സല്യപൂർവ്വം അദ്ദേഹം എന്നെ ആലിംഗനം ചെയ്തു. ഒരു ശിശുവിനെപ്പോലെ ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ നിന്നു. ഒടുവിൽ പറഞ്ഞ വാക്കുകൾ അവിസ്മരണീയമാണ് "ഞാൻ പറഞ്ഞത് വേണമെങ്കിൽ വിശ്വസിക്കുക. പരീക്ഷിച്ചുനോക്കുക. അനുഭവസ്ഥർ ഇത് ശരിയാണെന്ന് പറയുന്നു. അതെങ്ങനെ സംഭവിക്കുന്നു എന്ന് പറയാൻ എനിക്കറിയില്ല"

"ഒന്നും അറിയാത്തവൻ" എന്ന അർത്ഥത്തിൽ ഒരു ആഗ്യം കാണിച്ച് അദ്ദേഹം വാഹനത്തിൽ കയറി യാത്രയായി. ഒന്നും അറിയാത്തവൻ എന്ന് എന്നെ ഉദ്ദേശിച്ച് പറഞ്ഞതായിരിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു. വലിയ ജ്ഞാനങ്ങളെല്ലാം ഒളിച്ചിരിക്കുന്നു. അവ മറൈപൊരുൾ ആണ്. ■

**കവിത**



# രണ്ടു കവിതകൾ

## വി.എം. അരവിന്ദാക്ഷൻ

### പിന്നെയും

ഹരിത സ്വപ്നങ്ങളെയുള്ളിലൊളിപ്പിച്ചിട്ട്
മുളപൊട്ടീടാൻ തുടിച്ചീടുന്ന വിത്തു പോലെ,
ശരിയായ വായനക്കാരനെയും കാത്തിതാ-
കവിതയെന്ന് കവിയെഴുതിക്കളഞ്ഞിടും!
കവിത, പക്ഷേ തന്നെ തേടിയെത്തിയ നല്ല
വായനക്കാരനെയുമട്ടിമറിച്ചിട്ടതിൻ
പുതുതിൽ പുതുതായ അർത്ഥങ്ങളുമായിട്ട്
മറ്റൊരു വായനയ്ക്കായ്
പിന്നെയും കാത്തിരിക്കും.

### വിത്ത്

വേരുകൾക്കറിയാമോ ചില്ലകളുടെ ഭാഷ ?
തായ്ത്തടിക്കറിയാമോ മഴുവിൻ കണ്ണീർക്കഥ ?
പൂവുകൾക്കറിയാമോ ഇലകളുടെ വ്യഥ ?
അറിയില്ലവയ്ക്കൊന്നുമാക്കഥകളോതുവാൻ
ഉടലുപൊട്ടിപ്പിളർന്നുയിരു കൊടുത്തൊരു-
വിത്തിനുമാത്രമെല്ലാമറിയാമായിരുന്നു.

**കവിത**



**പി.വി. പോൾരാജൻ**

## അഹം ബ്രഹ്മാസ്മി

ചുറ്റുപാടുകൾ നോക്കി എന്നെ തിരയുമ്പോൾ
നിന്നുള്ളിലുള്ള ഞാൻ മന്ദഹസിക്കുന്നു.
എല്ലായിടത്തും നിറഞ്ഞു നില്ക്കും, എന്തിനീ
വിശ്വം മുഴുവനും സൃഷ്ടിച്ചതാണു ഞാൻ.
എന്നിൽ നിന്നകലുവാൻ കഴിയില്ല എന്നതും-
എന്നെ കൂടാതെ നിലനില്ക്കയുമില്ല നീ.
എന്റേതല്ലായിട്ടൊന്നുമില്ല. ഇഹം-
മിഥ്യയായ് സൃഷ്ടിച്ച മായയുമാണത്.
ജന്മം കൊടുത്തു ഞാൻ
സൃഷ്ടിച്ചതൊക്കെയും
മരണമെന്നെന്റെ മായയിൽ തീരുന്നു.
മരണമില്ലാത്തവൻ ജന്മമെടുക്കില്ലൊരിക്കലും
ജന്മമെടുക്കാത്ത ഞാൻ മരിക്കുന്നുമില്ല.
അമരത്വമെന്നത് എന്റേത് മാത്രം.
അപ്പോൾ അറിയണം ഞാനാര്, നീയാര്-
അതിനായി നിനക്കേകിയീ മർത്ത്യ ജന്മം
അറിവിന്റെ നിറവിൽ നീ അറിയേണമെന്നേ-
അല്ലെങ്കിൽ പാഴായി പോകുമീ ജീവിതം.

**കവിത**

## ഉൽഭവം തേടി



**പ്രഭാകരൻ നറുകര**

**ചാലിയം കടവത്തു ബോട്ടിൽ കയറി
ബേപ്പൂർ തുറമുഖം തൊട്ടു തലോടി
ഉൽഭവ സ്ഥാനവും തേടി ഞാൻ നദിയുടെ
ഉള്ളിൽ ഒഴുക്കിനെതിരെ തുഴഞ്ഞുപോയ്
അഴിഞ്ഞിലദേശ കടവുകൾ കണ്ടു-
കവണക്കല്ലിലും മുട്ടിയുരുമ്മി ഞാൻ
മാവൂരിൽ വിഷനീർ തുള്ളികളൊന്നും
കാണാളെത്രയോ കണ്ടു മടുത്തു ഞാൻ
പാലാരിവട്ടമെന്നോർമ്മയിൽ വന്നതും
എത്ര പ്രളയങ്ങൾ വന്നെത്തി പോയിട്ടും
തകരാതെ നിൽക്കും എടവണ്ണപ്പാലം
നിലമ്പൂർ കാടിന്റെ സൗന്ദര്യ ധാരയിൽ
അലയുന്ന കാറ്റായി മാനസമെങ്ങും
നിലമ്പൂർ പാട്ടിന്റെ രാഗങ്ങളും കേട്ടു
നിലയില്ലാ നദിയിൽ കയങ്ങൾ നീങ്ങി
ഭൂദാന വഴികളിൽ വേദന തിങ്ങും
പ്രേതമായ് മാറിയ ജീവിതമോർക്കെ
നെഞ്ചിലെ താളങ്ങളെല്ലാം പിഴയ്ക്കുന്നു
അഞ്ജിതക്കാഴ്ചകൾ മങ്ങി മറയുന്നു
സഞ്ചരിക്കുന്നു ഞാൻ പോത്തുക്കല്ലിൽ തട്ടി
മുണ്ടേരി മാമല പശ്ചിമഘട്ടത്തിൽ**

ലേഖനം



മുണ്ട്യാടി ദാമോദരൻ

# എഴുത്തും പ്രസംഗവും

എഴുത്തുകാർ അവർക്ക് സമൂഹത്തോടു പറയാനുള്ളതെല്ലാം അവരുടെ തൂലികയിലൂടെ ആവിഷ്കരിക്കുന്നു. അത് ലേഖനത്തിലൂടെയാകാം കവിതയിലൂടെയാകാം കഥയിലൂടെയാകാം നോവലിലൂടെയാകാം, അവരാവിഷ്ക്കരിക്കുന്ന എഴുത്തിന്റെ ഏതു മാദ്ധ്യമങ്ങളിലൂടെയുമാവാം. അവരവരുടെ കലാപരമായ ആത്മാവിഷ്കാരത്തിനൊപ്പം തന്നെ, തന്റേയും (വ്യക്തികളുടേയും) സമൂഹത്തിന്റേയും കാലികവും സമ്പൂർണ്ണമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുവാനും പരിഹാരങ്ങൾ ചൂണ്ടിക്കാട്ടുവാനും പരിഹാരങ്ങൾ ചൂണ്ടിക്കാട്ടുവാനും എഴുത്തുകൊണ്ട് സാദ്ധ്യമാകുന്നില്ലേ? അവർ എഴുത്തിലൂടെ ചെയ്യുന്ന ആവിഷ്കാരം കൊണ്ട് കഴിയുന്നില്ലേ?

"ഇല്ല" എന്ന് അവരവർക്കു തന്നെ ശങ്കതോന്നുമ്പോഴാണ് മറ്റൊരു ആവിഷ്കാര മാദ്ധ്യമമായ പ്രസംഗം കുറച്ചുകൂടി എളുപ്പമുള്ളതും പ്രസരണശേഷി കൂടിയതും മനസ്സിന് സംതൃപ്തിയേകുന്നതുമായ വഴിയാണെന്നു കരുതി പ്രസംഗത്തിൽ അവർ അഭയം പ്രാപിക്കുന്നത്. പ്രസംഗത്തിലൂടെയുംപ്രഭാഷണത്തിലൂടെയും അവർക്ക് സമൂഹവുമായി നേരിട്ട് ആശയവിനിമയം സാദ്ധ്യമാകുന്നു എന്നത് കൊണ്ട് ചിലർ പ്രസംഗത്തിന് "അഡിക്റ്റ്" ആവുകയും അവരുടെ എഴുത്തു മാദ്ധ്യത്തിനേക്കാൾ പ്രാധാന്യം ഇപ്പറഞ്ഞ "സംഭാഷണത്തി" ന് നൽകിപ്പോവുകയും ചെയ്യുന്നു. ഇത്തരം ഒരു കൂടുതൽ സംതൃപ്തി മനസ്സിൽ തോന്നാൻ കാരണം, മനുഷ്യരുമായി നേരിട്ട് സംവാദിക്കുവാനും ഉടൻ പ്രതികരണം ലഭിക്കുവാനും സാധിക്കുന്നു എന്നതുകൊണ്ട് തന്നെയാണ്. അത്തരം ഒരു സാദ്ധ്യത എഴുത്തിന് ഇല്ല എന്നുവരുന്നു. അല്ലെങ്കിൽ എഴുത്തിന്റെ സാദ്ധ്യതയേക്കാൾ സംതൃപ്തി (Satisfaction) പ്രസംഗം കൊണ്ട് കിട്ടുന്നു എന്ന് അവർക്കു തോന്നുന്നു.



വായിക്കപ്പെടുന്നില്ല, അല്ലെങ്കിൽ തന്റെ അഭിമതങ്ങൾ ജനങ്ങളിൽ വേണ്ടത്ര എത്തിപ്പെടുന്നില്ല എന്ന തോന്നൽ എഴുത്തുകാരനിൽ വരുന്നതോടെയാണ് വലിയൊരു പിടിവള്ളിയായി അവർ പ്രസംഗത്തിൽ അഭയം തേടുന്നത്. പിന്നെപ്പിന്നെ, ചുരുക്കിപ്പറഞ്ഞാൽ പ്രസംഗം ഇല്ലാതെ ജീവിക്കാൻ വയ്യ എന്ന ഒരു സ്ഥതിയിലേക്ക് എഴുത്തുകാർ നിപതിക്കുന്നു. താൻ ചെയ്യുന്ന പ്രവൃത്തി ജനങ്ങളിൽ എത്തിപ്പെടുന്നത് എഴുത്തുകൊണ്ടല്ല. പ്രസംഗം കൊണ്ടുതന്നെയാണ് എന്ന് എഴുത്തുകാർ വിശ്വസിച്ച് വശാകുകയും ചെയ്യുന്നു. വായനയിൽ വന്ന കുറവു കൂടിയാണ് ഇത്തരം ഒരു സ്ഥതിയ്ക്കുകാരണം. അതു കൂടാതെ, പ്രസംഗിക്കുന്നതോടെ അതിന്റേതായി വാർത്താമാദ്ധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടുകളും വാർത്തകളും ചിത്രങ്ങളും മറ്റൊരു പ്രശസ്തിയും അതുവഴിയുള്ള സംതൃപ്തിയും എഴുത്തുകാരന് ഉടൻ ലഭിക്കുകയും ചെയ്യുന്നു. അങ്ങനെ എഴുത്ത് അവഗണിക്കപ്പെടാവുന്ന ഒരു പരിതോവസ്ഥയിലേക്ക് വീണു പോകുന്നുണ്ടെങ്കിലും ഭൂരിപക്ഷം എഴുത്തുകാരും അത് തുടർന്നും കൊണ്ടുനടന്നാലും പ്രസംഗത്തിനുള്ള സാദ്ധ്യതയിലാണ് അവരുടെ ഉറച്ച വിശ്വാസം നിലനിൽക്കുന്നത്. എന്നാൽ തുടക്കക്കാരായ പലരും എഴുത്തിനേക്കാൾ വിലമതിക്കുന്നതും അംഗീകരിക്കുന്നതും ഉടൻ ഫലസിദ്ധിയുണ്ടാകുന്ന പ്രസംഗം കൊണ്ടാണെന്നു വിശ്വസിച്ച് ആ വഴിയിൽത്തന്നെ അഭിരമിക്കുവാൻ താല്പര്യപ്പെടുകയും ആ രംഗത്തുതന്നെ അവർ ഉറച്ചുനില്ക്കുകയും ചെയ്യുന്നു.

# ആദരാഞ്ജലികൾ



**സന്ദീപ് ദാമോദർ**
**"ഫോട്ടോ സ്ക്വെയർ"**
**ഡിജിറ്റൽ സ്റ്റുഡിയോ & വീഡിയോ**
**എം.സി. കോളേജ് ക്രോസ്റോഡ്**
**കോഴിക്കോട് 673 011**

**ഭാര്യ: പ്രതിഭ**
**മക്കൾ: അപൂർവ്വ സന്ദീപ്, ആരവ് സന്ദീപ്**



**ഹരിദാസ്**
**"ശോഭ ക്ലിനിക്കൽ ലബോറട്ടറി"**
**പാവങ്ങാട്, കോഴിക്കോട് 673 021**
**&**
**ന്യൂ കൃപ എക്സറെ & ലബോറട്ടറി**
**വയനാട് റോഡ്, Op. ഫാത്തിമ ഹോസ്പിറ്റൽ**
**കോഴിക്കോട് 673 001**
**ഭാര്യ: വിനോദിനി ഹരിദാസ്**
**മകൾ: അമിത ഹരിദാസ്**

**പരസ്യദാതാക്കളായി സഹകരിച്ചുകൊണ്ടിന്ന**
**ബഹുമാന്യ സഹോദരസ്ഥാനീയരായ ഇവരുടെ അകാലദേഹവിയോഗത്തിൽ**
**"നക്ഷത്രരാജ്യം" ആദരാഞ്ജലികളർപ്പിക്കുന്നു**

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ (മാനേജിംഗ് എഡിറ്റർ)**


## പരസ്യങ്ങൾ ആവശ്യമുണ്ട്

**വർഷത്തിൽ 4 മാസങ്ങളിലായി (ഇടവിട്ട 3 മാസങ്ങളിൽ) പ്രസിദ്ധികരിക്കുന്ന RNI രജിസ്ട്രേഷനുള്ള നക്ഷത്രരാജ്യം ത്രൈമാസികയിൽ 200 രൂപ പ്രകാരം (4 × 200 = 800) <> പേജ് 1 ൽ 10 ബോക്സ്<> 1 വർഷം പരസ്യം ചെയ്യുവാൻ ആഗ്രഹമുള്ള വ്യവസായ, കച്ചവട സ്ഥാപനങ്ങളും, കുടിൽ വ്യവസായ സംരംഭകരും നേരിട്ടോ ഫോണിലൂടെയോ ബന്ധപ്പെടുക.**
**മൊത്തം 1 വർഷത്തേക്ക് ഒന്നിച്ച് പണം അടക്കേണ്ടതായില്ല.**
**പരസ്യം പ്രസിദ്ധം ചെയ്ത ത്രൈമാസ ബിൽ കാലയളവിൽ**
**200 രൂപ പ്രകാരം അടച്ചാലും മതിയാകും**
**ഫോൺ : 9847649567, 9744233997**
**മാനേജിംഗ് എഡിറ്റർ**
**നക്ഷത്രരാജ്യം ത്രൈമാസിക**








അവർക്ക് "ലോക്ക്ഡൗണോ" ടെ വന്നിരിക്കുന്ന ഒരു പരിമിതിയാണ് വേദി നഷ്ടപ്പെടുന്നു എന്നുള്ളത്. മാദ്ധ്യമം നഷ്ടപ്പെടുന്ന ഒരു പരിഭ്രാന്തിയിലേക്ക് അവർ നിപതിക്കുന്ന ഒരവസ്ഥയും സംജാതമാകുന്നുണ്ട്.

പ്രസംഗകലയിൽ യാതൊരു പ്രാവിണ്യവും കാണിക്കാത്തവരും അതിന്റെ മയക്കുന്ന വീര്യത്തിൽ വീണു പോയിട്ടുള്ളതായികാണാം. പാണ്ഡിത്യം, സ്വാധീനമേഖലയിലുള്ള ആധിപത്യം തുടങ്ങി തനിക്കുള്ള സ്വാധീനം കൂടി ഉപയോഗപ്പെടുത്തിയാണ് അവരും പ്രസംഗത്തിന്റെ മായാവലയത്തിൽ അകപ്പെട്ടു നില്ക്കുന്നത്.

പ്രസംഗത്തിന്റെ മോഹനമായ വലയത്തിൽ വീണുപോകാത്ത ചുരുക്കം ചില എഴുത്തുകാരും നമുക്കുണ്ടായിട്ടുണ്ട്. അതിന്റെ യാതൊരു പ്രലോഭനത്തിനും വശംവദരാകാതെ, തനിക്ക് തന്റെ എഴുത്തുതന്നെ മതി എന്നു ഉറച്ചു വിശ്വസിച്ചിരുന്നവരും ആ നിലയിൽ ജീവിതം പ്രസംഗിച്ച വരേക്കാൾ മഹാവിജയമാക്കിയവരുമായവരുടെ മുൻനിരയിൽ നില്ക്കുന്ന നാമധേയമാണ് വൈക്കം മുഹമ്മദ് ബഷീറിന്റേത്.

പ്രസംഗം കൊണ്ട് പലരും നേടിയെടുത്ത താല്ക്കാലികമായ അംഗീകാരം അവരുടെ കാലത്തോടെ മങ്ങിപ്പോവുകയും അവരുടെ യുഗം മരണത്തോടെ അവസാനിക്കുകയും ചെയ്യുമ്പോൾ എഴുത്ത് ജീവിതമാക്കിയ ബഷീറിനെപ്പോലെയുള്ള ചുരുക്കം ചിലർ, സാഹിത്യത്തിൽ അവഗണിക്കാനും തള്ളിക്കളയാനും കഴിയാത്ത ഉത്തുംഗ ശ്രേണിയിൽ എന്നെന്നേയ്ക്കുമെന്നതുപോലെ വിരാജിക്കുകയും ചെയ്യുന്ന കാഴ്ചയാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. ■

ചെറുകഥ



ശോഭ മക്കട

# ദുരാഗ്രഹാത്താലുള്ള പക



**അ**ന്നൊരു നിലാവുള്ള രാത്രിയായിരുന്നു. പത്ത് മണി കഴിഞ്ഞതേയുള്ളൂ. അരി മസാലക്കടകളും, ഹോട്ടലുകളുമടച്ച് കച്ചവടക്കാർ വീട്ടിലെത്തി. പകലത്തെ കഠിന ദ്ധ്യാനം കഴിഞ്ഞ് വീട്ടിലെത്തി കളിയും ദേവാരാധനയും കഴിഞ്ഞു വിശ്രമിക്കാനുള്ള ഒരുക്കത്തിലാണവർ.

കുഞ്ഞാണ്ടിയേട്ടനും മകൻ കൃഷ്ണനും ദൂരെയെവിടെയൊ യാത്ര പോയി വരികയാണ്. എഴുപത് വയസ്സ് കഴിഞ്ഞ കുഞ്ഞാണ്ടിയേട്ടൻ നല്ല ആരോഗ്യവാനാണ്. അദ്ധ്വാനിയുമാണ്. കൃഷിയാണ് പ്രധാന ജോലി. സ്വന്തമായി രണ്ട് മൂന്നേക്കർ വയലും പറമ്പുമൊക്കെയുണ്ട്.

മകൻ അച്ഛനെ കൃഷിപ്പണിയിൽ സഹായിക്കും. ഒന്നിച്ചെവിടെയെങ്കിലും പോയിവരികയാണെങ്കിൽ രണ്ടാളും ഒന്നിച്ചേ കള്ള് ഷാപ്പിൽ കയറുകയുള്ളൂ.

അന്ന് രണ്ടു പേരും ഷാപ്പിൽ കയറി കൂടി കഴിഞ്ഞുമറ്റു കുടിയന്മാരോടൊക്കെ വർത്തമാനം പറഞ്ഞിരുന്ന് സമയം പോയതറിഞ്ഞില്ല. രണ്ട് പേരും ഒന്നിച്ചാണ് പോക്കുവരവെങ്കിലും രണ്ട് വഴിക്കാണവർക്ക് പോകേണ്ടത്. കൃഷ്ണൻ വേറെ വീട്ടിലാണ് താമസം. അച്ഛൻ പോയിക്കഴിഞ്ഞാണ് മകൻ വീട്ടിലേയ്ക്ക് പോയത്. കൃഷ്ണൻ വീടിന്റെ പടിക്കലെത്തിയപ്പോഴേയ്ക്കും കൃഷ്ണന്റെ സ്നേഹിതൻ കരുണൻഓടിക്കിതച്ചെത്തി "കൃഷ്ണാ നിന്റെച്ഛൻ റോഡിൽ വീണു കിടക്കുന്നു. ഒരനക്കവുമില്ല." "വീഴാൻ മാത്രമൊന്നും അച്ഛൻ കുടിച്ചിട്ടില്ലല്ലോ" എന്ന് പറഞ്ഞ് രണ്ടു പേരും ഓടിപ്പോയി.

കൃഷ്ണൻ അച്ഛനെ പിടിച്ചെഴുന്നേൽപ്പിക്കാൻ നോക്കി. അച്ഛൻ നനഞ്ഞിരിക്കുന്നു. ടോർച്ചടിച്ച് നോക്കിയപ്പോഴാണ് രക്തത്തിൽ കുളിച്ച് കിടക്കുകയാണെന്ന് മനസ്സിലായത്. അവിടെയെങ്ങും ഒരു കല്ല് പോലുമില്ല. ഈശ്വരാ അച്ഛനെന്താണ് പറ്റിയത്. കരുണൻ പോയി വണ്ടി വിളിച്ചു വന്നു. "ദാമു ഏട്ടാ എത്രയും പെട്ടെന്ന് മെഡിക്കൽ കോളേജാശുപത്രിയിലെത്തിയ്ക്കണം." വണ്ടിയിലേയ്ക്കെടുത്ത് കയറ്റുമ്പോഴേയ്ക്കും ഇട്ടിരിക്കുന്ന വെള്ള ഷർട്ടും മുണ്ടുമെല്ലാം രക്തമാണ്. തലയിൽ കെട്ടിയ വേഷ്ഠിയും രക്തത്തിൽ മുങ്ങിയിരിക്കയാണ്. എന്ത് പറ്റിയതാണെന്നറിയാൻ ഒരു മാർഗ്ഗവുമില്ല. ബോധം വന്നെങ്കിലേ എന്താണ് പറ്റിയതെന്നറിയുകയുള്ളൂ. ആ പ്രദേശത്തെങ്ങുമാരെയും കാണാനില്ല. നിലാവുണ്ടെന്നല്ലാതെ ഒരു മനുഷ്യ ജീവിയുമില്ല. ഒരു നിലവിളികേട്ടാണ് കരുണൻ ആ വഴി വന്നത്. അപ്പോൾ വയലിൽക്കൂടി ഒരു സ്ത്രീയും പുരുഷനും പോകുന്നത് കണ്ടു. അവരിതൊന്നും കണ്ടിരിക്കില്ല. വയലിൽക്കൂടി തിരിക്കിൽ പോകുന്നതാണ് കണ്ടത്. ബോധം തെളിഞ്ഞാലെ എന്താണുണ്ടായതെന്നറിയാൻ പറ്റുകയുള്ളൂ. കാഷ്വാലിറ്റിയിൽ എത്തി. ഒരു ഡ്രോളിയിൽ കിടത്തി. ഡോക്ടർ വന്ന് പരിശോധിച്ചു. പൾസ് നോക്കി. എന്ത് പറ്റിയതാണെന്നാർക്കുമറിയില്ല. വീണതാവാമെന്ന് തോന്നുന്നു. ഞങ്ങൾ വരുമ്പോൾ റോഡിൽ വീണു കിടക്കുകയായിരുന്നു. മകൻ പറഞ്ഞു. കുറച്ച് കഴിഞ്ഞപ്പോൾ "വെള്ളം

**(ശേഷം 20-ാം പേജിൽ)**

## ഗ്വാളിയോർ (9-ാം പേജിൽനിന്ന് ബാക്കി)

ഉദ്ദേശ്യങ്ങൾ വിവരിച്ചു. "കലാപ യുദ്ധം വിചാരിച്ചത്ര വിജയത്തിൽ കലാശിച്ചില്ല. നമ്മുടെ സൈന്യ ങ്ങൾക്കു കരുത്തും ശക്തിയും ബോധവുമുണ്ട്. ഉത്തരേന്ത്യയിലെ നാട്ടുരാജാക്കന്മാർ എല്ലാ വരുംകൂടി ഒത്തൊരുമിക്കുക. കമ്പനിക്കെതിരായി യോജിച്ച് ഒരു സമരമുന്നണി സൃഷ്ടിക്കുക. വിദേശധിപത്യത്തെ ഈ മണ്ണിൽനിന്നും തുരത്തിയോടിക്കു ക." റാണി വിശദീകരിച്ചുകൊണ്ടി രുന്നു. തന്റെ യാത്ര അതിനുവേ ണ്ടിയുള്ള ശ്രമത്തിന്റ ഭാഗമാ ണെന്നും റാണി പറഞ്ഞു.

മഹാരാജാവിന് ക്ഷമ നശിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹം കൈമുട്ടി "ആരവിടെ?"

"അടിയൻ" ഒരു ഭടൻ പ്രവേശി ച്ചു.

"ഈ സ്ത്രീയെ ബന്ധിക്കുക." റാണി ലക്ഷ്മിഭായിയെ ചൂണ്ടി രാജാവ് കൽപ്പിച്ചു.

ഭടൻ അനങ്ങാതെ നിൽക്കുക യാണ്. റാണി പൊട്ടിച്ചിരിച്ചു. അവ ജ്ഞയോടുകൂടി പൊട്ടിച്ചിരിച്ചു. "ഇതാ ഈ മനുഷ്യനെ ബന്ധിക്കു ക." ഭടന്മാർ രാജാവിന്റെ കൈകൾ ബന്ധിക്കാൻ തുടങ്ങി.

"ഹേ മഹാരാജൻ എല്ലാം ഞാന റിഞ്ഞിരുന്നു. എന്നെ ഹ്യൂറോ സിന്റെ തിരുമുമ്പിൽ ഹാജരാ ക്കാൻ കാത്തിരിക്കയല്ലേ? എല്ലാ പഴുതുകളും അടച്ചിട്ടാണ് ഞാനി വിടെ വന്നത്. അടിമത്തം കാംക്ഷി ക്കുന്ന ഒരു രാജാവിന്റ ആജ്ഞാ നുവർത്തികളല്ല. ഈ ഭടന്മാർ. മന സ്സിലായോ?"

അദ്ദേഹത്തിന് ഒന്നും മനസ്സിലാ യില്ല. കൈകളിൽ വിലങ്ങുവീണ പ്പോൾ അദ്ദേഹം ചോദിച്ചു പോയി.

"എന്താണ് ഇവിടെ ഉണ്ടായത്?"

"ഒന്നുമുണ്ടായില്ല. സൈന്യങ്ങൾ ഒരു ഭീരുവിനെ ധിക്കരിച്ചു. തൽക്കാലം എന്റെ ആജ്ഞകള അനുസരിക്കുന്നു. ശബ്ദിക്കാതെ അവിടെ നിന്നുകൊ ള്ളു. മന്ദിരേ."റാണി വിളിച്ചു.

"മന്ദിരേ നീ കൊണ്ടുവന്ന സമ്മാനം ഈ മനുഷ്യനെ അണി യിക്കൂ

"എന്താണത്" രാജാവ് ചോദി ച്ചു.

"ഒരു സ്ത്രീയുടെ വസ്ത്ര ങ്ങൾ"

"എന്ത്?"

"ഒരു ഭീരുവായ നിങ്ങൾ അതാണ് അണിയേണ്ടത്. ഉം. ഈ വസ്ത്രങ്ങൾ മുമ്പിൽ നിൽക്കുന്ന മനുഷ്യനെ അണിയിക്കൂ."

ഭടന്മാർ ആ സ്ത്രീ വസ്ത്രം മഹാരാജാവിനെ അണിയിച്ചു. എല്ലാം കഴിഞ്ഞപ്പോൾ റാണി ചോദിച്ചു. "മന്ദിരേ ഈ വേഷം ഗ്വാളിയോർ നൃപതിക്ക് നല്ല യോജിപ്പുണ്ട്. ഇല്ലേ?"

"റാൻ" മന്ദിര മൂളി

റാണി കൽപ്പിച്ചു. "ഈ സ്ത്രീയെ കമ്പനിയധികാരി സർ ഹ്യൂറോസിന്റെ മുമ്പിൽ ഹാജരാ ക്കുക. എന്നിട്ടു പറയുക. സ്വത ന്ത്രരാജ്യമായ ഗ്വാളിയോറിനെ കമ്പനിക്ക് കാഴ്ചവെക്കാൻ തുനിഞ്ഞ ഈ മനുഷ്യനെ സമ്മാ നമായി സ്വീകരിക്കുക. ത്സാൻസി യിലെ അബലയായ ഒരു സ്ത്രീയെ വേട്ടയാടാൻ ശ്രമി ക്കുന്ന ആ വെള്ളക്കാരന് പറ്റിയ സമ്മാനം ആത്മാഭിമാനമില്ലാത്ത ഈ രാജാവുതന്നെയാണ് എന്ന്"

വിലങ്ങുവെച്ച ശേഷം, സ്ത്രീവേഷം ധരിപ്പിച്ച രാജാ വിനെ ഭടന്മാർ കുതിരപ്പുറത്തു കയറ്റി. അരമനയുടെ മട്ടുപ്പാവിൽ കയറിനിന്ന് റാണി അത് കണ്ടു. ഉൾത്തടം നൊന്തുരുകുകയായി രുന്ന അവരുടെ ഹൃദയം വിതുമ്പി. "ദേവി എന്റെ നാടിനു അടിമത്തം വിധികൽപ്പിതമാണോ?"

ഗ്വാളിയോർ രാജാവിനെ ബന്ധി ച്ചുകൊണ്ടു പോകുന്ന കുതിര ക്കാർ നടന്നു മറയുന്നതുവരെ റാണി ആ രംഗം നോക്കിനിന്നു. അവർ ചിന്തിക്കുകയായിരുന്നു. രാജ്യത്തിനു മോചനമില്ലേ? മോച നത്തിനുവേണ്ടിയുള്ള സമരം സംഘടിപ്പിക്കാൻ കഴിയുകയില്ലേ?

ആകാശത്തിന്റെ പടിഞ്ഞാറെ ചെരിവിലൂടെ മലനിരകൾക്ക് അപ്പുറം സൂര്യഗോളം താണിറ ങ്ങുന്നു. അസ്തമയം. റാണി ആലോചിച്ചു. തന്റെ മുമ്പിൽ നട ക്കുന്ന സംഭവങ്ങളോരോന്നും സ്വാതന്ത്ര്യത്തിന്റെ അസ്തമയം സൂചിപ്പിക്കുകയാണോ? **(1965)**

■

നുറുങ്ങുകഥ



# പരസ്യം

കെ.എം. സുബ്രഹ്മണ്യൻ. ഫറോക്ക്

അകത്ത് അമ്മ ശ്വാസത്തിനു വേണ്ടി ബുദ്ധിമുട്ടുമ്പോൾ അമ്മയ്ക്കുവെണ്ടി വായുഗു ളിക വാങ്ങാനായി അയാൾ തന്റെ മകന്റെ മൊബൈൽ ഫോണിലേക്കു വിളിച്ചു.

മറുഭാഗത്ത് ഫോണിന്റെ റിങ്ങിന് പകരം കൊറൊണ യുടെ ഇംഗ്ലീഷിലും തുടർന്ന് മലയാളത്തിലുമുള്ള പര സ്യവും അയാൾ അസ്വ സ്ഥതയോടെ കേട്ടു.

ഒടുവിൽ!


"നിങ്ങൾ വിളിക്കുന്ന വ്യക്തി മറ്റൊരു കോളിലാണെന്നു" ള്ള മറുവശത്തുള്ള മറുപടി അയാ ളുടെ ക്ഷമയുടെ നെല്ലിപ്പലക തകർത്തു. അയാൾ കോൾ കട്ടാക്കി. തന്റെ രണ്ടാമത്തെ മകനെ വിളിച്ചപ്പോഴും മറുവശ ത്തുള്ള കൊറോണ പരസ്യം അക്ഷമയോടെകേട്ടു നിൽക്കെ! അകത്തുനിന്ന് കൂട്ട നിലവിളി ഉയർന്നു...



ഓർമ്മ

# സ. എം. ഭാസ്ക്കരൻ
## (കോഴിക്കോട് കോർപ്പറേഷൻ മുൻ മേയർ)

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ<>മാനേജിംഗ് എഡിറ്റർ<>നക്ഷത്രരാജ്യം ത്രൈമാസിക





**കോ**ഴിക്കോട് മുൻ മേയറും മുതിർന്ന സി.പി.എം. നേതാവുമായ സ. എം. ഭാസ്ക്കരൻ അന്തരിച്ചു. കേൻസർ ബാധിതനായി കോഴിക്കോട് ജില്ലാ സഹകണ ആശുപത്രിയിൽ 2020 ഒക്ടോബർ 21-ാം തിയ്യതിയിലാണ് അദ്ദഹത്തിന്റെ അന്ത്യം. 2005-2010 കാലഘട്ടത്തിൽ കോഴിക്കോട് മേയറായിരുന്നു. 2 വർഷം മുമ്പു വരെ കോഴിക്കോട് ജില്ലാ സെക്രട്ടറിയേറ്റ് അംഗവും നിലവിൽ കോഴിക്കോട് സിറ്റി ജില്ലാ കമ്മറ്റി അംഗവുമാണ്. ട്രേഡ് യൂണിയൻ പ്രവർത്തനത്തിലൂടെയാണ് അദ്ദേഹം സജീവ രാഷ്ട്രീയത്തിലെത്തിയത്. കോഴിക്കോട് മേയർ എന്ന നിലയിൽ അക്കാലങ്ങളിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ചെയ്തുതീർത്തു. നല്ലൊരു രാഷ്ട്രീയ പ്രവർത്തകനും സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞു നേതൃത്വം വഹിച്ചിരുന്നയാളുമായ സ. ഭാസ്ക്കരേട്ടന്റെ അന്ത്യം അദ്ദേഹത്തെ സ്നേഹിച്ചിരുന്ന കോഴിക്കോട് നിവാസികൾ ഞെട്ടലോടെയാണ് ശ്രവിച്ചത്. നക്ഷത്രരാജ്യത്തിനു അദ്ദേഹത്തിനോടുള്ള സ്നേഹാദരവുകളോടെയുള്ള കടപ്പാടുകൾ പറഞ്ഞറിയിക്കാൻ പറ്റാത്ത ബന്ധത്തിലുള്ളതാണ്. 2008 സപ്തംബർ മാസം 28-ാം തിയ്യതി ഞായറാഴ്ച വൈകു. 6 മണിക്ക് ആരാധ്യ കോഴിക്കോട് മേയർ ശ്രീ. യശഃശരീരനായ എം. ഭായ്ക്കരൻ നക്ഷത്രരാജ്യം മാസികയുടെ ആദ്യ പ്രതി ശ്രീ. ടി.വി. ബാലൻ അവർകൾക്കു നൽകികൊണ്ടാണ് നക്ഷത്രരാജ്യം മാസികയുടെ പ്രകാശനം നിർവ്വഹിച്ചത്. സമൂഹത്തിൽ മാഗസിനുകൾക്കുള്ള സ്ഥാനത്തേയും, വായനാശീലം കൊണ്ടുണ്ടാകുന്ന സാംസ്ക്കാരിക നേട്ടങ്ങളേയും കുറിച്ച് മേയർ ശ്രീ. എം. ഭാസ്ക്കരേട്ടനും പ്രമുഖ സാഹിത്യകാരൻമാരായ "പ്രകാശന ചടങ്ങ് അദ്ധ്യക്ഷൻ യശഃശരീരനായ ശ്രീ. കെ.വി. പ്രഭാകരൻ", ശ്രീ. കെ. വിഷ്ണു നാരായണൻ, ശ്രീ. ഭാസിമലാപ്പറമ്പ്, മുണ്ട്യാടി ദാമോദരൻ, മറ്റക്കര സുകുമാരൻ നായർ, സുരേന്ദ്രൻ വടക്കിനാലിൽ, സി.പി.ഐ. ജില്ലാ സെക്രട്ടറിയായിരുന്ന സ. ടി.വി. ബാലൻ എന്നിവർ പ്രഭാഷണം നടത്തി.നക്ഷത്രരാജ്യത്തിനെയും, സർഗ്ഗ നിപുണതകളേയും എന്റെ ഏകജീവിത മാർഗമായി ഔന്നത്യത്തിലെത്തിക്കവാൻ ശ്രമിക്കുന്ന പാതയോരത്ത് വെച്ച് എന്റെ വളർച്ചക്ക് "അംഗീകാരം"അദ്ദേഹത്തിൽനിന്നു സംഭാവനയായി ലഭിച്ച "നക്ഷത്രരാജ്യം മാസിക പ്രകാശന ചടങ്ങ്" മറക്കുവാൻ പാടുള്ളതല്ലല്ലോ!

മനുഷ്യനായി പിറന്ന് സിനിമ, സാഹിത്യ, നാടക, കലാ, സാമ്പത്തിക, രാഷ്ട്രീയ മേഖലയിൽ ഔന്നത്യത്തിലെത്തിയവർ എല്ലാവരും ആർക്കെങ്കിലുമൊക്കെ ഏതെങ്കിലും വിധത്തിൽ വളർച്ചയുടെ പടവുകൾ താണ്ടുന്നതിന് സഹായം ചെയ്യുന്നതും, ഓർമ്മകൾ വെച്ചു പുലർത്തുന്നതും അവർക്കും ഒരാത്മസുഖം തന്നെയല്ലേ! അതിനൊരു ഉത്തമ മാതൃക നേതാവായി എല്ലാവരോടും മനസിൽ കരുണ വെച്ചു പുലർത്തുന്ന ആരാധ്യ മുൻ മേയർ എം. ഭാസ്ക്കരേട്ടനെ വാഴ്ത്തുന്നു.

ഭാസ്ക്കരേട്ടന്റെ ഭാര്യ: സുമതി.
മകൻ: വരുൺ ഭാസ്ക്കർ.
മകൾ: സിന്ധു.

നക്ഷത്രരാജ്യം മാസികക്കുവേണ്ടി അദ്ദേഹത്തിന്റെഭാര്യയുടേയും, മക്കളുടേയും, ബന്ധുക്കളുടേയും ദഃഖത്തിൽ പങ്കുകൊള്ളുകയും അനുശോചിക്കുകയും ചെയ്യുന്നു. ■

**ലേഖനം**



**സുകുമാർ കൂർക്കഞ്ചേരി**

# ചെറിയവർക്കിടയിലെ വലിയ ജീവിതം



വർഷങ്ങൾക്ക് മുമ്പ് എം.ടി.ക്ക് ജ്ഞാനപീഠം ലഭിച്ചപ്പോൾ തൃശൂരിലെ പൗരാവലി സ്വീകരണം സംഘടിപ്പിക്കുകയുണ്ടായി. സ്വാഗതസംഘം രൂപികരിച്ച് എം.ടിയെ ക്ഷണിക്കുവാൻ പോയ ചെറുസംഘത്തിൽ സംഗതിവശാൽ ഞാനുമുണ്ടായിരുന്നു. പോകുന്ന വഴി എം.ടിയുടെ ഇഷ്ടതോഴനായ അക്കിത്തത്തെക്കൂടി കൂടെ കൂട്ടുവാനായി കൂടല്ലൂരിനടുത്ത കുമരനല്ലൂരിലെ "ദേവായന" ത്തിലും ചെന്നത് ഓർക്കുന്നു. ഇന്നില്ലാത്ത അക്കിത്തത്തിന്റെ സാധ്വിനിയായ പത്നി ശ്രീദേവി അന്തർജ്ജനമാണ് അന്ന് തണുത്ത സംഭാരം നൽകി ഞങ്ങളെ സ്വീകരിച്ചത്.

മറ്റൊരിക്കൽ തൃശൂരിൽ വെച്ചുനടന്ന ഗ്രീൻ ബുക്സിന്റെ ഒരു പുസ്തക പ്രകാശനച്ചടങ്ങും ഓർമ്മയിലുണ്ട്. കെ.ടി നാരായണ പിഷാരടിയുടെ "ആയാതമായാതം" എന്ന ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചത് അക്കിത്തമാണ്. സ്വീകർത്താവും ഇതെഴുതുന്നയാളും യോഗത്തിൽ വെച്ച് കുറച്ചധികസമയം അടുത്തടുത്ത കസേരകളിലാണ് ഇരുന്നത്. (അന്ന് കോവിഡ് 19 ന്റെ ശാരീരികാകലം പ്രഖ്യാപിക്കപ്പെട്ടിരുന്നില്ലല്ലോ) തൊട്ടടുത്ത് ആ മഹാനുഭാവനെ കിട്ടിയതു മുതലാക്കി ഞാനിത്തിരി കുശലാന്വേഷണത്തിനു മുതിർന്നു ആയിടെ അക്കിത്തത്തെപ്പറ്റി ഞാനെഴുതിയ "ശ്രീകൃഷ്ണനും പൊടിയാവും" എന്നോ മറ്റോ ഉള്ള ലേഖനം ഓർമ്മിച്ചുകൊണ്ട് എനിയ്ക്കൊരു ബഹുമതിപത്രവും തന്നു. തന്നെ ഇത്രയും മനസ്സിലാക്കിക്കൊണ്ട് എഴുതിയ മറ്റൊരു ലേഖനം താൻ കണ്ടിട്ടില്ലെന്ന്.

ഇപ്പോൾ ദൽഹിയിൽ നടക്കേണ്ടിയിരുന്ന 55-ാമത് ജ്ഞാനപീഠം അവാർഡു ദാന ചടങ്ങ് കോവിഡിന്റെ പശ്ചാത്തലത്തിൽ കുമാരനെല്ലൂരിലെ "ദേവായനത്തി" ൽ വെച്ചാണല്ലോ നടന്നത്. 11 ലക്ഷം രൂപയും വാഗ്ദേവതയുടെ ശില്പവുമടങ്ങുന്ന പുരസ്കാരം ഒരു പുഞ്ചിരിയോടെ അഥവാ "എന്റെയല്ലെന്റെയല്ലീകൊമ്പനാനകൾ" എന്ന മനോഭാവത്തോടെയാണ് അദ്ദേഹം ഏറ്റുവാങ്ങിയത്.

മലയാളത്തിൽ തനിയ്ക്കു മുമ്പേ ജ്ഞാനപീഠം നേടിയ അഞ്ചു സാഹിത്യകാരന്മാരെ അക്കിത്തം അനുസ്മരിക്കുകയുണ്ടായി. ഒരുകാര്യം ഉറപ്പിച്ചുപറയാം. എന്തൊക്കെ അഴിമതിയും അരുതാത്തതുമൊക്കെ നടക്കുന്ന കാലത്തും അഞ്ചാം ക്ലാസ്സു വിദ്യഭ്യാസ യോഗ്യത മാത്രമുള്ള തമിഴ് നോവലിസ്റ്റ് ജയാകാന്തൻ മുതൽ ഒട്ടേറെ അക്കാദമിക് ബിരുദങ്ങളുള്ള അനന്തമൂർത്തിയെപ്പോലുള്ളവർവരെ ജ്ഞാനപീഠം ലഭിച്ചിട്ടുള്ളവരെല്ലാം തികച്ചും അർഹതയുടെ അടിസ്ഥാനത്തിൽ മാത്രം തിരഞ്ഞെടുക്കപ്പെട്ടവരാണ്. എം.ടിക്ക് ജ്യേഷ്ഠ സഹോദരനെപ്പോലെയും ഗുരുനാഥനെപ്പോലെയും ആരാധ്യനായ അക്കിത്തത്തിന് എന്തേ ഈ പുരസ്കാര പ്രഖ്യാപനം ഇത്രയും വൈകി എന്നു സന്ദേഹപ്പെടുന്നവരുണ്ടാകാം. എന്നാൽ ഈ 94-ാമത്തെ വയ



സ്സിലെങ്കിലും അഹർഹത യ്ക്കുള്ള അംഗീകാരം അദ്ദേഹത്തെ തേടിവന്നല്ലോ എന്നാശ്വസിക്കാം.

അക്കിത്തത്തിന് ചിത്രകലയോടായിരുന്നു ബാല്യത്തിലെ കമ്പം. പിന്നീട് അമ്പലഭിത്തിയിൽ കരിക്കട്ടകൊണ്ടുവരച്ച വികൃത ചിത്രങ്ങൾക്കു കീഴെ ഒരു താക്കീതെന്നവണ്ണം അദ്ദേഹം കവിതയിലേക്കു കൈവെച്ചു.

**അമ്പലങ്ങളിലീവണ്ണം**
**തുമ്പില്ലാതെ വരയ്ക്കുകിൽ**
**വമ്പനാമീശ്വരൻ വന്നി**
**ട്ടെമ്പാടും നാശമാക്കിടും**

എട്ടു വയസ്സുള്ളപ്പോഴാണ് ഈകവിതയെഴുത്ത് എന്നോർക്കണം. ഒരർത്ഥത്തിൽ ആ എട്ടു വയസ്സുകാരന്റെ ദീർഘദർശന പ്രകാരം സർവ്വശക്തനായ ദൈവത്തിന്റെ നാശഹേതുകമായ വൈറസ്സ് ഇത്രയും വർഷങ്ങൾക്കു ശേഷം ഭൂമിയിൽ പതിച്ച് ഇപ്പോൾ മനുഷ്യവർഗ്ഗത്തെ ഉന്മൂലനം ചെയ്യാനും തുടങ്ങിയിരിക്കയാണല്ലോ.

തന്റെ വിദ്യഭ്യാസം മുഴുവനും ഉണ്ടായതു വായനയിലൂടെയും സാഹിത്യ ബന്ധങ്ങളിലൂടെയും സാമൂഹിക കാഴ്ചപ്പാടുകളിലൂടെയുമാണെന്ന് അക്കിത്തം പറയുന്നുണ്ട്. ഇടശ്ശേരിയും വി.ടി ഭട്ടതിരിപ്പാടുമായുള്ള നിരന്തര സംസർഗ്ഗമായിരുന്നുവത്രെ ഒരർത്ഥത്തിൽ അദ്ദേഹത്തിന്റെ സർവ്വകലാശാല. മനുഷ്യജീവിതത്തിൽ എവിടെ കുഴിച്ചാലാണ് കണ്ണീരു കിട്ടുക എന്ന് ഇടശ്ശേരി പഠിപ്പിച്ചു. സാഹിത്യകാരൻ സാമൂഹിക ജീവി കൂടിയാണെന്ന് വി.ടി.യും വർഗ്ഗസമര സിദ്ധാന്തത്തോട് ഒപ്പം നടന്നപ്പഴും അതിനോടു പൂർണ്ണമായ യോജിപ്പിലായിരുന്നില്ല അദ്ദേഹം. അക്കരൃത്തിൽ ഒരുവേള അദ്ദേഹത്തോട് അനിഷ്ടം പുലർത്തിയവരോടൊക്കെയും ഹ്യൂമനിസ്റ്റായ ഒരു കവി എങ്ങനെയാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധനാവുക എന്ന മറുചോദ്യമാണ് ചോദിക്കാനുള്ളത്. ഈ അവസരത്തിൽഇതെഴുതുന്നയാൾക്കുമുണ്ട് ഒരനുഭവം. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിലേക്ക് പ്രസിദ്ധീകരണത്തിന് അയച്ച എന്റെ കുട്ടിക്കവിതകളുടെ സമാഹാരത്തിന് അക്കിത്തത്തിന്റെ ഒരു മുഖവുര കൂടി ഉണ്ടാവും. എന്നറിയിച്ചപ്പോൾ ഇടതുപക്ഷ അനുഭാവിയായ സംഘം ഉദ്യോഗസ്ഥന്റെ മറുപടി ഇതായിരുന്നു.

"അതുവേണ്ട ആ ഒറ്റക്കാരണംകൊണ്ടുതന്നെ പുസ്തകം പ്രസിദ്ധീകരണത്തിന് എടുത്തില്ലെന്നു വരും."

ചെറിയമനസ്സുകൾക്കിടയിലെ വലിയ ജീവിതം കാണാത്തവരാവും അങ്ങനെയൊക്കെ ചിന്തിക്കാനും പറയാനും മുതിരുന്നവർ.

എല്ലാവരും വേല ചെയ്യുന്ന കയ്യിനും നാവിനും വിലങ്ങു വീഴാത്ത തലയും വയറും നിറയുന്ന ഒരു കാലമാണ് താനും സ്വപ്നം കാണുന്നതെന്ന് ഇരുപതാം നൂറ്റാണ്ടിന്റെ ഈ ഇതിഹാസകാരൻ പറയുന്നുണ്ട്. വലിയ സത്യത്തിൽ നിന്നുതന്നെയാണ് വലിയ സൗന്ദര്യമുണ്ടാകുന്നതെന്നും ദർശനവൈഭവം കൊണ്ട് ഋഷിതുല്യനായ കവിയാണ് അക്കിത്തമെന്ന് പുരസ്കാരം കൈമാറുന്നചടങ്ങ് ഓൺലൈനായി ഉദ്ഘാടനം ചെയ്യവെ മുഖ്യമന്ത്രി പിണറായി വിജയനെക്കൊണ്ട് പറയിച്ചതും ഈ വീക്ഷണവ്യത്യാസത്തിന്റെ ഗരിമ തന്നെയാവും. "വെളിച്ചം ദുഃഖമാണുണ്ണി തമസല്ലോ സുഖപ്രദം" എന്ന വരികൾ ആരുടേതാണെന്നുപോലും ഓർക്കാത്ത സാധാരണക്കാരന്റെ ചുണ്ടിൽ നിലനിൽക്കുന്നുവെങ്കിൽ അതെഴുതിയ കവി ജനകീയനല്ലാതെ വരില്ലല്ലോ.

മലയാള കവിതയെ കാൽപ്പനികതയിൽ നിന്നും ആധുനികതയിലേക്കു നയിച്ച അക്കിത്തത്തന്റെ ഈ കവിതകളിലെ ദർശനം സ്നേഹമാണെന്ന് ഡോ. ചാത്തനാത്ത് അച്ചുതനുണ്ണിയും പറയുന്നുണ്ട് അദ്ദേഹത്തിന്റെ ഭാഷയിൽ അത് സ്നേഹത്തിന്റെ വെളിച്ചമാണ്. അതിൽ കണ്ണീരാണ് പ്രതീകം. സങ്കടങ്ങളുടെ ആനന്ദത്തിന്റെ, വാത്സ്യത്തിന്റെ, സ്നേഹത്തിന്റെ കണ്ണീർ.


സനാതനവും വിശാലവുമായ ദാർശനിക തലത്തിസലാണ് അക്കിത്തം കവിതകളെടെ പിറവിയെന്നു ചുരുക്കത്തിൽ പറയാം. സമന്വയത്തിന്റെയും സർവ്വാശ്ലേഷിതത്തിന്റേതുമായ ആ കാഴ്ചപ്പാട് ചിലർക്കെങ്കിലും അംഗീകരിക്കാൻ കഴിയാതെ പോയിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടാനില്ല അക്കിത്തം തന്നെ പറയുന്നു:

**ശരാശരിക്കു താഴെ ജീവിച്ചതുകൊണ്ട് തരക്കേടൊന്നുമില്ല. ശരാശരിക്കു മീതെ മനസ്സ് വ്യാപരിക്കുകയാണ് വേണ്ടത്. അപ്പോൾ മാത്രമേ He who touches this book touches a man എന്ന വിറ്റ്മാന്റെ വാക്കുകൾ അനുവാചകനെകൊണ്ട് പറയിക്കാൻ എഴുത്തുകാരന് കഴിയൂ.**

**"യഥാർത്ഥമായ ജീവിതം കുഴിച്ച് കവി കണ്ണീരുണ്ടാക്കുന്നതു കൂടി കണ്ടോളൂ.**

**"നിരത്തിൽ കാക്ക കൊത്തുന്നു**
**ചത്തപെണ്ണിന്റെ കണ്ണുകൾ**
**മുലചപ്പി വലിക്കുന്നു**
**നരവർഗ്ഗ നവാതിഥി"** ■

കവിത





രവീന്ദ്രൻവൈദ്യർ കൊടാപ്പള്ളി

# കർമ്മരംഗത്തിലിറങ്ങിയാലും

ഒന്നും നിനക്കാതെയെത്തിയ രോഗത്തിൻ
ഒന്നിച്ചകലത്തെ കാത്ത് നിന്നാൽ
രോഗപകർച്ചയിൽ നിന്നു നാം മോചനം
നേടുമെന്നുള്ളതു തീർച്ചതന്നെ,
എല്ലാ നന്മയും നിലം പരിശാക്കിയ
മാരക രോഗമല്ലേ, കോവിഡ്.
നാടിൻ പുരോഗതി പിന്നോട്ടടിപ്പിച്ച-
നാളുകളെത്ര കടന്നുപോയി,
തമ്മിലകലത്തിൽ നില്ക്കുമ്പോഴും നമ്മൾ
പണ്ടത്തെ കാലം മറക്കരുതേ!
തമ്മിലൈക്യപ്പെട്ടുസാഹോദര്യത്തിന്റെ
സംസ്കൃതികൊണ്ടു വളർന്ന നാടിൻ
കീർത്തി സംരക്ഷിച്ചു രോഗ വ്യാപനത്തേ
ജാഗ്രതകാണിച്ചു നേരിടേണം!
എല്ലാതൊഴിലും നിലച്ചുപോയ്, പാടത്തെ-
പൈങ്കിളിപ്പാട്ടും നിലച്ചുപോയി
ദാരിദ്ര്യമാകും പിശാചിന്റെ കൈകളിൽ
പെട്ടുഴലുന്നൊരവസ്ഥകളിൽ
മാറ്റിമറിച്ചു പുതുക്കിപ്പണിയുവാൻ
കർമ്മ രംഗത്തിലിറങ്ങിയാലും.

## ദുരാഗ്രഹത്താലുള്ള പക

(15-ാം പേജിൽനിന്ന് തുടർച്ച)

വേണം, എന്ന് പറഞ്ഞു" ഹാവു ബോധം വന്നല്ലൊ, ഡോക്ടർ സിറിഞ്ചിൽ ഇത്തിരിവെള്ളം വായിലൊഴിച്ചു കൊടുത്തു. എന്തുപറ്റിയതാണെന്ന് ചോദിച്ചു. "ചന്തുകുട്ടി പനവടി കൊണ്ടു തലയ്ക്കടിച്ചു കൂടെ കല്യാണിയും" എന്ന് പറഞ്ഞതും വീണ്ടും ബോധം പോയി. കുഞ്ഞാണ്ടിയേട്ടന്റെ മോളല്ലെ കല്ല്യാണി, ചന്തുക്കുട്ടി മോളെ ഭർത്താവല്ലെ. മോളും ഭർത്താവും കൂടെ അച്ഛനെ ഈ പരുവത്തിലാക്കിലെന്റെ ദൈവമേ.. ഇതെന്തു കഥ. കണ്ടവരും കേട്ടവരും വിഷമത്തിലായി. കുഞ്ഞാണ്ടിയേട്ടൻ വളരെ നല്ല മനുഷ്യനാണ്. ആർക്കെന്തു സഹായവും ചെയ്യുന്നൊരാൾ. ഓപ്പറേഷൻ തിയേറ്ററിൽ കേറ്റിയിരിക്കാ. എന്നാലും എന്തിനാണിങ്ങനെയൊരു കടും കൈ ചെയ്തത്. എന്തെങ്കിലും വഴക്കുണ്ടെങ്കിലതു പറഞ്ഞ് തീർക്കാനുള്ളതല്ലെയുള്ളു. കൃഷ്ണനനും, രാജനും ഗോപാലനുമൊക്കെല്ല്യെ ആൺമക്കളായിട്ട് ഓരോടാരോടെങ്കിലും പറയല്ലെ വേണ്ടത്. സ്വന്തം അച്ഛനല്ലെ? രാത്രി തന്നെ വീട്ടിലും അയൽക്കാരുമെല്ലാം വിവരമറിഞ്ഞു. രാവിലെ നാടുണർന്നത് കുഞ്ഞാണ്ടിയേട്ടനെ മകളും ഭർത്താവും പനവടികൊണ്ട് തലയ്ക്കടിച്ചു കൊന്നു എന്ന വാർത്തകേട്ടാണ്.

കൃഷ്ണേട്ടൻ രാത്രി തന്നെ ഓപ്പറേഷനുള്ള മരുന്നുകളും ഇൻജക്ഷനുള്ള മരുന്നുകളും, ഡോക്ടർ എഴുതിക്കൊടുത്തതെല്ലാം വാങ്ങിക്കൊണ്ടുവന്ന് തിയേറ്ററിൽ കൊടുത്തു. കൃഷ്ണനും സഹോദരങ്ങളും സ്നേഹിതന്മാരും തിയേറ്ററിന് പുറത്ത് കാത്തിരിയ്ക്കയാണ്. എല്ലാവരും ദുഃഖിതരാണ്. ഡോക്ടർ കൃഷ്ണനെ വിളിച്ച് മാറ്റി നിർത്തി പറഞ്ഞു. കുഞ്ഞാണ്ടിയുടെ തലയിൽ നല്ല ആഴത്തിലുള്ള മുറിവാണ്. ഇത് ചെയ്തവരാരായാലും കൊല്ലാൻ വേണ്ടി ചെയ്തതാണ്. ഞങ്ങൾ പരമാവധി ശ്രമിക്കും ഒന്നും നമ്മുടെ കയ്യിലല്ലല്ലൊ. നിങ്ങൾക്ക് ഈശ്വര വിശ്വാസമുണ്ടെങ്കിൽ നന്നായി പ്രാർത്ഥിച്ചോളു.

പിറ്റെ ദിവസം കുഞ്ഞാണ്ടിയേട്ടനെ തിയേറ്ററിൽന്നും ഐസിയുവിലേക്കു മാറ്റി. ആറ് ദിവസം ഐസിയുവിൽ കിടന്നു. പിന്നെ വാർഡിലേയ്ക്കു മാറ്റി. ഇരുപത്തിയെട്ട് ദിവസം കഴിഞ്ഞു കുഞ്ഞാണ്ടിയേട്ടൻ കൂടുതൽ കരുത്തോടെ ഊർജ്ജസ്വലനായി ആശുപത്രിയിൽ നിന്നും വീട്ടിലെത്തി.

പിന്നെ കൃഷിപ്പണിയും മറ്റു കാര്യങ്ങളുമായി കഴിഞ്ഞു. വൈകുന്നേരങ്ങളിൽ പതിവുപോലെ ഇത്തിരി കള്ളടിച്ച് നേരത്തെ വീട്ടിലെത്തി പതിവുപോലെ ഭാര്യയും മക്കളുമൊക്കെക്കൂടി സ്നേഹപൂർവ്വം ജീവിച്ച് സന്തോഷത്തോടെ തൊണ്ണൂറ്റി രണ്ടാം വയസ്സിൽ നിര്യാതനായി. ■



സേവനം തികച്ചും സൗജന്യം

രജിസ്ട്രേഷൻ ചാർജ്ജും-വിവാഹത്തിനു കമ്മീഷനും ഇല്ല

# മംഗളം മാര്യേജ് ബ്യൂറോ

e- mail: radhakrishnannsiada@gmail.com, nakshathrarajyam@gmail.com


C/o Post box No; 1205, Nakshathra Rajyam Tri-Monthly, Mankave P.O., Kozhikode-7

സാമ്പത്തികമായി ഉയർന്ന നിലയിൽ ജീവിക്കുന്നവരും, സാധാരണ സമ്പത്തിക നിലയിൽ ജീവിക്കുന്നരും 12-ക്ലാസ്സ് അല്ലെങ്കിൽ പ്രീ ഡിഗ്രി വരെ മാത്രം കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവരും പെയിന്റർ, കല്പണി തുടങ്ങിയ ബിൽഡിംഗ് നിർമ്മാണ മേഖലയിലും, ടൈലർ, ഇൻഡസ്ട്രിയൽ, മോട്ടോർവാഹനമെക്കാനിക്ക്, ഡ്രൈവർ, ഷോപ്പ് സെയിൽസ് ബോയ്സ് എന്നിത്തരം സ്ക്കിൽഡ് വർക്കേർസും, അൺ സ്ക്കിൽഡ് വർക്കേർസുമായ യുവാക്കൾക്ക് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബയോഡാറ്റയും, ജാതക കുറിപ്പും, ഫോട്ടോയും സഹിതം വധുവാകാൻ ആഗ്രഹിക്കുന്ന പെൺകുട്ടികളോ അല്ലെങ്കിൽ രക്ഷാകർത്താക്കളോ (e-mail:) radhakrishnannsiada@gmail.com, nakshathrarajyam@gmail.com എന്നി ഇ-മെയിലിൽ അപേക്ഷിക്കാവുന്നതാണ്. വിവരങ്ങൾ അറിയിക്കുവാനും, അറിയുവാനും ഫോൺ : 9072832823, 9744233997 എന്നി ഫോൺ നമ്പറിൽ വിളിക്കുക. രജിസ്ടേഷൻ ഫീസും, വിവാഹ ചാർജ്ജ് (കമ്മീഷൻ) ബ്യൂറോ ഈടാക്കുന്നതല്ല. കുറിപ്പ് പരിശോധിച്ച ശേഷം വരന്റെ ബയോഡാറ്റ e- mail അയച്ചുതരുന്നതാണ്. അഡ്രസ്സ് : Mangalam Marriage Bureau, C/o Post box No; 1205, Nakshathra Rajyam Tri-Monthly, Mankave P.O., Kozhikode -7

BIODATA

ഫോട്ടോ

പേര് :
നക്ഷത്രം :
ജനന ദിവസം :
അച്ഛന്റെ പേര് :
അമ്മയുടെ പേര് :
സഹോദരന്മാർ :
സഹോദരികൾ :
വിദ്യാഭ്യാസം :
ജോലി :
മതം - ജാതി :
അഡ്രസ്സ് :
ഫോൺ :
e- mail :
മറ്റുവിവരങ്ങൾ :



ജാതക കുറിപ്പ്

ഏതുപ്രായത്തിലുള്ള സ്ത്രീകൾക്കും, വിവാഹബന്ധം വേർപെടുത്തിയവർക്കും വിധവകൾക്കും പുനർവിവാഹത്തിനും ബയോഡാറ്റ അയക്കാവുന്നതാണ്.


കവിത



# അന്നൊരിക്കലും ഓർത്തില്ല

ബാബുരാജ് ചമ്പയിൽ

ഉണ്ടൊരു കാലം ഓർത്തുചിരിക്കവാൻ
അന്നൊരിക്കലും ഓർത്തില്ല
അന്നൊരിക്കലും ഓർത്തില്ല
തെറ്റും ശരിയും തിരിച്ചറിയാത്തൊരു
കളങ്കമറ്റൊരു പ്രായം കളങ്കമില്ലാത്ത പ്രായം.
ഓരോ ദിവസവും കളിയായ് മാറ്റീടും
കളങ്കമില്ലാത്ത പ്രായം കളങ്കമറ്റൊരു പ്രായം.
കുഞ്ഞായിരിക്കുമ്പോൾ വലിയവനായീടാൻ
വല്ലാതെ മോഹിച്ച കാലം അന്നൊക്കെ-
വല്ലാതെ മോഹിച്ച കാലം
ഉണ്ടൊരു കാലം ഓർത്തു ചിരിക്കുവാൻ
അന്നൊരിക്കലും ഓർത്തില്ല-
അന്നൊരിക്കലും ഓർത്തില്ല
തെറ്റും ശരിയും തിരിച്ചറിയാത്തൊരു-
കളങ്കമറ്റൊരു പ്രായം
കളങ്കമില്ലാത്ത പ്രായം.
ജീവിതമൊരിക്കലും ഭാരമായ്ത്തിരു-
മെന്നന്നൊരിക്കലുമോർത്തില്ല
അന്നൊരിക്കലും ഓർത്തില്ല.
ആമോദമാം ആഗ്രഹം ഉള്ളിലൊ
തുക്കാതൊരുൽസവമാടുന്ന കാലം
ഇമ്പമുണർത്തുമാ കാലം
ഉണ്ടൊരു കാലം ഓർത്തുചിരിക്കുവാൻ
അന്നൊരിക്കലും ഓർത്തില്ല
അന്നൊരിക്കലും ഓർത്തില്ല

നോവലറ്റ്



7



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം

നിരന്തരം വാർത്താചാനലുകളിലും പത്രങ്ങളിലും പ്ലാന്റർ റാണാവധം നിറഞ്ഞുനിന്നിരുന്നതിനാൽ രൂപയും വാർത്തയറിഞ്ഞു. വീട്ടുകാരുമായുള്ള തന്റെ പിണക്കത്തിനു ആക്കം കൂട്ടലുണ്ടാക്കുന്നതായിരിക്കും ഈ വാർത്ത എന്നവൾക്ക് മനസ്സിലായി.

ഘോഷിനെക്കുറിച്ചുള്ള തന്റെ വിവാഹസ്വപ്നം തകർന്നടിയുകയാണോ? വാർത്തയറിഞ്ഞു ആദ്യമൊന്നു ഞെട്ടിയെങ്കിലും രൂപ സമചിത്തത വീണ്ടെടുത്തു.

അവൾ ആഗ്രഹിച്ചു.

ഘോഷിനെ കാണണം. വിവരങ്ങൾ അറിയണം.

കോളേജിലും സമരം കൊടുമ്പിരി കൊള്ളുകയാണ്.

ഒളിവിലുള്ള ഘോഷിനെ എങ്ങിനെ കണ്ടുപിടിക്കും.

ആരോടു വിവരങ്ങൾ ആരായും. രൂപ ആകെ വിഷമത്തിലായി.

മനസ്സ് ഖിന്നമായി. എന്നു മാത്രമല്ല ഘോഷിനെക്കുറിച്ചുള്ള ചിന്തകൾ അതിയായി മനസ്സിനെ നൊമ്പരപ്പെടുത്തി.

കോളേജ് വിദ്യഭ്യാസം കഴിഞ്ഞാൽ ഉടനെ ഘോഷിനെ വിവാഹം ചെയ്യുവാനുള്ള തയ്യാറെടുപ്പിലാണ് രൂപ. എന്നാൽ വിവാഹത്തിനെക്കുറിച്ചു ഘോഷിനോട് ഇതുവരെ ചർച്ച ചെയ്തിട്ടില്ല. തന്നെയുമല്ല തന്റെ പ്രണയം പോലും ഇതുവരെ ഘോഷുമായി പങ്കുവച്ചിട്ടില്ല.

താൻ ഇഷ്ടപ്പെടുന്ന വിവരം ഘോഷിനറിയാം. എന്നാൽ ഘോഷിന്റെ ഭാഗത്തുനിന്നു




ഏതെങ്കിലും വിധത്തിലുള്ള ഉത്സാഹപ്പെടുത്തലുകൾ ഉണ്ടായിട്ടില്ല. അതുപോലെ എക്കാരണങ്ങളാലും നിരുത്സാഹപ്പെടുന്ന ഏതെങ്കിലും വിധത്തിലുള്ള ഇടപെടലുകൾ ഘോഷിന്റെ ഭാഗത്തു നിന്നും ഇന്നുവരെ ഉണ്ടായിട്ടും ഇല്ല. മനസ്സിൽ ഘോഷുമായുള്ള വിവാഹത്തെക്കുറിച്ച് വിശ്വാസം ഊട്ടിയുറയ്ക്കുന്ന കണ്ടെത്തലുകൾ ഇതു മാത്രമാണ്.

ഘോഷിനു പ്രസ്ഥാനമാണ് വലുത്. എന്നാൽ അത് ഏതെങ്കിലും വിധത്തിലുള്ള അധികാര മോഹമോ, ലാഭേഛയോ മൂലം ഉണ്ടായതല്ല. ആത്മാർത്ഥതയും സഹജീവി സ്നേഹവും ആദർശവുമാണ് ഘോഷ് ജീവിതത്തിൽ പകർത്തുന്നത്. നല്ലവനാണ്. എന്നാൽ രാഷ്ട്രീയമായി അവൻ ഭീരുവല്ല.

എന്നോ എടുത്ത തീരുമാനമാണ് രൂപ!...

അവനുമായുള്ള വിവാഹബന്ധം സാധിച്ചില്ലെങ്കിൽ തനിക്ക് വിവാഹമേ വേണ്ട.

ഹൈസ്ക്കൂളിലും അവൻ തന്റെ ക്ലാസ്സിൽ തന്നെയായിരുന്നു കഴിഞ്ഞ എട്ടുവർഷവും. പിന്നീട് കോളേജിൽ നാലുവർഷവും.

എന്നിട്ടും ഇതുവരെ അവനെ കൊണ്ട് തന്നെ സ്നേഹിക്കുന്നുവെന്ന് പറയിക്കാൻ തനിക്ക് ആയില്ല. തന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച തന്നെയാണത്. ഇനി കാത്തിരുന്നാൽ അടി തെറ്റി തന്റെ ജീവിതം പാതാളത്തിൽ നിലം പതിക്കും.

ആലോചിക്കും തോറും രൂപയുടെ മനസ്സിൽ ഒരു ആർജ്ജവം വലയം ചെയ്യുകയാണ്. ഉള്ളിലെ ഊർജത്തിൽ നിന്നു പ്രവഹിക്കുന്ന ഒരു വൈദ്യുതതരംഗത്തിൽ അവളുടെ തീരുമാനങ്ങൾ മനസ്സിൽ വന്നുറച്ചു.

പുറപ്പെടുക തന്നെ!

ആകാശിനേയും രവീന്ദ്രയേയും കാണാൻ രൂപയുടെ മനസ്സ് വെമ്പി. ഏത്രയും പെട്ടെന്ന് അവരെ കാണണം.

ഘോഷിരിക്കുന്ന ഒളിത്താവളം അവർക്കറിയാതിരിക്കില്ല.

പെട്ടെന്ന് അവളുടെ മസ്തിഷ്ക്കം അപായം മണത്തറിഞ്ഞു.

ഘോഷിന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ എന്ന നിലയിൽ അവരേയും പോലീസ് നിരീക്ഷണത്തിൽ വെച്ചിരിക്കാം.

പോലീസ് തങ്ങളെ മൂന്നുപേരെയും നിരീക്ഷിച്ച് ഘോഷിനെയെങ്ങാനം വേട്ടയാടിയാൽ...

ഹോസ്റ്റലിൽനിന്നിറങ്ങന്നത് ആരും അറിയരുത്. വാർഡൻ പോലും...

കൂട്ടുകാരികളോടൊന്നും ഘോഷിനെ കാണാൻ പോവുന്ന വിവരം പറയരുത്.

രൂപ നേരം പുലരുവോളം ഹോസ്റ്റലിലെമെത്തയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നാലോചിച്ചു.

നിദ്രാഹീനമായ പ്രണയവർണ്ണങ്ങളില്ലാത്ത ഒരു രാത്രി.

മധുരസ്വപ്നങ്ങളല്ല, ഭയവിഹ്വലതയുണ്ടാകുന്ന ചിന്തകളാണ് മനസ്സ് താനുമായി പങ്കുവെക്കുന്നത്. ഏതൊരു സ്ത്രീയും ഭയപ്പെടുന്ന സാഹചര്യമാണ് തനിക്കു മുമ്പിലിരിക്കുന്നത്.

ഭയപ്പെട്ടുകൂടാ. താനൊരു കാമുകികൂടിയാണ്.

ഘോഷുമായുള്ള വിവാഹജീവിതം നിറവേറുന്നതിനുവേണ്ടി താൻ ഏതറ്റവും വരെ സഞ്ചരിക്കും. അതിൽനിന്നുണ്ടാകുന്ന അപകടങ്ങളെ മുഴുവൻ തരണം ചെയ്ത് താൻ വിവാഹമെന്ന പറുദീസയിലെത്തും.

അച്ഛനേയും അമ്മയേയും സഹോദരന്മാരേയും കുറിച്ചോർത്തു. കാലിൽ ഒരു മുള്ളുകുത്തിയാൽപോലും മാതൃനോവിൽ വേവലാതിപ്പെടുന്ന അമ്മ. തനിയ്ക്കുവേണ്ടി, തന്റെ പത്രപ്രവർത്തകയാവാനുള്ള മോഹം നിറവേറുന്നതിനു വേണ്ടി തനിക്കൊരു പത്രസ്ഥാപനം തുടങ്ങാൻ എത്ര സ്വത്തും ത്യജിക്കുവാൻ തയ്യാറായി നില്ക്കുന്ന അച്ഛനും സഹോദരന്മാരും. അതൊന്നും തന്റെ മനസ്സിൽ ഒരു നൊമ്പരമായി വേരോടുന്നതേയില്ല. സ്വാർത്ഥിയായ താൻ. പ്രണയത്തിനു വേണ്ടി വീട്ടുകാരെപോലും ത്യജിക്കുവാൻ തയ്യാറായി നില്ക്കുന്ന തന്റെ മനോമുകുരം. തന്നെകുറിച്ചുള്ള തന്റെതന്നെ കണ്ടെത്തലുകളിൽ നിന്നു പോലും രൂപയുടെ മനസ്സിൽ തെല്ലും കുറ്റബോധമുണർന്നില്ല. അല്ലെങ്കിൽ ഉണർത്തിയില്ല.

രൂപ വീടിനെകുറിച്ചുള്ള ചിന്തകൾക്ക് പൂർണ്ണവിരാമമിട്ടു.

വീട്ടുകാരെയെല്ലാം വിരോധികളാക്കിയ നിലക്ക് ഇനിയുള്ള ഏക കച്ചിത്തുരുമ്പ് ആകാശും രവീന്ദ്രയുമാണ്.

അവളുടെ മനസ്സിൽ നവോന്മേഷം പൂത്തു. അത് തളിർത്ത് വിവാഹമെന്ന തന്റെ സ്വപ്നലോകത്ത് കുളിരു കോരിയിട്ട് അപ്പൂപ്പൻ താടിപോലെ വീണ്ടും വീണ്ടും പറന്നുനടന്നു.

വെളുപ്പിനെ കുളിച്ചു. വസ്ത്രങ്ങൾ മാറിയ ശേഷം റൂം വാതിലടച്ച് രൂപ ഹോസ്റ്റൽ കോറിഡോറിലൂടെ നടന്നു. ആരും ഉണർന്നിട്ടില്ല. മേട്രൻ കിടന്നുറങ്ങുകയായിരിക്കും. അവർ ഭക്ഷണം തയ്യാറാകുന്ന സമയത്തെ ഇനി പുറത്തേക്കു വരുകയുള്ളു.

അടുക്കളയിൽ പാചകക്കാരായ അനുസൂയ ബേട്ടിയും, സുനന്ദിതയും തിരക്കിട്ട് പാചകം ചെയ്യുകയാണ്.

രൂപ നടന്നു നടന്നു ആരും കാണാതെ അടുക്കളഭാഗത്തെ കോമ്പൗണ്ട് ചുമരിനടുത്തുള്ള ചെറിയ വാതിലിനടുത്തെത്തി.

റോഡിലേക്കുള്ള ഈ ഡോർ പാചകകാർക്കുമാത്രം ഉപയോഗിക്കുവാനുള്ളതാണ്. ആവശ്യാർത്ഥം അടുക്കളയിലേക്കു വരുന്ന വിറകുകളും പലവ്യഞ്ജനങ്ങളും പച്ചക്കറികളും മറ്റും സൗകര്യപൂർവ്വം എത്തിക്കുവാനും ഈ ഡോർ തുറന്നിടാറുണ്ട്.

രൂപ പമ്മി പമ്മി ആരുടേയും ശ്രദ്ധയിൽപ്പെടാതെ അടക്കാതെയിരുന്നിരുന്ന വാതിൽ കടന്ന് പുറത്തെത്തി.

**(തുടരും**

### കഥ ഇതുവരെ

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും, ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുടങ്ങി. അത് പോലീസ് ലാത്തിച്ചാർജ്ജിലാണ് അവസാനിച്ചത്. ബോസ് വീണ്ടും പ്രണയാദ്യർത്ഥനയമായി രൂപാസെന്നിനെ കണ്ടു. പഴയതുപോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വത്തിൽ ഭക്ഷ്യക്ഷാമത്തിനെതിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കുചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. പ്ലാൻറർ സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. എന്നാൽ പ്ലാന്റർ റാണയുടെ നേതൃത്വത്തിൽ ഡാർജിംഗിലെ തോട്ടം തൊഴിലാളി സമരം പരാജയപ്പെട്ടു ത്താൻ പ്രതിരോധസ്ക്വോഡു രൂപികരിച്ചു പ്രവർത്തനം തുടങ്ങി. ആദ്യവട്ട പ്രവർത്തനമായി സുരേന്ദ്രപ്രസാദിന്റെ തോട്ടത്തിലെ മൂന്നു തൊളിലാളികളെ അവർ വധിച്ചു. തോട്ടം മേഖലാ തൊഴിലാളികൾ പരിഭ്രാന്തിയിലായി. റാണയെ നേരിടാനായി നേതൃത്വം തോട്ടം മേഖലയിലേക്ക്ഘോഷിനേയും സംഘത്തേയും അയച്ചു. അവർ റാണയുടെ ബംഗ്ലാവിൽ എത്തി. ഘോഷ് റാണയുടെ ബഡ്റൂമിനടുത്തെത്തി.ഏറ്റുമുട്ടലിനിടയിൽ റാണ സ്വന്തം സംഘത്തിൻ വെടിയേറ്റു മരിച്ചു. ഘോഷ് ഒളിവിലായി.

**(തുടർന്നു വായിക്കുക)**

**സ്പോർട്സ് വ്യക്തിമുദ്ര**




ഭാസി മലാപ്പറമ്പ്

# ആദിത്ത് ചോളൻ: നാളെയുടെ ഇന്ത്യൻ ഫുട്ബോളർ



ആദിത്ത് ചോളൻ



ആദിത്ത് ചോളൻ



ആദിത്ത് ചോളൻ

**ഫു**ട്ബോളിന്റെ പൊലിമ പതിറ്റാണ്ടുകളായി ഇന്ത്യാരാജ്യം മുഴുവൻ വ്യാപകമാണ്. പാക്കിസ്ഥാൻ, സിലോൺ, ബർമ്മ തുടങ്ങിയ എല്ലാ രാഷ്ട്രങ്ങളും ഇന്ത്യൻ ഫുട്ബോളിന്റെയും കാലിക്കറ്റ് എന്ന് വിളിക്കുന്ന കോഴിക്കോടൻ ഫുട്ബോളിന്റേയും ആവേശങ്ങൾ ഹൃദയങ്ങളിൽ സൂക്ഷിക്കുന്നവരാണ്. ഫുട്ബോൾ മനുഷ്യഹൃദയങ്ങളെ വികസിതമാക്കുന്നു, സഹായഹസ്തങ്ങൾക്ക് ജന്മം നൽകുന്നു എന്ന് വിശ്വസിക്കുന്നവരാണ് തെന്നിന്ത്യൻ ഫുട്ബോൾ പ്രേമികൾ എന്നത് ഇന്ത്യാ രാഷ്ട്രത്തിൽ മുഴുവൻ പ്രസിദ്ധമാണ്– അയൽപ്രദേശ വാസികളെ അസൂയാലുക്കളാക്കുന്ന പ്രശംസാപദങ്ങളുമാണ്. കോഴിക്കോടിനെപ്പറ്റി മാത്രം പറയുകയാണെങ്കിൽ മുൻകാല മാനാഞ്ചിറ മൈതാനത്തും പിൽകാലത്ത് 1961 മുതൽ ഈ.എം.എസ് സ്റ്റേഡിയത്തിലും കളിക്കുവാനും കളി കാണുവാനും എത്തുന്ന പതിനായിരങ്ങൾക്ക് കോഴിക്കോടൻ കാണികളുടേയും കായിക പ്രേമികളുടെയും സ്പോർട്സ്മാൻഷിപ്പ് നേർവഴി കാണിക്കുന്ന പൊൻപാത തന്നെയാണ്.

ആ പൊൻപാതയുടെ മാർഗ്ഗദർശിത്വം നൽകുവാൻ പ്രേരകമാകുന്ന ഒരു കൊച്ചുബാലൻ ഇപ്പോൾ "യൂറോപ്പിന്റെ പൊൻഭൂമി" എന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്പെയിനിൽ "ഫുട്ബോൾ പണിപ്പുര" യിലെ കഠിനപ്രയത്നത്തിലാണ്.

കേരളത്തിന്റെ മുൻ മന്ത്രി എ.സി. ഷൺമുഖദാസിന്റെ മകൾ ഡോ. ഷെറിനയുടെയും മദിരാശിക്കാരനായ ഡോ. വീരചോളന്റെയും മകനായ പതിനേഴ്കാരൻ ആദിത്ത് ചോളൻ!–ചെന്നൈക്കാരൻ!

സ്പെയിനിൽ ഫുട്ബോൾ പരിശീലനം എന്ന് അറിയുമ്പോൾ ഈ എഴുത്തുകാരന്റെ ഹൃദയത്തിൽ ഓടി



ആദിത്ത് ചോളൻ



ആദിത്ത് ചോളൻ



ആദിത്ത് ചോളൻ

യെത്തുന്നത് "എസ്പാന' 82 "എന്ന് ഫുട്ബോൾ ലോകം നാമകരണം ചെയ്തിട്ടുള്ള 1982 ലെ ഫിഫ ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ഓർമ്മകളാണ്. ലോകകായിക മേഖലയിലെ ഏറ്റവും ഉന്നതിയിലുള്ള ചാമ്പ്യൻഷിപ്പ് എന്നു റിക്കാർഡോടെ വിരാജിക്കുന്ന, നാലുവർഷങ്ങളുടെ ഇടവേളകളിൽ അരങ്ങേറുന്ന, ഫിഫ ലോകകപ്പ് ചാമ്പ്യൻഷിപ്പിലെ 1982 മുതൽ ഇതുവരെ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള പത്ത് ചാമ്പ്യൻഷിപ്പുകളിൽ എട്ട് ചാമ്പ്യൻഷിപ്പുകളും (1982, 1986, 1990, 1998, 2002, 2006, 2010, 2014), യൂറോപ്യൻ വൻകരാ ഫുട്ബോൾ ചാമ്പ്യൻഷിപ്പായ ഒരു "യൂറോകപ്പ് ഫുട്ബോൾ " ചാമ്പ്യൻഷിപ്പും (ആസ്ട്രിയ- സ്വിറ്റ്സർലാണ്ട് 2008) മത്സരവേദികളിലെ മീഡിയാ സീറ്റുകളിലെത്തി വാർത്താപേജുകളിൽ കൂടിയും (മലയാള മനോരമ, ജനയുഗം) ടെലിവിഷൻ മേഖലയിൽ കൂടിയും ഫുടോബോൾ പ്രേമികളുടെ ഹൃദയങ്ങളിലെത്തിക്കുന്ന ദൌത്യം നിർവ്വഹിക്കുവാൻ ഭാഗ്യം സിദ്ധിച്ച ഈ ലേഖകന്ന് യൂറോപ്യൻ ഫുട്ബോളിന്റേയും ലോകഫുട്ബോളിന്റേ തന്നെയും ശക്തികേന്ദ്ര ഭൂമിയെന്ന് വിശേഷിപ്പിക്കുന്ന സ്പെയിനിലെ (പൈതൃകഭൂമിയായി ഇംഗ്ലണ്ടിനെ ഇപ്പോഴും ബഹുമതിസ്ഥാനത്ത് നിർത്തുന്നുണ്ടെങ്കിൽ പോലും) ഒരു മൈതാനത്ത് ഒരു അർദ്ധ കേരള പുത്രൻ കാൽപ്പന്തുകളിലുടെ കേളീനൃത്ത പരിശീനത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്ന് അറിയുമ്പോൾ ഉണ്ടാകുന്ന ഹൃദയാഹ്ലാദം ആകാശത്തോളം ഉയർന്നതു തന്നെയാണ്.

എസ്പാനാ 82 ലോകകപ്പ് ഫുട്ബോൾ റിപ്പോർട്ടിങ്ങിനിടയിൽ റയൽ മാഡ്രിഡ് ക്ലബ്ബും ബാർസിലോണ ക്ലബ്ബും സ്വന്തം സ്റ്റേഡിയങ്ങളിൽ സംഘടിപ്പിക്കുന്ന കോച്ചിങ്ങ് ക്യാമ്പുകളും പരിശീലന ക്യാമ്പുകളുടെ നടത്തിപ്പ് രീതികളും നേരിൽ കണ്ട് മനസ്സിലാക്കുവാൻ ഒരു മുൻഫുട്ബോളർ എന്ന നിലയിലുള്ള മാനസിക വികാരങ്ങൾ എന്നെ പ്രേരിപ്പിക്കുകയുണ്ടായി. പന്ത്രണ്ട് വയസ്സിന് താഴെയുള്ള കുട്ടികളേയും പതിനഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളേയും പ്രത്യേക ഗ്രൂപ്പുകളാക്കി വെള്ളിയാഴ്ച സായാഹ്നങ്ങളിൽ ആരംഭിച്ച് തിങ്കളാഴ്ച രാവിലെ എട്ട് മണിവരെയുള്ള പരിശീലന ക്യാമ്പുകളിൽ പങ്കെടുപ്പിക്കുന്ന ഫുട്ബോൾ കോച്ചിങ്ങ് പ്രോഗ്രാമുകൾ റയൽ മാഡ്രിഡ് ക്ലബ്ബും ബാർസിലോണ ക്ലബ്ബും സ്വന്തം സ്റ്റേഡിയങ്ങളോട് അനുബന്ധിച്ചുള്ള പരിശീലന ഗ്രൗണ്ടുകളിലും സ്റ്റേഡിയം കോച്ചിങ്ങ് ഏരിയകളിലും വെച്ച് നടത്തുന്നത് നേരിൽ കാണുവാൻ ഭാഗ്യമുണ്ടായ വ്യക്തിയാണ് ഞാൻ. അച്ഛനമ്മമാർ കുട്ടികളെ വെള്ളിയാഴ്ച സായാഹ്നങ്ങൾക്കു മുമ്പ് പരിശീലന കേന്ദ്രങ്ങളിൽ എത്തിക്കുന്നു; തിങ്കാളാഴ്ച രാവിലെ വരെ കുട്ടികൾ ക്യാമ്പ് നിവാസികളാണ്. തിങ്കളാഴ്ച രാവിലെ പരിശീലനത്തിന്നു ശേഷമാണ് അവർ സ്വന്തം വീടുകളിലേക്ക് മടങ്ങുന്നത്.

ഇങ്ങിനെ നടത്തിവന്ന കോച്ചിങ്ങ് ക്യാമ്പുകൾ സന്ദർശിച്ച ശേഷം ഇംഗ്ലീഷുഭാഷ കൈകാര്യം ചെയ്യുവാൻ അറിയാവുന്ന പരിശീലകരോടും കുട്ടികളുടെ രക്ഷിതാക്കളോടും സംസാരിക്കുവാനും എനിയ്ക്ക് അവസരം ലഭിച്ചിട്ടുണ്ട്. മാഡ്രിഡ് നഗരത്തിൽ തന്നെ നിവാസിയായ ഒരു കുട്ടിയുടെ മാതാപിതാക്കൾ അല്പമറിയുന്ന ഇംഗ്ലീഷുവാക്കുകളിൽകൂടിയും ആംഗ്യഭാഷയിലൂടെയും എന്നെ അറിയിച്ച കാര്യവും ആദിത്ത് ചോളന്റെ വിദേശപരിശീലനത്തെപ്പറ്റി അറിഞ്ഞപ്പോൾ ഹൃദയത്തിലേക്ക് ഓടിയെത്തിയതും ഇവിടെ രേഖപ്പെടുത്തട്ടെ.

റയൽമാഡ്രിഡ് ക്ലബ്ബിന്റെ കീഴിൽ നടന്ന കുട്ടികളുടെ കോച്ചിങ്ങ് ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കളിലെ രണ്ടുമൂന്നു സംഘം വിദേശ ലേഖകനായ എന്നോട് പറഞ്ഞത് ഇങ്ങിനെയായിരുന്നു.

"ഫുട്ബോളാണ് ഞങ്ങളുടെ ജീവൻ. ഫുട്ബോൾ ഇല്ലാതെ ഒരു ദിവസം പോലും കഴിച്ചുകൂട്ടാൻ സാധ്യമല്ല"

"ഫുട്ബോളാണ് ഞങ്ങളുടെ ഭക്ഷണം. അത് കുട്ടികൾക്ക് കൊടുക്കേണ്ടത്. ഞങ്ങളുടെ കടമയാണ്."

മറ്റൊരു മാതാപിതാസംഘം ഇന്ത്യൻ ലേഖകനോട് പറഞ്ഞ വാക്കുകൾ അങ്ങിനെയായിരുന്നു.

ഫുട്ബോളിന്റെ ജന്മഭൂമിയെന്ന് വിശേഷിപ്പിക്കുന്ന, ആരാധിക്കുന്ന ഇംഗ്ലണ്ടിനുപോലും മാതൃഭൂമിയായി പ്രവർത്തിക്കുന്ന മേഖലയാണ് സ്പെയിനും ജർമ്മനിയും എന്ന് ഫിഫാലോകകപ്പ് റിപ്പോർട്ടിങ്ങിനിടയിൽ എന്റെ ഹൃദയത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന് ഇവിടെ എഴുതട്ടെ. അങ്ങിനെയുള്ള സ്വർണ്ണമേഖലയിലെ മണ്ണിലെ പരിശീലന ക്യാമ്പിൽ പ്രവേശനം ലഭിച്ച് ഫുട്ബോൾ പരിശീലനം നടത്തുന്ന ആദിത്ത് ചോളൻ ഇന്ത്യൻ ഫുട്ബോളിലെ നാളെയുടെ സ്വർണ്ണ താരമാകും എന്ന് പ്രതീക്ഷ അർപ്പിക്കുന്നതിൽ ഒരു പിശകും ഇല്ലെന്നും എഴുതുന്നു. ഫുട്ബോൾ എപ്പോഴും കായിക ബുദ്ധിവൈദഗ്ദ്യ മേഖലയും കൂടിയാണ് എന്നും കുറിയ്ക്കുന്നു. ഫുട്ബോൾ കളിക്കാരന്റെ കായിക വൈദഗ്ദ്യം മാത്രമല്ല വികസിപ്പിക്കുന്നത്; ബുദ്ധിവികാസത്തിനും വഴിയൊരുക്കുന്നുണ്ട്.

മുൻ ബാലുശ്ശേരി എം.എൽ.എ യും മുൻ കേരള മന്ത്രിയുമായിരുന്നു എ.സി. ഷൺമുഖദാസ് ബാലുശ്ശേരി മേഖലകളിൽ ഫുട്ബോൾ പരിശീലന ഗ്രൗണ്ടുകൾ നിർമ്മിക്കുവാനും വിദ്യാലയങ്ങളിൽ കായികമേഖലകൾ ഉയത്തിയെടുക്കുവാനും മുൻകയ്യെടുത്തത് അദ്ദേഹത്തിന്റെ പ്രവർത്തനകാലഘട്ടത്തിൽ ബാലുശ്ശേരിയിലെ സർക്കാർ എഞ്ചിനിയറായിരുന്ന ഈ ലേഖകന് വളരെ നന്നായി അറിയാം. അത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടിവരികയും ചെയ്തിട്ടുണ്ട്. ഷൺമുഖദാസിന്റെ പൌത്രനായി (മകളുടെ മകൻ) ഭൂജാതനായ ആദിത്ത് ചോളനിൽ കായികമേഖലയുടെ രക്തത്തുള്ളികൾ കൂടി ലയിച്ചു ചേർന്നിട്ടുണ്ടെന്നതിന്റെ വലിയ ഉദാഹരണമായിട്ടാണ് ആദിത്തിന്റെ വിദേശ

ഫുട്ബോൾ പരിശീലനത്തെ ഞാൻ ഉന്നയിക്കുന്നത്. പഠനകാലത്ത് ചെന്നൈയിൽ മഹോഗനി ഫുട്ബോൾ ക്ലബ്ബിനായി പന്തുതട്ടിയ കൊച്ചുകളിക്കാരനാണ് പിന്നീട് പോർച്ചുഗലിലെ എഫ്.സി പോർട്ടോയുടെ ഫുട്ബോൾ അക്കാദമിയിൽ പരിശീലനം തേടിയെത്തിയത്. ചെന്നൈ എഫ്.സിയുടെ അണ്ടർ- 13 ടീമിലും അഖിലേന്ത്യാ ഫുട്ബോളോൾ ഫെഡറേഷന്റെ അണ്ടർ-16 യൂത്ത് ലീഗിലും പന്ത് തട്ടിയ കൊച്ചു കളിക്കാരനാണ് ഇപ്പോൾ വിദേശഫുട്ബോൾ പരിശീലന മേഖലയിലൂടെ "ഫുട്ബോൾ എന്റെ ജീവനാണ്" എന്ന് പ്രഖ്യാപിക്കുന്നത്.

ചെന്നൈ നിവാസിയായതിനാൽ 2017 ലെ ചെന്നൈ സബ്ബ് ജൂനിയർ ടീമിന്റെ ജർസി അണിയുകയും ചെയ്തിട്ടുണ്ട്. ജർമ്മൻ ക്ലബ്ബായ ഡി.എഫ്.ഐ യുടെ ട്രയൽസിൽ ജർമ്മനിയിലെ കോച്ചിങ് ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതാണ് ആദിത്ത് ചോളൻ. പക്ഷേ, കൊച്ചു പ്രായത്തിൽ തന്നെ വിദേശ പരിശീലനം വേണ്ട എന്ന് തീരുമാനിക്കപ്പെടുകയാണുണ്ടായത്.

2018 ലാണ് എഫ്.സി പോർത്തോ എന്ന വലൻസിയ/സ്പെയിൻ ക്ലബ്ബിന്റെ ട്രെയിനിങ്ങ് ക്യാമ്പിലേക്ക് പ്രവേശനം ലഭിച്ചത്. രണ്ടു വർഷങ്ങൾക്കുശേഷം 2020 ൽ മലാഗസിറ്റിയിൽ (സ്പെയിൻ) എത്തുകയായിരുന്നു.

നാളെയുടെ തമിഴ്നാട്/കേരള ഫുട്ബോളറേയും ഇന്ത്യൻ ഫുട്ബോളറേയും സമ്മാനിക്കുവാൻ പ്രാപ്തിയുള്ള പരിശീലന ക്യാമ്പിലാണ് ആദിത്ത് ചോളൻ എന്ന യുവ ഫുടോബോളർ ഉള്ളത് എന്നത് കേരള ഫുട്ബോൾ പ്രേമികൾക്കും വളരെ ആവേശവും പ്രചോദനവും നൽകുന്ന കാര്യമാണ്. ഭൂമിയിലേക്ക് പിറന്നു വീണത് കേരളീയ ഗർഭപാത്രത്തിൽ നിന്ന് എന്നത് കേരളത്തിന്നു പ്രചോദനം കൂടിയാണല്ലോ. ■


ആശംസകളോടെ...

**ആത്മപ്രഭാലയ**

**ബനാന ചിപ്സ് സെന്റർ**




**കളിപ്പൊയ്ക**
**പി.ഒ. കോട്ടൂളി**
**കോഴിക്കോട്-16**
**ഫോൺ: 9744960052**








**25-ാം വിവാഹ വാർഷികം**

**പ്രദീപ്കുമാർ** M. **ശ്രീയ** M.
**മാപ്പൊയിൽ ഹൗസ്**
**പുതിയറ**
**ജയിൽ റോഡ്**

**ആശംസകളോടെ**
**നക്ഷത്രരാജ്യം ത്രൈമാസിക-കോഴിക്കോട് -7,**
**പ്രദീപ് എഞ്ചിനിയറിംഗ് &**
**ഓട്ടോ മൊബൈൽസ്, പുതിയറ, കോഴിക്കോട്.**

**Dinesh K.T.**
**Ph: 9946309061, 9387425579**
**NEELGIRI POOJA STORES &**
**AVS POOJASTORE**
**Thali, Calicut**
**ഭക്ത ജനങ്ങളുടെ വിശ്വസ്ത സ്ഥാപനം**

India's No - 1
AKSHAYA WATER PROOFING
**29 - 851, Kottooli,Mavoor Road, Kozhikode - 673016**
**Mob : P.P. PRADEEP - 9447312616, 9037940457**
**E-Mail : aakshayawaterproof@gmail.com**



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരിന്റിയോടുകൂടി ചെയ്തുകൊടുക്കുന്നു.

ഓർമ്മ

# ശ്രീ. കെ.എസ്. കോയ





**നാ**ടക നടനും കലാകാരന്മാരുടെ സംഘടനയായ നന്മയുടെ (National Assosiation for Malayalam Artist) കോഴിക്കോട് ജില്ലാസെക്രട്ടറിയും, സംസ്ഥാന സെക്രട്ടറിമാരിൽ ഒരാളുമായ ശ്രീ. കെ.എസ്. കോയ നിര്യതനായി. കോഴിക്കോട്ടെ അമേചർ, പ്രൊഫഷണൽ നാടക ട്രൂപ്പുകളിൽ സജീവ സാന്നിദ്ധ്യമായിരുന്നു. 2020 സപ്തംബർ 8 ചോവ്വാഴ്ച കോഴിക്കോട് കുണ്ടുങ്ങൽ മാളിയേക്കൽ റോഡിലെ വസതിയിൽ വെച്ചായിരുന്നു അന്ത്യം. കോഴിക്കോട് സംഗമം തിയേറ്റേഴ്സിന്റെ നാടകങ്ങളിലും ചിരന്തന, സ്റ്റേജ് ഇന്ത്യ, ദേശാഭിമാനി തിയേറ്റേഴ്സ് തുടങ്ങിയ പ്രൊഫഷണൽ അമേചർ നാടക ട്രൂപ്പുകളിലും പതിറ്റാണ്ടുകളോളം നടനായി അദ്ദേഹം കലാ ജീവിതം സ്റ്റേജുകളിൽ അർപ്പിച്ചു. ശബ്ദഗാംഭീര്യത്തിൽ തന്മയത്വമായ ഭാവങ്ങളാൽ കഥാപാത്രങ്ങളെ സ്വതസിദ്ധമായ ശൈലിയിൽ അവതരിപ്പിക്കുവാൻ കഴിവുള്ള ശ്രീ. കെ.എസ്. കോയയുടെ വിടവാങ്ങൽ നാടകലോകത്തിനുത്തന്നെ വലിയൊരു നഷ്ടമായാണ് കലാകാരന്മാരായ നാടക പ്രവർത്തകർ കാണുന്നത്. ഭാര്യ: ശെരീഫ, മക്കൾ: വസീം, അനീസ് (ഇരുവരും ദുബായിൽ), റുബീല. മരുമക്കൾ: മനാഫ് (കുവൈറ്റ്), സജ്ന, ജുസൈന.

ശ്രീ. കെ.എസ്. കോയക്ക് "നക്ഷത്രരാജ്യം" ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

കവിത

# അച്ഛൻ



**ജ്യോതി കെ.ടി.**

ഓർമ്മയിലൊരുഷസായി വിള-
ങ്ങുന്നതെൻ താതന്റെ രൂപം
എൻ ബാല്യ-കൗമാര-യൗവനങ്ങ-
ളിൽ ഞാൻ കണ്ട ലാളിത്യ രൂപം
കളിചിരിയിൽ, വാക്കിൽ, വരയിൽ, വർണ്ണനകളിൽ
അനുകരിക്കാവുന്ന പുണ്യരൂപം.
എൻ വാക്കിലും നോക്കിലും പ്രവൃത്തിയിലും
അനുകമ്പ നിറച്ചതാ പുണ്യരൂപം.
എന്നെ ഞാനാക്കിയതാ മഹാനുഭാവൻ.

ബാല്യകാലത്തിലെൻ കുഞ്ഞു പരിഭവങ്ങളെ
ചെറുപുഞ്ചിരിയാൽ കഥകൾ പറഞ്ഞും,
നന്മതൻ ചെറുവിത്തുകൾ പാകിയും-
കുഞ്ഞുമനസ്സിനുണർവേകിയെന്നച്ഛൻ.
കൗമാര യാത്രയിൽ ചപലവികാര
ങ്ങൾക്കടിമപ്പെടാതെ-
ഉണ്മയാലെന്നെ ചേർത്തു പിടിച്ചതും
ആദ്യമായ് ഋതുമതിയായ നേരത്തെൻ കണ്ണി-
ലുരുണ്ടുവന്ന മിഴിനീർത്തുള്ളികൾ ആരും-
കാണാതെ തുടച്ചാശ്വാസവാക്കിനാൽ മെല്ലെ-
പ്പുണർന്നെന്നെ നെഞ്ചോടുചേർത്തതു മച്ഛൻ.

ദേശസ്നേഹത്തിൻ കഥകൾ പറഞ്ഞും
മതസൗഹാർദ്ദം ജീവിത യാത്രയിൽ പകർത്തിയും
ഭക്തിയും ക്ഷമയും നിറഞ്ഞൊരീ ജീവിതമെത്ര-
സുന്ദരമെന്നു പഠിപ്പിച്ചതു മച്ഛൻ.
ചിലനേരങ്ങളിൽ പറയാതെ പറയുന്ന-
വാക്കുകൾ നോക്കുകൾ എല്ലാം-
മെല്ലാം എന്നെ ഞാനാക്കി മാറ്റി.
ഒടുവിൽ ഞാൻ ദീർഘസുമംഗലിയാകുമ്പോ-
ഴാശിർവദിച്ചനുഗ്രഹിച്ചെന്നെ യാത്രയാക്കവെ
വലിയ കണ്ണടയുക്കുള്ളിൽ ആ-
രുംകാണാതെയൊളിപ്പിച്ച
മിഴിനീർ കണങ്ങൾ അച്ഛന്റെതായിരുന്നു.
വർഷവും വിഷുവും കഴിഞ്ഞുപോയി
കാലചക്രമുരുണ്ടുവീണ്ടും.
ഒടുവിലൊരുയാത്രക്കനുമതി ചോദിക്കാതെ-
ഇടറുന്ന വേദനതന്നുപോയി.
ഇനിയൊരു ജന്മമുണ്ടെങ്കിലീയച്ഛന്റെ-
മകളായി പിറന്നെങ്കിലിന്നു മാശിക്കുന്നു ഞാൻ.

# New Style Dresses




Gents & Ladies
Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

## NAKSHATHRA SILKES & SAREES

P.S.C. BANK BUILDING
Pantheerankave, Mob: 9400931425



SilkDesigner Sarees
Churidar Materials Kids Wears



## ന്യൂകൃപ എക്സ്റെ & ലബോറട്ടറി

വയനാട് റോഡ്, Op. ഫാത്തിമ ഹോസ്പിറ്റൽ,
കോഴിക്കോട്
MOB : VINODINI HARIDAS 9447462050

## T. Kumaran Vaidyar's
## JAYAPRAKASH PHARMACY

**Malapparamba, Kozhikode - 9,**



**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**





## DHANA LAKSHMI JEWELLERY





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
Prop : M.C. Vinodkumar : Mob : 9847070204
Shop : 2331737, Resi : 2324410

## MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

## MANAMKULAM ENTER PRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

## Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

## മനോജ് ടീ സ്റ്റാൾ



കുറ്റിയിൽതാഴം
കോഴിക്കോട്



ഫോൺ: മനോജ് 9847915793

## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം

കൊളത്തായ് കോംപ്ലക്സ്, പാല
ഫോൺ: 9061434339, 9497752475

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ,സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ,
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്

## CAR TECH

**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



GOVERNMENT APPROVED
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

കഥ



കാരിത്തടം വർക്കി

# ചിറകൊടിഞ്ഞ ശലഭം



**ചെ**മ്പരത്തിയും കോളാമ്പിപ്പൂക്കളും തലനീട്ടി നിൽക്കുന്ന ഇടവഴിയിൽ വച്ചാണ് ആ ചെറുപ്പക്കാരനെ സുമതി കണ്ടുമുട്ടിയത്. സുമതിയുടെ വീടിന്റെ മുന്നിലെത്തുമ്പോൾ അയാൾ താൽപ്പര്യപ്പൂർവ്വം സുമതിയെ നോക്കാറുണ്ടായിരുന്നു. ആ കള്ളനോട്ടം ഒളിക്കണ്ണാൽ സുമതി മനസ്സിലാക്കിയിരുന്നു.

അശോകൻ എന്നാണ് അയാളുടെ പേര്. സുതിയുടെ അച്ഛനും അമ്മയ്ക്കും അയാളെ അറിയാം. സുമതിയുടെ അമ്മ അയാളുമായി സംസാരിക്കുന്നത് പലപ്പോഴും സുമതി കണ്ടിട്ടുണ്ട്. അയാളുടെ സ്വഭാവ ഗുണങ്ങളെക്കുറിച്ച് പുകഴ്ത്തി പറയുന്നതും സുമതി കേട്ടിട്ടുണ്ട്.

ഒരിക്കൽ സുമതിയുടെ വീട് പുതുക്കിപണിയുവാൻവേണ്ടി അശോകനെയും അമ്മ സഹായത്തിനു വിളിച്ചിരുന്നു. ഏതാനും ദിവസം അടുത്തിടപഴകുവാൻ സുമതിക്ക് അവസരം കിട്ടി. ഈ ചുരുങ്ങിയ കാലത്തിനിടയിൽ അവർ പ്രണയബദ്ധരായിക്കഴിഞ്ഞിരുന്നു.

അശോകന്റെ വീട്ടുകാർ പെണ്ണു കാണാൻ വന്നു. അവർക്കും സുമതിയെ ഇഷ്ടമായി. ഒരു മാസത്തിനുള്ളിൽ സുമതിയും അശോകനുമായുള്ള വിവാഹം നടന്നു.

വിവാഹത്തിനുശേഷം പെറ്റമ്മയേക്കാളേറെ അശോകനെന്നെ സ്നേഹിച്ചു. സുമതി ആവശ്യപ്പെടുന്നതെന്തും വാങ്ങിക്കൊടുക്കുമായിരുന്നു. സുമതിയുടെ അച്ഛനമ്മമാർ നൽകിയതിന്റെ പതിന്മടങ്ങ സ്നേഹം അശോകൻ സുമതിക്കു നൽകി. എന്നാൽ ആ സ്നേഹമെല്ലാം ചില്ലുപാത്രം പോലെ സുമതിയുടെ അമ്മ തല്ലിയുടച്ചു.

സുമതിയുടെ അമ്മയോടൊപ്പം പല ആവശ്യങ്ങൾക്കായി സുമതി ടൗണിൽ പോയിട്ടുണ്ട്. സുമതിയറിയാത്ത പലരുമായി അമ്മ സംസാരിക്കുന്നത് കണ്ടിട്ടുണ്ട്. എന്തു ബന്ധം കൊണ്ടാണ് അവരെ അമ്മ അറിയുന്നതെന്നു സുമതി മനസ്സിലാക്കിയിരുന്നില്ല. വിവാഹം കഴിഞ്ഞിട്ടും രണ്ടാഴ്ച കൂടുമ്പോൾ അമ്മ സുമതിയെ ടൗണിലേക്ക് കൂട്ടിക്കൊണ്ടു പോകുമായിരുന്നു.

അമ്മയുടെ ഊരുചുറ്റലിൽ ബന്ധുവീട്ടുകാർക്ക് എതിർപ്പുണ്ടായിരുന്നു. സുമതിയും അമ്മയുടെ ഈ സഞ്ചാരം ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു വർഷം കഴിഞ്ഞപ്പോൾ സുമതിയുടെ അമ്മയ്ക്ക് അശോകന്റെ വീട്ടുകാരോട് താൽപര്യം കുറഞ്ഞു. ഒരു ദിവസം അമ്മ സുമതിയോട് പറഞ്ഞു "മോളേ... നമുക്ക് ഈ ബന്ധം വേണ്ട." സുമതിയതു കേട്ട് ഞെട്ടി. അശോകനെ വേർപിരിയാൻ സുമതി ഒരുക്കമല്ലായിരുന്നു. "നീ അവന്റെയൊപ്പം ജീവിക്കാൻ തന്നെ തീരുമാനിക്കുകയാണെങ്കിൽ ഇനിയൊരിക്കലും ഈ വീട്ടിൽ കാലുകുത്തരുത്." അമ്മ കലിതുള്ളി.

അന്ന് സുമതി ഒരുപാട് കരഞ്ഞു. അശോകനേയും വീട്ടുകാരേയും ഓർത്തപ്പോൾ സുമതിക്കു പോകാതിരിക്കാൻ കഴിയില്ലെന്നായി. എന്നാൽ അമ്മയുടെ ഭീഷണി സുമതിയെ ഭയപ്പെടുത്തി.

"മോളേ... നിനക്ക് വേറൊരാളേ ഞാൻ കണ്ടു വച്ചിട്ടുണ്ട്. സുന്ദരനാണ്. നിനക്ക് ഞാൻ അവനെ തരാം."

അമ്മ വീണ്ടും സുമതിയുടെ മനസ്സ് മാറ്റാൻ ശ്രമിച്ചു.

(ശേഷം 35-ാം പേജിൽ)

കവിത

# അമ്മ



**ജനാർദ്ദനൻ കടുങ്ങപുരം**

അമ്മ, എന്നമ്മ പൊന്നമ്മ
ഓർമ്മയായിട്ടേറെയായി
അമ്മ, എൻ കൺകണ്ട ദൈവം
ഓർമ്മയായിട്ടേറെയായി
മറവിൽ മായാതെ
ഓർക്കുന്നു ഞാനെന്നും
അമ്മതൻ നേർചിത്രം
പൊൻതിളക്കമോടെ
കരിവാളിച്ച മുഖത്ത്
നീർചാലുകൾ നനഞ്ഞ്
പെറ്റമകനുവേണ്ടി
നെഞ്ചുഴിഞ്ഞൊരമ്മ
കോന്തലതുമ്പിൽ കെട്ടിയ
നാണയത്തുട്ടിനായ് കേണപ്പോൾ
മകനെ എത്രനാൾ നീയിങ്ങനെ
എന്നു കൺനിറച്ചു ചോദിച്ചമ്മ
വരുമൊരുനാൾ ഭാഗ്യം
അന്നു നമ്മളും നന്നാവും
എന്നുകേട്ടതും നിർവൃതികൊണ്ടമ്മ.
നടന്നു നടന്നു ക്ഷീണിച്ച്
പുഴക്കക്കരെ അലക്കുകല്ലിൽ
ഇരുന്നു ക്ഷീണം തീർത്തമ്മ
ദിവസം മുഴുവൻ സമ്പാദിച്ച
വിറകുകെട്ട് മകന്റെ തലയിൽവെച്ച്
പിന്നലെ നടന്നമ്മ
നെഞ്ചുപിളർന്ന അഭിമന്യൂവിന്റെ
ജഢംപുണർന്ന് അലമുറയിട്ട്
ഞാൻപെറ്റ മഹനേ എന്ന്

കവിത

# ദീപാവലി



**ശിവദാസ് നെന്മാറ**



അകതാരിലെന്നും...ദിവ്യാഭ ചൊരിയും
അങ്ങു ദൂരെ, ദൂരെ...വാഴുമത്ഭുതം നീ...!
കാലചക്രത്തിലായ്...,
നിൻ വിധീനിർണ്ണയം...,
അന്നന്നിൻ ജീവിതനിത്യപ്രയാണത്തി-
നനുകൂലമാം ... പുലരികൾ വിടരാൻ
കോടാനുകോടി പ്രഭ ചൊരിഞ്ഞീഭൂവിൽ
വിളങ്ങേണമംബേയാശ്രിതർ ഞങ്ങളിൽ
ജീവന്റെ തുടിപ്പിനും, ശ്വാസക്കാറ്റായും
ഋതുകാലഭേദങ്ങൾതെല്ലുടക്കാതെ,
സുഖദുഃഖ സമ്മിശ്രമാം ജീവിതത്തിൽ
അന്നമായാടയായഭയസ്ഥാനമാ-
യെന്നതുമാത്രമല്ലെന്നെന്നും വരദേ
നിൻപാദ പങ്കജം പൂജിപ്പതിന്നുമായ്
സംതൃപ്തിതൻ ജന്മസാഫല്യമരുളൂ...!


Yes Key Electricals & Engineering Works
Puthiyapalam, Calicut
Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc
കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.
K.P. Sunil Kumar Mob: 9847390950
Ph: 8921569540, Resi: 9048594525

HASBI
TOURS & TRAVELS

Meenchanda
Areekad
Calicut-27
Mob: SAHIR
9895 999 100
9349 666 100


# ആത്മപ്രഭാലയ ഗുരുദേവ ദർശനങ്ങൾ

**മഹാഭാരതം എന്നാൽ എന്ത്?**

**ലോകാസമസ്ത സുഖിനോ ഭവന്തു എന്ന മഹത്വചനം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?**

ഒരു സുദീർഘ കാലഘട്ടത്തിൽ ലോകം മുഴുവൻ സത്യത്തിലും ധർമ്മത്തിലും നീതിയിലും നിലകൊണ്ടിരുന്നു. അന്ന് ഭരണം നടത്തിയിരുന്നത് ഋഷിതുല്യരായിരുന്ന ഭരണാധികാരികളും. അതുകൊണ്ടുതന്നെ അവർക്ക് രാജ്യത്തിന്റെ നന്മയും തിന്മയും വശമുണ്ടായിരുന്നു. അതുമാത്രമല്ല ഈ ലോകം നന്മയും തിന്മയും ചേർന്നതാണെന്നവർ തിരിച്ചറിയുകയും ചെയ്തു.

**ഒരു ഭരണം നിലനിൽക്കണമെങ്കിൽ സത്യവും ധർമ്മവും നീതിബോധവുമുള്ള ഭരണാധികാരികളും അതോടൊപ്പം തന്നെ ഭരണാധികാരികൾ സർവ്വഗുണ ധർമ്മിഷ്ടൻമാരായിരിക്കണമെന്നും അവർ കണ്ടെത്തി.** അതിനു സംസ്ക്കാരമാണ് വേണ്ടത്. **സംസ്ക്കാരമുണ്ടാകുവാൻ ഒരു സങ്കൽപ്പം ഉണ്ടാകണം. സങ്കൽപ്പം ഉണ്ടായാൽ പോരാ അതിനു ജീവനുണ്ടായിരിക്കണം.** അങ്ങിനെയാണ് ക്ഷേത്ര നിർമ്മിതിയിലൂടെ ദൈവിക വിശ്വാസം ഉൽഭവിച്ചത്. രാജഭരണകാലമാണ് അതിന്റെ സുവർണ്ണകാലമായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയത്. ക്ഷേത്രത്തിന്റെ നിർമ്മാണവും പൂജാവിധികളും ആചാരങ്ങളും അനുഷ്ഠാനങ്ങളും തിട്ടപ്പെടുത്തിയത് ഋഷിതുല്യരായ അന്നത്തെ ഭരണാധികാരികളാണ്. ഋഷിമാരായി ദേവതുല്യ ജീവിതം ജീവിക്കുന്നവരുടെ ഉപദേശങ്ങളും അതിനു സഹായമായി.

**ഒരു മനുഷ്യൻ സംസ്ക്കാര സമ്പന്നനാവണമെങ്കിൽ നിത്യയെമതീയങ്ങൾ(ദിനചര്യ) ഉണ്ടായിരിക്കണം. ഏതെങ്കിലും ഒരു സാധനാ മാർഗ്ഗവും ഉണ്ടായിരിക്കണം. സാധനാ മാർഗ്ഗം എന്നാൽ നാമജപം, പൂജ, ധ്യാനം. ഏതൊരു കുലത്തിലായാലും, ഏതൊരു മതത്തിലായാലും, ഏതൊരു രാഷ്ട്രീയത്തിലായാലും, ഏതൊരു മനുഷ്യനിലായാലും കാമവും, മോഹവും, ക്രോധവും, ലോഭവും, അഹങ്കാരവും ഇല്ലാത്ത മനുഷ്യൻ ഉണ്ടാകുകയില്ല. ഇങ്ങനെയുള്ള മനുഷ്യജന്മം നിയന്ത്രണ വിധേയമായി നിലനിർത്തുവാൻ കഴിവുള്ളവരാകണം മർത്ത്യവംശം.**

**ഈ രാജ്യത്തെ സംരക്ഷിച്ചു നിലനിർത്തുന്നതും മനുഷ്യരാണ്. ഈ രാജ്യത്തെ നശിപ്പിക്കുന്നതും മനുഷ്യരാണ്.** രാജ്യത്തിന്റെ ഭരണത്തിനു അധികാരം കിട്ടിയതുകൊണ്ടു രാജ്യം എല്ലാ കാലവും അവരുടേതാവുകയില്ല. തൽക്കാലം രാജ്യം നിയന്ത്രിക്കുവാൻ (സേവനം ചെയ്യുവാൻ ഒരവസരം) ഭരണാധികാരികൾക്ക് കിട്ടി. അധികാരം വേണ്ടവിധത്തിൽ വിനിയോഗിക്കുവാൻ കഴിഞ്ഞാൽ നല്ല ഭരണാധികാരികളാകും. അല്ലെങ്കിൽ രാജ്യം വിധ്വംശകരുടേയും നിയമവിരുദ്ധരുടേയും പറുദീസയായി മാറും. സംസ്ക്കാരമുള്ള ഒരു ഭരണാധികാരിക്കു മാത്രമേ സത്യസന്ധമായി രാജ്യത്തെ നയിക്കുവാൻ സാധിക്കുകയുള്ളു.

സത്യം സമത്വം സ്വാതന്ത്യം എന്നുരുവിടുന്നത് കാലമെത്ര കഴിഞ്ഞു. എന്തുകൊണ്ടാണ് രാജ്യത്തിന് ആ നിലയിലേക്ക് ഉയരാൻ സാധിക്കാതെ പോയത്? മഹാത്മ ഗാന്ധിജിയുടേയും പണ്ഡിറ്റ് നെഹ്റുവിന്റേയും സങ്കൽപ്പങ്ങൾ രണ്ടായിരുന്നു. ഗാന്ധിജി സംസ്ക്കാരത്തിനനുസരിച്ച് ഈ രാജ്യത്തെ മുന്നോട്ടു നയിക്കുവാൻ ചിന്തിച്ചപ്പോൾ നെഹ്റു ഭരണകൂടത്തെ നയിക്കുവാനായി ചിന്തിച്ചു.


**ജീവിതത്തിൽ എല്ലാസുഖസൗകര്യങ്ങളും ഏതെങ്കിലും മനുഷ്യർക്കുണ്ടായാൽ അത്തരക്കാരുടെ മനുഷ്യജീവിതം സ്വാർത്ഥതക്കും അക്രമത്തിനും അനീതിക്കും അടിമപ്പെട്ടു സ്വയം നശിക്കുവാൻ ഇടയാകും.** ഏതൊരു ഭരണ സംവിധാനവും കളങ്കിതമാകുവാനുള്ള കാരണവും ഇതു തന്നെയാണ്. ഏതൊരു മതവും, ഏതൊരു തറവാടും, ഏതൊരു കുടുംബവും നശിക്കുവാനുള്ള കാരണവും ഇതൊക്കെത്തന്നെയാണ്.

**ശാന്തിയും സമാധാനവും കാംക്ഷിക്കുന്നവർ നല്ലവഴിക്കു ചിന്തിക്കും.**

**സ്വാർത്ഥതയും വ്യാമോഹവുമുള്ളവർ തെറ്റായ വഴിക്കും ചിന്തിക്കും.**

**തെറ്റും ശരിയും തിരിച്ചറിയാത്തവർ എങ്ങിനെ ചിന്തിക്കണമെന്നറിയാതെ കഷ്ടതയിലാണ്ടു ജീവിതം നരകിക്കും.**

പ്രണാമങ്ങളോടെ
എം. മോഹൻദാസ്,
സൂക്ത സുധ നിലയം
അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി,
കോഴിക്കോട്, ഫോൺ : 9744960052



ഗുരുദേവ സ്മൃതിയിൽ സഹകരിക്കുവാനും സംഘടിക്കുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ്*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.
*ക്വാളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358
*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565
*അളകാപുരി സ്റ്റേഷനറി,*
പാളയം, കോഴിക്കോട്, ഫോൺ: 9946267474
*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്
*ലക്കിബുക്ക്സ്*
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.
*അസീസ് സ്റ്റേഷനറി*
*കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,*
*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758
*വി.എം. സ്റ്റേഷനറി*
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568
*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:
*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413
*യൂണിക്ക് ബുക്ക് സ്റ്റാൾ*
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502
*അപെക്സ് ബുക്ക് സ്റ്റാൾ,*
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................
*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)
*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)
*എം. കെ. ബുക്ക്സ്* (രാമനാട്ടുകര)
*ബുക്ക് ലാന്റ്* (രാമനാട്ടുകര)
*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)
*മലയാളി ഫാൻസി* (ഫറോക്ക്)
*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)
*രാജൻ സ്റ്റേഷനറി,* (പൊയിൽകാവ്)
*വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി* (പൊയിൽകാവ്)
*അബുബക്കർ സ്റ്റേഷനറി* (പൂക്കാട്)
*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)
*പ്രതീത സ്റ്റോർ (മിൽമ)* (പന്തീരാങ്കാവ്)
*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)
*ടി.കെ. ഗോപാലൻ സ്റ്റേഷനറി* (പൊറ്റമ്മൽ)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)
*വാസു സ്റ്റേഷനറി* (മാങ്കാവ്)
*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)
*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)
*പ്രമീള സ്റ്റോർ* (കോന്തനാരി)
*കേരളാ സ്റ്റോർ,* 6-ാം മൈൽ, (വെള്ളിപറമ്പ്)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,* (അത്താണിക്കൽ)
*ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി* (വെസ്റ്റ്ഹിൽചുങ്കം)
*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)
*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)
*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)
*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)
*അനിൽ കുമാർ(ബാബു)സ്റ്റേഷനറി* (പുതിയപാലം)
*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*
*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
*രാമദാസ് സ്റ്റോർ,* കല്ലായി റോഡ്, (നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)
*കെ.എസ്. സ്റ്റേഷനറി& കൂൾബാർ* (കൈമ്പാലം)
*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)
*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ്)
*എം.സി. ആലിക്കോയ,* വ്യാപാരഭവൻ, (മാങ്കാവ്)
*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)
*ബേബി സ്റ്റേഷനറി* (കാരന്തൂർ)

ചെറുകഥ



മഞ്ചേരി ബാലചന്ദ്രൻ

# നീലക്കുറിഞ്ഞി

2018 ഒക്ടോബർ മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച യാത്ര പുറപ്പെട്ടു...

കേരളത്തിലെ മഞ്ഞ് പൊഴിയുന്ന കാലം. കോട നിറയുന്ന പ്രകൃതിയിലെ, ഊട്ടിയിലെ കൊടും തണുപ്പ് അതിജീവിച്ച് മൂന്നാറിലെ പ്രഭാത ഭംഗി. പുലർകാലത്തെ വശ്യത, ചാരുതയേകിയ നീലക്കുറിഞ്ഞിപ്പൂക്കൾ. പന്ത്രണ്ട് വർഷത്തിലൊരിക്കൽ വിരിയുന്ന സുരഭിലകാലം. പുതിയ അനുഭവങ്ങൾ.

മഞ്ഞ് വീഴുന്നകാലത്തെപ്പറ്റി പലരും ചിന്തിച്ചുപോകും. കേരളം എത്രഭംഗിയുള്ള ചാരുതയാർന്ന ഭൂപ്രദേശം. വിദേശികളും പ്രദേശികളും പ്രകൃതി ഭംഗി ആസ്വദിക്കുന്ന സ്നേഹികളും ഒരു നിമിഷം ഓർത്ത് പോകും. ഈ ലോകത്തെപ്പറ്റി സ്വപ്ന വർണ്ണങ്ങൾ വരക്കമല്ലൊ! എന്തൊരു കാനന ഭംഗി... ആസ്വാദകരെ ഹരം പിടിപ്പിക്കുമല്ലൊ! നിമിഷങ്ങളുടെ ചിറകടി!

ഓരോ വർഷവും പല സ്ഥലങ്ങളും സന്ദർശിക്കാറുണ്ട്. ഡൽഹി ബാംഗ്ലൂർ, മൂകാംബിക, തിരുപ്പതി, മധുര, പഴനി, മൈസൂർ, ആഗ്ര, ഊട്ടി, ഗോകർണ്ണം, മുതലായ പ്രധാന സ്ഥലങ്ങൾ. എല്ലാം മനസ്സിന്റെ ഉന്മേഷത്തിനും മറ്റുള്ളവരുടെ സന്തോഷത്തിനും വേണ്ടി.

മൂന്നാറിലെത്തിയപ്പോൾ പുലർച്ചെ 6 മണി. ശനിയാഴ്ച രാവിലെ പ്രഭാത ഭക്ഷണം കഴിഞ്ഞ് സംഗീത ഹോട്ടലിന്റെ അടുത്ത് മുറിയെടുത്ത് കുടുംബക്കാർ ദിനചര്യ കഴിഞ്ഞ് നാഷനൽ പാർക്കിലേക്ക് പോകാൻ ജീപ്പ് വിളിച്ച് യാത്രയായി.

നാഷണൽ പാർക്കിൽ പ്രവേശി



ക്കുന്നതിന്റെ മുന്നെ ടിക്കറ്റെടുത്തു. ഫോറസ്റ്റ് ജീവനക്കാർ പരിശോധന നടത്തണം: പാർക്കിലേക്ക് വരുന്ന വരെ മുഴുവനും ചെക്ക് ചെയ്തതിനു ശേഷമെ അപ്പുറത്തേക്ക് കടത്തി വിടുകയുള്ളു.

നീലക്കുറിഞ്ഞി കാണാൻ പാർക്കിലേക്ക് കടക്കുന്നതിന്റെ മുന്നെ ഫോറസ്റ്റ് വാഹനം യാത്രക്കാരെയും കൊണ്ട് അൽപം മുകളിലെ നിരപ്പുള്ള സ്ഥലത്ത് നിറുത്തി യാത്രക്കാരെ പുറത്ത് വിടുന്നു.

പ്രകൃതിയുടെ മനോഹരിതയിൽ നിറയെ നീലക്കുറിഞ്ഞിപ്പൂക്കൾ തലയാട്ടി നില്ക്കുന്നു. എന്തൊരു ഭംഗി! ചിലർ ഫോട്ടോയെടുക്കാൻ ധൃതികൂട്ടി. ഫോറസ്റ്റ് ജീവനക്കാർ പൂക്കൾ പറിക്കാൻ അനുവദിച്ചില്ല. നിയമം തെറ്റിച്ചാൽ ബോർഡിൽ രേഖപ്പെടുത്തിയ പെനാൽട്ടി കൊടുക്കേണ്ടിവരും.

സുമാർ രണ്ട് മണിക്കൂർ മലയോരത്ത് ചുറ്റി നടന്നു. പലവേഷക്കാർ, വിദേശികൾ, പല ഭാഷക്കാർ എല്ലാം ഒരു പുത്തൻ അനുഭവങ്ങൾ. സന്തോഷത്തിൽ കുട്ടികളും പങ്കെടുത്തു. വരയാടുകളെ കണ്ട് അവർക്ക് അതിലേറെ സന്തോഷം. തിരിച്ച് മൂന്നാറിലെത്തി. ഉച്ചഭക്ഷണം കഴിഞ്ഞപ്പോൾ അടുത്ത സന്ദർശനസ്ഥലം പറഞ്ഞു. ഇടുക്കി ഡാം. അതിനടുത്ത് പ്രളയമുണ്ടായ ചെറുതോണി. ചെറിയതോണിയെന്ന് സംശയിക്കും. കാരണം സ്ഥലത്തിന്റെ പേരാണ് ചെറുതോണി.

ഇടുക്കിയിലേക്ക് യാത്രതുടങ്ങുന്നതിന്റെ മുന്നെ ഡാമിനെപ്പറ്റി ചില കാര്യങ്ങൾ മനസ്സിലാക്കിയിരുന്നു. 1962 ലാണ് ഇടുക്കിഡാം പണികഴിച്ചത്. ഡാമിന്റെ മൂന്നു ഭാഗങ്ങളിലും പുഴയാണ്. ഡാമിൽ നിറഞ്ഞ് നില്ക്കുന്നത് പുഴകളിലെ വെള്ളവും. ഡാമിന്റെ താഴെ അഗാധമായ താഴ്വാരം. ജലസംഭരണിയിൽ അധികം വെള്ളമാ

(ശേഷം 41–ാം പേജിൽ)

(ഒരു അനുഭവം)



മനോജ് കെ.കെ.

# മദിരാശിയും ഞാനും

**1992** സെപ്റ്റംബർ 12thനാണ് ഞാൻ എന്റെ അച്ഛന്റെയൊപ്പം യാത്ര തിരിച്ചത്. ഒരു ജോലിയിൽ ചേരുവാൻ വേണ്ടിയുള്ള യാത്രയായിരുന്നു അന്ന്. മനമില്ലാ മനസ്സോടെയാണ് എന്റെ അമ്മ യെന്നെ യാത്രയാക്കിയത് എന്ന് എനിക്ക് ഓർമ്മയുണ്ട്. ഞങ്ങൾ പിറ്റേന്ന് ഉച്ചയ്ക്ക് മദിരാശി സെൻട്രൽ സ്റ്റേഷനിൽ എത്തി. സ്റ്റേഷന് അടുത്ത് തന്നെയുള്ള പാർക്ക് ഹോട്ടലിൽ റൂം എടുത്തു. ഭക്ഷണ ശേഷം ഓഫീസ് സ്ഥിതി ചെയ്യുന്നിടം വരെ ഒന്ന് പോയി. തിരിച്ച് രാത്രിയായപ്പോൾ ഞങ്ങൾക്ക് ലോഡ്ജിലേക്കുള്ള യാത്രയിൽ വഴിയും തെറ്റി. കുറേ അധികദൂരം ചുറ്റി വലഞ്ഞ് ഒടുവിൽ ഒരു വിധം ലോഡ്ജിൽ എത്തി. രാത്രി ഭക്ഷണശേഷം അന്ന് കിടന്നുറങ്ങി

പിറ്റേന്ന് രാവിലെ നേരത്തെയെഴുന്നേറ്റു. കുളിക ഴിഞ്ഞു ഡ്രസ്സ് മാറിയപ്പോൾ അച്ഛൻ ചോദിച്ചു നിനക്ക് ഈ ഷർട്ട് ഒന്ന് പുറത്ത് കൊടുത്ത് ഇസ്തിരിയിട്ടുകൂടായിരുന്നോയെന്ന്. കാരണം സ്യൂട്ട്കേസ്സിൽ മടക്കി വെച്ചിട്ട് നിറയെ ചുളിവ് വീണിരുന്നു. ഞാൻ പറഞ്ഞു "അത് മതി."

ഞങ്ങൾ പ്രഭാത ഭക്ഷണം കഴിച്ച് ഓഫീസിലേക്ക് പുറപ്പെട്ടു. എനിക്ക് നാട്ടിൽ നിന്ന് മദിരാശി യിലേക്ക് പോകുമ്പോഴേ ജലദോഷം ഉണ്ടായിരുന്നു. ആ അസുഖം അവിടെയെത്തിപ്പോ ഴേക്ക് മൂർഛിച്ചിരുന്നു.

മദിരാശിയുടെ വീഥികളിലൂടെ



ബസ്സിൽ പോകുമ്പോൾ അവിടുത്തെ തെരുവിന്റെ മണം എന്നെ വല്ലാതെ അലോസരപ്പെടുത്തി.

വൈകുന്നേരം ഞങ്ങൾ അച്ഛന്റെ ഒരു സുഹൃത്ത് ഉണ്ടായിരുന്നതുകൊണ്ട് അവിടെ പോകാമെന്ന് പറഞ് അവിടേക്കുള്ള ബസ്സിൽ കയറി. അവരുടെ വീടിന്റെ അടുത്തുള്ള ബസ്സ് സ്റ്റോപ്പിൽ ഇറങ്ങിയപ്പോൾ അച്ഛൻ ആരോ ബസ്സിൽ നിന്ന് പേഴ്സ് പോക്കറ്റടിക്കാൻ ശ്രമിക്കുന്നുണ്ടാ യിരുന്നു എന്നു പറഞ്ഞു. . അച്ഛൻ മുണ്ടും ഷർട്ടുമായിരുന്നു ധരിച്ചിരു ന്നത്, പോക്കറ്റടിക്കാരൻ അച്ഛന്റെ മുണ്ടിന്റെ ഉള്ളിലൂടെ അടിയിൽ ധരിച്ചിരിക്കുന്ന ട്രൗസ്സറിന്റെ കീശ മുറിച്ച് പേഴ്സ് തട്ടിയെടുക്കാനാണ് ശ്രമം നടത്തിയിരിക്കുന്നത്. അത് അച്ഛന്റെ സുഹൃത്തിന്റെ വീട്ടിൽ പോയി ഡ്രസ്സ് മാറിയപ്പോഴാണ് മനസ്സിലായത്.

ഞാൻ അന്ന് രാത്രി അച്ഛന്റെ സുഹൃത്തിന്റെ മകനോട് പറഞ്ഞു. ഡ്രൈവിംഗ് പഠിക്കുകയാണെങ്കിൽ ഇവിടുത്തെ റോഡിൽ പഠിക്കണം. എങ്കിൽ പിന്നെ എവിടെയും ഓടിക്കാം. കാരണം സൈക്കിൾ ഓടിക്കുന്ന വരും, ബൈക്ക് ഓടിക്കുന്ന വരും ഒരേ രീതിയിൽ ആണ്.

പിറ്റേ ദിവസം ഞാൻ എന്റെ സുഹൃത്തിനെ വിളിച്ചു താമസം അവൻ താമസിക്കുന്ന ലോഡ്ജി ലേക്ക് മാറ്റി. അച്ഛൻ, അച്ഛന്റെ അനിയൻ താമസിക്കുന്ന പോണ്ടി ച്ചേരിയിലേക്ക് പോയി. അന്നത്തെ ദിവസം തലേദിവസത്തേക്കാൾ എന്റെ ജലദോഷം വല്ലാതെ മൂർഛിച്ചുകൊണ്ടിരിക്കുകയായിരു ന്നു. അതിനാൽ ഞാനും എന്റെ സുഹൃത്തും കൂടെ ട്രിപ്ലിക്കേനില്ലെ പത്ത് രൂപ ഫീസ് വാങ്ങിക്കുന്ന ഡോക്ടറുടെ അടുത്ത് പോയി. പരിശോധന കഴിഞ്ഞ് ഡോക്ടർ പറഞ്ഞു ഒരു ഇഞ്ചക്ക്ഷൻ എടു ക്കണം. ഞാൻ ആദ്യം പറഞ്ഞു വേണ്ട. പക്ഷേ ഡോക്ടർ നിർബ

സ്ഡിച്ചപ്പോൾ ഇഞ്ചക്ഷൻ എടുത്തു. ഒരു കുറിപ്പിൽ കുറേ മരുന്നും എഴുതി തന്നു.

ഞങ്ങൾ മരുന്ന് വാങ്ങി, ഭക്ഷണം കഴിച്ചതിന് ശേഷം ലോഡ്ജിലേക്ക് പോയി. പിറ്റേന്ന് പ്രഭാതത്തിൽ ഓഫീസ്സിലേക്ക് പോകുന്ന വഴിയിൽ പ്രഭാതഭക്ഷണം കഴിച്ചു. അന്ന് നടന്നാണ് ഓഫീസിലേക്ക് പോയത്. പോകുന്ന വഴിയിൽ ഓഫിസിലെത്തുന്നതുനുമുമ്പുത്തന്നെ ഞാൻ ശർദ്ദിച്ചു. യാത്രയിൽ തെരുവിന്റെ വൃത്തിഹീനമായ അവസ്ഥയുടെ മണവും ചേർന്ന് സഹിക്കാൻ പറ്റാതായി. അതും കൂടി ശർദ്ദിക്കൊരുകാരണമായിരുന്നിരുന്നു. ഒരു വിധം ഓഫീസിൽ എത്തി.

അന്നത്തെ ദിവസം നല്ല ക്ഷീണമുണ്ടായിരുന്നു. ഉച്ചയായപ്പോൾ ഭക്ഷണം കഴിക്കാൻ പോയി. "തൗസന്റ് ലൈറ്റ്സ് " എന്ന സ്ഥലം മദിരാശിയിലെ മെയിൻ റോഡായ "മൗണ്ട്റോഡി" ലെ ഒരു കേന്ദ്രമാണ്. അവിടുന്ന് ഉച്ച ഭക്ഷണം കഴിച്ച് പുറത്ത് ഇറങ്ങിയതും വീണ്ടും ശർദ്ദിച്ചു. കഴിച്ചത് മുഴുവൻ പുറത്ത് പോയി. പിന്നെ ഓഫീസിലേക്ക് നടന്നു. വൈകുന്നേരമായപ്പോൾ എന്റെ ക്ഷീണം കണ്ട് മാനേജർ പറഞ്ഞു റൂമിൽ പോയി ക്ഷീണം മാറ്റിക്കോ, കുറച്ച് നേരത്തെ ഇറങ്ങിക്കോയെന്ന്. ഞാൻ ജെമിനിയിൽ നിന്ന് ലോഡ്ജ് നിൽക്കുന്ന ട്രിപ്ലിക്കേനിലേക്ക് ബസ്സ് കയറി. പക്ഷേ ബസ്സ് അവിടെ നിറുത്താതെ ബെൽസ് റോഡിൽ കൊണ്ട് പോയി നിറുത്തി. ക്ലീനർ അവിടെ ഇറങ്ങിക്കോള്ളാൻ പറഞ്ഞു. അവിടെ നിന്ന് ഞാൻ ഒരാളോട് ട്രിപ്ലിക്കേനിൽ എന്റെ ലോഡ്ജ് നിൽക്കുന്ന സ്ഥലം ചോദിച്ചപ്പോൾ സ്ട്രേറ്റ് പോയി ലെഫ്റ്റ് കട്ട് പണ്ണി സ്ട്രേറ്റ് പോയാൽ മതിയെന്ന്. അങ്ങിനെ ആ അണ്ണാച്ചി പറഞ്ഞ വഴിക്കു നടന്നു. നടക്കാൻ പറ്റാത്ത അവസ്ഥയായിരുന്നു. അത്രയ്ക്ക് ക്ഷീണം ഉണ്ടായിരുന്നു. ഒരു വിധം നടന്ന് പറഞ്ഞ സ്ഥലത്തെത്തി ചുറ്റും നോക്കിയപ്പോൾ മനസ്സിലായി കറങ്ങി തിരിച്ച് എത്തിയത് ബസ്സ് ഇറങ്ങിയിടത്ത് തന്നെ. അണ്ണന്മാർ ഇങ്ങിനെയാണ് വഴി കറക്ട് പറഞ്ഞ് തരും പക്ഷേ എവിടെയാണ് എത്തുക എന്ന് ഒരു പിടിയും ഉണ്ടാവില്ല. അങ്ങനെ നടന്ന ക്ഷീണം അകറ്റാൻ വേണ്ടി ഒരു ഇളനീർ വില്പനക്കാരന്റെ അടുത്തെത്തി ഇളനീർ വാങ്ങികഴിച്ചു. കഷ്ടകാലമെന്നുപറയട്ടെ ഇളനീരിന്റെ മുപ്പത് രൂപ കൊടുത്തതും അപ്പോൾ തന്നെ ടാപ്പ് തുറന്നത് പോലെ ശർഭിച്ചു. ഇളനീർ കാരൻ എന്നെ നോക്കി അന്ധം വിട്ടുനിന്നു. ഒരു വിധം തപ്പിപിടിച്ച് ഞാൻ ലോഡ്ജിൽ എത്തി. കിടന്നതുമാത്രം അറിയാം. കിടക്കുമ്പോൾ സമയം വൈകുന്നേരം അഞ്ചു മണി. ഉറക്കമുണർന്നപ്പോൾ സമയം രാവിലെ ഒൻപതു മണി. അത്ത്തന്നെ കൂട്ടുകാരൻ ഞാൻ രാവിലെ എഴുന്നേൽക്കാൻ നേരം വൈകിയപ്പോൾ വിളിച്ചുണർത്തിയതാണ്. ഉണർന്നപ്പോൾ ഞാൻ കൂട്ടുകാരനോട് ചോദിച്ചു നീ രാത്രിത്തേ ഭക്ഷണം കഴിച്ചോ? അവൻ അപ്പോൾ ചോദിച്ചു, നീ ഏത് ലോകത്താണ് ഇപ്പോൾ രാവിലെയാണ് നീ പോയി പല്ല് തേച്ച് കുളിച്ച് വാ. നമുക്ക് രാവിലത്തെ ഭക്ഷണം കഴിക്കാം. അങ്ങിനെ ഭക്ഷണം കഴിഞ്ഞപ്പോൾ ഞാൻ അവനോട് ഉണ്ടായതെല്ലാം പറഞ്ഞു അപ്പോൾ കൂട്ടുകാരൻ പറഞ്ഞു. നമുക്ക് ഒന്ക്കൂടെ ആ ഡോക്ടറുടെ അടുത്ത് പോകാം. എന്താ സംഗതിയെന്ന് അറിയാമല്ലോയെന്ന്...

വീണ്ടും ഞങ്ങൾ ഡോക്ടറുടെ അടുത്ത് പോയി വിവരങ്ങൾ പറഞ്ഞപ്പോൾ ഡോക്ടർ ചോദിച്ചു സ്റ്റീൽ പൊമിറ്റിംഗ് ഞങ്ങൾ പറഞ്ഞു യെസ്സ്. ഉടൻ ഡോക്ടർ പറയുകയാണ് സോറി ഞാൻ ശീട്ടിൽ ശർദ്ദിക്കാനുള്ള മരുന്ന് എഴുതിയിരുന്നു. അത് ഒരെണ്ണം മാത്രം കഴിച്ചാൽ മതിയെന്ന് പറയാൻ മറന്നു. വെരി സോറി. ഇതാണ് പത്ത് രൂപ ഡോക്ടറുടെ മേന്മ.

അങ്ങിനെയിരിക്കെ എന്റെ സുഹൃത്തിന്റെ ജോലി പരിശീലനം കഴിഞ്ഞ് അവൻ നാട്ടിലുള്ള ഓഫീസിൽ ജോലിക്ക് ചേരാനുള്ള അറിയിപ്പ് കാട്ടി. അപ്പോൾ സുഹൃത്ത് പറഞ്ഞു നമ്മൾക്ക്

## ചിറകൊടിഞ്ഞ ശലഭം

(29-ാം പേജിൽനിന്ന് തുടർച്ച )

അമ്മ പറഞ്ഞ ഗോപി എന്ന ചെറുപ്പക്കാരനെ സുമതിയറിയും. വെളുത്ത് സുന്ദരനാണയാൾ പക്ഷെ അശോകനെ മറക്കാൻ സുമതിക്കെങ്ങനെ സാധിക്കും.

ഒരു ദിവസം അശോകൻ സുമതിയെ കൂട്ടിക്കൊണ്ടു പോകാനായി വീട്ടിൽ വന്നു. അമ്മയാണ് അയാളെ എതിരേറ്റത്. ഇനിയവൾ വരില്ലെന്നു അമ്മ അശോകന്റെ മുഖത്ത് നോക്കി പറഞ്ഞു. അശോകൻ സുമതിയുടെ അരികിലെത്തി വീട്ടിലേയ്ക്കു ക്ഷണിച്ചു. പക്ഷെ അമ്മ സമ്മതിച്ചില്ല. അപ്പോൾ അശോകന്റെ കണ്ണീർ നീർ പൊടിഞ്ഞിരുന്നു. എല്ലാം കണ്ടും കേട്ടും തേങ്ങിക്കരയാനെ സുമതിക്കു കഴിഞ്ഞുള്ളു.

അശോകൻ വന്നതിനു പിറകെ അയാളുടെ അമ്മ സുമതിയെ കൂട്ടിക്കൊണ്ടു പോകാനായി എത്തി. അവരുടെ മുമ്പിലും അമ്മ പൊട്ടിത്തെറിച്ചു.

"ഒരു വർഷം കഴിഞ്ഞില്ലെ....... ഒരു കുഞ്ഞിനെ തരാൻ നിങ്ങളുടെ മകനു സാധിച്ചോ?" ഇതായിരുന്നു അമ്മയുടെ അപ്പോഴത്തെ നിലപാട്.

അങ്ങനെ സുമതിയും അശോകനുമായുള്ള വിവാഹബന്ധം തകർന്നു. ഇതിനിടയിൽ സുമതിയെ വിവാഹം കഴിക്കാമെന്നു പറഞ്ഞിരുന്ന ഗോപി ഗൾഫിലേയ്ക്കു പറന്നു.

സുമതിയും അമ്മയും ഭയന്നിരിക്കുകയാണിപ്പോൾ. ഗോപി തിരിച്ചു വന്നാൽ വാക്കു മാറുമോ എന്ന പേടി. വിവാഹബന്ധം വേർപ്പെടുത്തി ആറു മാസങ്ങൾക്കു ശേഷം ഞെട്ടിക്കുന്ന ഒരു വാർത്ത സുമതി കേട്ടു. അശോകൻ മറ്റൊരു വിവാഹം കഴിച്ചുവെന്ന്. സുമതിയുടെ അമ്മയും ഇതറിഞ്ഞു. അവർ അപ്പോഴും രോഷകുലയായി.

സുമതിക്കു ഗർഭമുണ്ടാകാത്ത കാരണത്താലാണ് വേർപ്പെടുത്തിയതെന്നു അമ്മ പറഞ്ഞു നടന്നിരുന്നു. എന്നാൽ ഏതാനും മാസങ്ങൾക്കു ശേഷം സുമതി മറ്റൊരു വാർത്ത കേട്ടു. അശോകന്റെ ഭാര്യ ഗർഭിണിയാണെന്ന്. ഇതറിഞ്ഞ് അമ്മയും വല്ലാതെയായി. ഒന്നും വേണ്ടായിരുന്നുവെന്ന് അമ്മയ്ക്ക് ഇപ്പോൾ തോന്നുന്നു.

സുമതിയിന്ന് ചിറകൊടിഞ്ഞ ശലഭത്തെപ്പോലെ വീട്ടിലിരിപ്പാണ്. ■

പാരീസിലുള്ള മൂർമാർക്കറ്റിൽ ഒന്ന് പോകാം. അവിടെ പലവിധ സാധനങ്ങൾ കിട്ടുന്ന സ്ഥലമാണ് നമുക്ക് ഒന്ന് പോകാം. അങ്ങിനെ ഞങ്ങൾ രണ്ട് പേരും കൂടെ മൂർ മാർക്കറ്റിൽ പോയി. മാർക്കറ്റ് കിലോമീറ്റർ കണക്കേ നേർരേഖ വരച്ചതുപോലെ നീണ്ടു കിടക്കുന്നു. എല്ലാം ചെറിയ ചെറിയതായി തിരിച്ചിരിക്കുന്നു. എല്ലാ കടയിലും സാധനങ്ങൾ നിറച്ച് വെച്ചിരിക്കുന്നു. ഞങ്ങൾ മാർക്കറ്റിലൂടെ നടക്കുന്നതിനിടയിൽ സുഹൃത്ത് ഒരു കടയുടെ മുന്നിൽ നിന്ന് പറഞ്ഞു ! വീട്ടിലെ കുട്ടികൾക്ക് കളിക്കാൻ ഇവിടുന്ന് നമ്മൾക്ക് ഓരോ ടോയ് വാങ്ങിക്കാമെന്ന്. ഞങ്ങൾ ടോയ്സ് നോക്കി വില ചോദിച്ചു. അപ്പോൾ കടക്കാരൻ പറഞ്ഞ് ഇരുനൂറ് രൂപയെന്ന്. ഞങ്ങൾ ഒന്ന് വില പേശാമെന്ന് കരുതി ചോദിച്ചു നൂറ്റമ്പത് രൂപയ്ക്ക് തരാമോയെന്ന് കടക്കാരൻ ഉടൻ തന്നെ സാധനം അവന്റെ കൈയ്യിൽ കൊടുത്ത് കാശ് തരുവാൻ പറഞ്ഞു ഉടൻ തന്നെ അവൻ നൂറിന്റെ രണ്ട് നോട്ട് കൊടുത്തു. നോട്ട് കൈയ്യിൽ കിട്ടിയപ്പോൾ കടക്കാരൻ പറഞ്ഞു. "ഇനി പൊക്കോളു ബാക്കിയൊന്നും തരാനില്ലെന്ന്." അപ്പോൾ ഞങ്ങൾ പറഞ്ഞു നൂറ്റമ്പത് രൂപയല്ലെ പറഞ്ഞത്? അപ്പോൾ കടക്കാരൻ പറഞ്ഞു ഇരുന്നൂറല്ലെ ഞാൻ ആവശ്യപ്പെട്ടത് ജീവൻവേണമെങ്കിൽ ഓടിക്കോയെന്ന്. ഞങ്ങൾ ഉടൻ തന്നെ അവിടുന്ന് സ്ഥലം കാലിയാക്കി പിന്നെ ഒരു കടയിലും കയറാതെ വേഗം റൂമിലേക്ക് പോയി.

അങ്ങിനെയിരിക്കെ ദിവസവും ഓഫീസ്സ് നിൽക്കുന്ന ബിൽഡിംഗിൽ നിന്ന് എന്നും കാണാറും ചിരിക്കാറുമുള്ള സുന്ദരിയായ യുവതി ഞാനും സഹപ്രവർത്തകനും പോകുമ്പോൾ വീണ്ടം എന്നോട് ചിരിച്ചു. ഇത് സഹപ്രവർത്തകൻ കാണുകയും മറ്റ് സഹപ്രവർത്തകർ ഒന്നിച്ചിരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു ഇവന് ഇവിടൊരു പ്രേമം ഉണ്ടെന്ന്. അപ്പോൾ സീനിയർ ആയിട്ടുള്ള സഹപ്രവർത്തകൻ ചോദിച്ചു ശരിയാണോ? ഞാൻ പറഞ്ഞു നാട് വിട്ട് ഇവിടെ വന്നതിൽ പിന്നെ ശരിക്കും ആസ്വദിച്ച് കോഴിക്കോട്ട്കാരനായ എനിക്ക് നല്ല മീൻകറിയും പൊരിച്ചതും കൂട്ടി ഇതുവരെ ഊണ് കഴിക്കാൻ പറ്റിയിട്ടില്ല പിന്നെയെന്ത് പ്രേമം. കൂടെയുള്ളവർ അപ്പോൾ അത് കേട്ട് ചിരിച്ചു.

ഞാൻ പിന്നീടുള്ള ദിവസങ്ങളിൽ മദിരാശിയിൽ ഒരു നല്ല താമസസ്ഥലം അന്വേഷിച്ചിറങ്ങി. പല വഴിക്കും അന്വേഷിച്ചു. എന്റെ അന്വേഷണത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. കാരണം ഞാൻ മദിരാശിക്ക് പോകുന്നത് വരെ ബാഡ്മിന്റൺ കളിക്കുമായിരുന്നു. എനിക്ക് മദിരാശിയിൽ താമസിക്കുന്നതടോപ്പം കളിക്കാനൊരിടം വേണമെന്നായി ചിന്ത. പക്ഷേ സങ്കടകരമെന്ന് പറയട്ടെ. കളിക്കാൻ മാത്രമല്ല താമസിക്കാൻപോലുമൊരിടം കിട്ടുവാൻ പ്രയാസമാണെന്ന് മനസ്സിലായി. എല്ലാം ആഗ്രഹങ്ങളും ആന്തരിക മനസ്സിലെ പെട്ടിയിൽ തന്നെ സൂക്ഷിച്ചു വെച്ചു.

ഞാൻ പിന്നീട് ഇവിടെ ചെടിപ്പെടി, അണ്ണാനഗർ, മൈലാപ്പൂർ, കോടാംബാക്കം എന്നീസ്ഥലങ്ങളിലും വീട്പോലെയുള്ള സ്ഥലത്തും ലോഡ്ജിലുമായി താമസിച്ച് പോന്നു. അവസാനം എത്തിയത് റോയപ്പേട്ടയില്ലുള്ള അംബികാനിവാസിൻ. മലയാളിയുടേതാണ്. അവിടെ കൂടുതാലായും സി.എ യ്ക്ക് പഠിക്കുന്ന കുട്ടികൾ ആണ്. പക്ഷേ നല്ല രസമായിരുന്ന അവിടുത്തെ താമസം ശനിയാഴ്ചയാവാൻ കാത്തിരിക്കും. കരണം ശനിയാഴ്ച വൈകുന്നേരം ഓഫീസ്സ് വിട്ട് വന്നാൽ ആഴ്ച ഉപയോഗിച്ച എല്ലാ വസ്ത്രങ്ങളും അലക്കി ഉണങ്ങാൻ ഇട്ട് കഴിഞ്ഞ് രാത്രി എട്ട് മാണിയോടെ അടുത്തുള്ള ചേച്ചിയുടെ മെസ്സിൽ പോയി ബീഫ് ഫ്രൈയും ചപ്പാത്തിയും കഴിച്ച് ഞങ്ങൾ പിന്നെ റമ്മി കളിക്കാൻ പോകും. രാത്രി മുഴുവൻ ഉറക്കമിളച്ച് റമ്മികളിച്ച് പിന്നെ കളി കഴിയുമ്പോൾ പുലർച്ചെ നാല്മണിയാകും അത് കഴിഞ്ഞ് കിടക്കാൻ പോകുന്ന നേരത്ത് കാണാം സി.ഏ ക്ക് പഠിക്കുന്ന കുട്ടികൾ ട്യൂഷന് പോകാൻ ഒരുങ്ങുന്നത്. അപ്പോൾ അവർ പറയും നിങ്ങൾക്ക് ഇപ്പോഴും രാത്രിതന്നെയല്ലെ. പിന്നെ പോയി കിടന്നുറങ്ങി ഉച്ചയ്ക്ക് പന്ത്രണ്ട് മണിക്ക് എഴുന്നേറ്റ് കുളിച്ച് നേരെ പുറപ്പെട്ട് കല്പക റസ്റ്റോറന്റിലേക്ക് പോകും. അവിടെ നല്ല മോര് കാച്ചിയുതും ചോറും പിന്നെ നല്ല ഡ്രൈ ആയി വേവിച്ച ബീഫും കിട്ടും. നന്നായി അത് കഴിച്ചതിന് ശേഷം റൂമിൽ വന്ന് വൈകുന്നേരമാവുമ്പോൾ നേരെ മെറീന ബീച്ചിലേക്ക് പോകും. അവിടെ യെത്തിയാൽ ഒരു ഏഴുമണിയാകുമ്പോൾ ഒരു സ്ഥിരമായിട്ടുള്ള ഒരു ഒമിനി വേനിൽ കച്ചവടം നടത്തുന്ന ആളുടെ അടുത്തുനിന്ന് ടൊമാറ്റോ സൂപ്പും കഴിച്ച് എട്ട് മണിയോടെ റൂമിൽ എത്തും.

മിനികഥ

# പ്രണയം



രജികുമാർ പുലാക്കാട്

**പുഴയോളം വലുപ്പമുള്ള കയ്തോലത്തോട് കടക്കുവോളം അവളെന്റെ കയ്യിൽ മുറുകെപ്പിടിച്ചു. മെയ്യിൽ കരുതിയുരഞ്ഞു. അക്കരെയെത്തിയപ്പോൾ മലവെള്ളത്തിൽ ഒലിച്ചുപോകുന്ന പലനിറങ്ങളിലുള്ള ഏതോ വിചിത്രകാട്ടുപുഷ്പം വേണമെന്നു കാതരയായി. മലവെള്ളപ്പാച്ചിലിൽ നില കിട്ടാതെ ഞാൻ ഒലിച്ചു പോകുമ്പോൾ അവൾ ഉറക്കെ നിലവിളിച്ചു. ആ വിചിത്രപുഷ്പത്തിലേക്കു നോക്കി നെടുവീർപ്പിട്ടു. പിന്നെ പതുക്കെ തിരിഞ്ഞു നടന്നു. അടുത്ത വൈതരണി ത്തോട് കടക്കാൻ.**



# ശ്രീ ഭദ്ര ജ്യോതിഷം

കർമ്മം, വിദ്യ, വിവാഹം, ശത്രുദോഷം, മാനസിക പിരിമുറുക്കം, ധനം എന്നിവക്ക് വാസ്തു ജ്യോതിഷത്തിലൂടെ, നാഡി ജ്യോതിഷത്തിലൂടെ, രേഖാ ജ്യോതിഷത്തിലൂടെ ഉത്തമ പരിഹാരം

ദേവശില്പങ്ങളോടുകൂടി കൂടി പൂജാമുറികൾ തയ്യാറാക്കി കൊടുക്കും

ഭവനം, കടകൾ, പ്ലാറ്റുകൾ തച്ചുശാസ്ത്ര വിധിപ്രകാരം സ്ഥാനം നിർണ്ണയിച്ചു കുറ്റിയടി കർമ്മങ്ങൾ ചെയ്തുകൊടുക്കുന്നു

ഫോണിൽ ബന്ധപ്പെട്ടശേഷം മാത്രം വരിക.

വാസ്തു പൂജ ചെയ്തുകൊടുക്കുന്നു

നക്ഷത്ര പ്രകാരമുള്ള കല്ലുകൾക്ക് സമീപിക്കാം

എല്ലാവിധ പൂജകളും യന്ത്രങ്ങളും വിധി പ്രകാരം ചെയ്യുന്നു





ക്ഷേത്ര (കാവ്) പീഠനിർമ്മാണം, പീഠപ്രതിഷ്ഠ ചെയ്തുകൊടുക്കുന്നു.

സുഷാന്ത് എം.പി.
ഫോൺ : 9207943125
തയ്യിൽതാഴം

തച്ചുശാസ്ത്ര വിധിപ്രകാരം മര സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.



# ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്





മൂരിയാട്റോഡ്, പുതിയപാലം
കോഴിക്കോട്
ഫോൺ : മണി 9846386998

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്, എഞ്ചിനിയറിംഗ് വർക്സ്


അങ്ങിനെ ഞാറാഴ്ച അവധിയുടെ അവസാനമാകും.

ഒരിക്കൽ ഞങ്ങൾ റൂമിലുള്ള ആളുകളും മറ്റു സുഹൃത്തുക്കളും കൂടി തിരുവാമ്പിയൂർ കഴിഞ്ഞുള്ള ഗോൾഡൻ ബീച്ചിൽ പ്പോയി. അവിടെ സ്ഥിരമായി സിനിമ ഷൂട്ടിംഗ് നടക്കുന്ന സ്ഥലമാണ്. പല പ്രോഗ്രാമുകളും നിത്യവും ഉണ്ടാകും. അവിടുത്തെ പ്രധാനമായ ഒരു കാഴ്ച, ഒരു രാജാവിന്റെ വേഷത്തിൽ ഒരു മനുഷ്യൻ ഒരു പീഠത്തിന്റെ മേൽ കയറി നിൽക്കും. മണിക്കൂറോളം. ഒരു അനക്കവുമുണ്ടാവില്ല. ശ്വാസം കഴിക്കുന്നുണ്ടോയെന്ന തന്നെ സംശയം. കണ്ണുകൾ ചിമ്മാതെയങ്ങിനെ ഒരേ നില്പാണ്. അത്ഭുതകരമാണ്. വികൃതി പിള്ളേർ സിഗരറ്റ് കുറ്റിയെടുത്ത് അയാളെ കുത്തിയപ്പോൾ അയാൾ ഇറങ്ങിപ്പോയി. അല്ലെങ്കിൽ മണിക്കൂറുകൾ അയാൾ അങ്ങിനെതന്നെ നിശ്ചലമായി നില്ക്കും. അത് ഒരു പ്രത്യേക കാഴ്ച തന്നെയാണ്.

മദിരാശിയിൽ ഏറ്റവും നന്നായി ലഭിക്കുന്നത് സസ്യാഹാരമാണ്. ശരവണ ഭവനിൽ നിന്ന് ലൈവായി കിട്ടുന്ന ഭക്ഷണത്തിന് വേറെതന്നെ രുചിയാണ്. കൂടാതെ രാവിലെ മുതൽ വൈകുന്നേരം വരെ തിളച്ച് കൊണ്ടിരിക്കുന്ന ബദാം പാൽ ഒരു സ്പെഷ്യൽ ഐറ്റമാണ്. ശരവണഭവനിൽ നല്ല വൃത്തിയായി ഭക്ഷണം തരും. നല്ല ഇളം വാഴയില വൃത്താകൃതിയിൽ മുറിച്ച് പ്ലേറ്റിൽ വെച്ച് അതിൽ അപ്പപ്പോൾ ഉണ്ടാക്കിയ ഭക്ഷണം നമ്മൾ നോക്കി നിൽക്കേ ഉണ്ടാക്കി തരുമ്പോൾ വില നോക്കാതെ ഗുണം നോക്കി ഭക്ഷണം കഴിക്കാൻ ഒരു മടിയും കാട്ടാറില്ല.

ഓണത്തിനും, വിഷുവിനുമൊക്കെ നാട്ടിലേക്ക് വരുമ്പോഴാണ് ടീനഗറിലും, പോണ്ടി ബസ്സാറിലും പോവുക പതിവ്. ഇവിടങ്ങളിൽ വസ്ത്രത്തിനും, മറ്റു സാധനങ്ങൾക്കും നല്ലകളക്ഷൻസാണ്. പോണ്ടി ബസ്സാറിൽ ഫൂട്ട്പാത്ത് കച്ചവടം കേമമാണ്. ഷോപ്പിനേക്കാളും വിലകുറച്ച് അവിടങ്ങളിൽ എല്ലാം ലഭിക്കും. വിലപേശലും നടത്താം. ടീ നഗറിലെ ശരവണഭവൻ സ്റ്റോറിൽ ഉപ്പുതൊട്ട് കർപ്പൂരം വരെ ലഭിക്കുമെന്ന് ഉറപ്പ്. വിലയിലോ മെച്ചം ഗുണത്തിൽ മുൻ പന്തിയിലും നിൽക്കുന്നു. കീശ കാലിയാവാതെ ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കാൻ പറ്റിയ ഇടം വേറെയില്ല. മദിരാശി വിശേഷം ഇവിടെ ചുരുങ്ങുന്നു. വേറെ വിശേഷവുമായി പിന്നെ കാണും വരെ.....

# സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ – 9388412430**









ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,

*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*

ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

# സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 9388412430**



BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



സോഫസെറ്റ് – 14500 രൂപ മുതൽ

കട്ടിൽ & ബെഡ് – 16000 രൂപ മുതൽ

ബെഡ്റൂം സെറ്റ് – 33900 രൂപ മുതൽ

ഡൈനിംഗ് ടേബിൾ &

6 Nos ചെയർ (Wooden) 21900 രൂപ മുതൽ





**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**

# Agency : KACOPS, KOTTOOLI

**Mob : 9747868041**




**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**




**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**





# ശാരദ

# ഇൻഡസ്ട്രിയൽസ്



**കാളൂർറോഡ് , മാങ്കാവ്**


**കോഴിക്കോട് - 673 007**

**Mob : 9846412070**



ഓർമ്മ





സുനിൽകുമാർ പി. കെ.

# നക്ഷത്രത്തിളക്കമുള്ള സംഗീതോപാസകൻ

**S.P.** ബാലസുബ്രഹ്മണ്യം: ശ്രീപദി പണ്ഡിതാരാദ്യുല ബാലസുബ്രഹ്മണ്യം (S.P.B.) ഇന്ത്യൻ സിനിമയിലെ പ്രത്യേകിച്ച് സൗത്ത് ഇന്ത്യൻ സിനിമ ഇൻഡസ്ട്രിയിലെ അതുല്യ പ്രതിഭ. പിന്നണി ഗായകൻ, നടൻ, നിർമ്മാതാവ്, സംഗീത സംവിധായകൻ തുടങ്ങീ എല്ലാ തുറകളിലും പ്രവർത്തിച്ചു. തെലുങ്ക്, കന്നട, ഹിന്ദി, തമിൾ, മലയാളം, തുടങ്ങിയ 16 ഭാഷകളിലായി 40,000ൽ പരം ഗാനങ്ങൾ ആലപിച്ചു. ഹരികഥ ആർട്ടിസ്റ്റായ S.P. സാംബമൂർത്തിയാണ് S.P.B.യുടെ പിതാവ്. ശകുന്തളാമ്മയാണ് മാതാവ്. ജനനം 1946 ജൂൺ 4ാം ന് ആന്ധ്രപ്രദേശിലെ നെല്ലൂർ ഗ്രാമത്തിൽ. "ശ്രീ ശ്രീ ശ്രീ മര്യാദരാമണ്ണ" എന്ന തെലുങ്ക് ചിത്രത്തിൽ (1968) ആദ്യഗാനം ആലപിച്ചു. 6 തവണ നേഷണൽ അവാർഡ്, . 25 തവണ ആന്ധ്രപ്രദേശ് സ്റ്റേറ്റ് നന്ദി അവാർഡ്, കൂടാതെ നിരവധി തവണ തമിൾ, കന്നട സിനിമ സ്റ്റേറ്റ് അവാർഡ്, 6 തവണ ഫിലിം ഫെയർ അവാർഡ്. പത്മശ്രീ 2001ൽ, പത്മഭൂഷൺ (2011ൽ), ഇന്ത്യൻ സിനിമയ്ക്കുള്ള സംഭാവനകൾ പരിഗണിച്ച് 2016ൽ എൻ.ടി.ആർ. നാഷണൽ അവാർഡ്. ഹോട്ടൽ രംഭ എന്ന ചിത്രത്തിലെ ആദ്യ തമിൾ ഗാനം "അതാനോട് ഇപ്പടി ഇരുന്ത് എത്തനൈ നാളാച്ച്" എന്ന യുഗ്മ ഗാനം L.R. ഈശ്വരി യോടൊപ്പം M.S. വിശ്വനാഥന്റെ സംഗീത സംവിധാനത്തിൽ ആലപിച്ചു. വളരെ പ്രശസ്തമായ "ഇയർക്കയെന്നും ഇളയകന്നി" എന്ന തമിൾ ഗാനം P. സുശീല യോടൊപ്പം 1969ൽ ശാന്തിനിലയം എന്ന ചിത്രത്തിന് വേണ്ടി ആലപിച്ചു. "ആയിലം നിലവേ വാ" M.G.R ന്റെ അടിമൈപ്പെൺ എന്ന ചിത്രത്തിന് വേണ്ടി ആലപിച്ചു. ആദ്യഗാനം S. ജാനകിയോടൊപ്പം "പൗർണമി നിലവിൽ പനി വീഴും ഇരവിൽ" ചിത്രം കന്നിപ്പെണ്ണ്." മലയാളത്തിൽ ആദ്യമായി G. ദേവരാജൻ മാസ്റ്ററുടെ "ഈ കടലും മറുകടലും" എന്ന ഗാനം. ചിത്രം കടൽ പാലം ആലപിച്ചു. തന്നോടൊപ്പം ഗാനമേളകളിൽ ഹാർമോണിയവും ഗിറ്റാറും വായിച്ചിരുന്ന ആർട്ടിസ്റ്റാണ് പിൽക്കാലത്ത് സംഗീത ചക്രവർത്തിയായി മാറിയ "ഇസൈ ചക്രവർത്തി ഇളയരാജ" 1980 ൽ ഇറങ്ങിയ ശങ്കരാഭരണം അദ്ദേഹത്തിന്റെ ജീവിതം മാറ്റി മറിച്ചു. കെ.വി മഹാദേവൻ കർണ്ണാടക സംഗീതം വശമില്ലാതിരുന്ന S.P.B യെ പ്രസ്തുത സിനിമയിലെ ഗാനങ്ങൾ ആലപിയ്ക്കുവാൻ നിർബന്ധിക്കുകയായിരുന്നു. ശങ്കരാഭരണത്തിലെ ഗാനങ്ങൾക്ക് ആദ്യനാഷണൽ അവാർഡ് കരസ്ഥമാക്കി. 1981ൽ ആദ്യഹിന്ദി സിനിമയ്ക്കു വേണ്ടി ഗാനങ്ങൾ റെക്കോർഡ് ചെയ്യപ്പെട്ടു. (ഏക് ദുജെ കേലിയേ). നിരവധി ഗാനങ്ങൾ തമിഴിൽ ഇളയരാജ, S.P.B, ജാനകി കൂട്ടുകെ




കോഴിക്കോട്ടെ സംഗീതകലാകാരന്മാർക്കുവേണ്ടി നടത്തിയ "മ്യൂസിക്കൽ ഈവിൽ" S.P.B യും K.S. ചിത്രയും ചേർന്നു പാടുന്നു.

ട്ടിൽ പിറന്നു

ഞാൻ ജനറൽ സെക്രട്ടറിയും, കെ. സലാം പ്രസിഡണ്ടുമായിരുന്ന സംഗീത കലാകാരന്മാരുടെ കൂട്ടായ്മയായ "മ്യൂസിഷനസ് വെൽഫയർഅസോസിയേഷ"ന്റെ അഭ്യർത്ഥന പ്രകാരം ഫണ്ടുറയിസിങ്ങ് പ്രോഗ്രാമിനു എസ്.പി.ബി.യെ സമീപിച്ചപ്പോൾ "സംഗീത കലാകാരന്മാരിൽ ഒരാളാണല്ലോ ഞാനും അതിനാൽ പരിപൂർണ്ണ സമ്മതത്തോടെ പങ്കെടുക്കാം" എന്നുപറഞ്ഞു ഒരു രൂപ പോലും പ്രതിഫലം വാങ്ങാതെ 2004 ൽ കോഴിക്കോട്ടെ സംഗീതകലാകാരന്മാർക്കുവേണ്ടി നടത്തിയ "മ്യൂസിക്കൽ ഈവിൽ" വലിയ മനസ്സിനുടമായ S.P.B പങ്കെടുത്തു. S.P.B യോടൊപ്പം K.S. ചിത്രയും പ്രതിഫലം വാങ്ങാതെ പാടിയിരുന്നു. കോഴിക്കോട് സെന്റ് ജോസഫ് ജൂനിയർ സ്ക്കൂൾ ഗ്രൗണ്ടിൽ 12. 12. 2004 നു നടന്ന പരിപാടിയുടെ തുകകൊണ്ട് ഗിറ്റാറിസ്റ്റ് രാമനാട്ടുകര വിജയന്റെ കുടുംബത്തിനും മറ്റ് അവശരായ കലാകാരന്മാർക്കും ധനസഹായം ചെയ്തു. എന്റെ സംഗീത യാത്രയിൽ 1987 കാലഘട്ടം മുതൽ ഇന്നു വരെയുള്ള 90% സ്റ്റേജുകിലും S.P.B യുടെ ഗാനങ്ങളില്ലാതെ പരിപാടിയുണ്ടായിട്ടില്ല. ഏറ്റവും കൂടുതൽ ശങ്കരാഭരണവും, ഇളയനില, ഇളമൈ ഇതൊ, ഗുരുവായൂരപ്പ, ഇളമൈ ഇനം പൂങ്കാറ്റ് തുടങ്ങിയ ഗാനങ്ങൾ ആലപിച്ചു. ഇത്രയും നിഷ്ക്കളങ്കനും, അഹങ്കാരം തൊട്ടു തീണ്ടിയിട്ടില്ലാത്ത, സൗമ്യനായ ഒരു സംഗീത കലാകാരനെ എന്റെ ജീവിതത്തിൽ



പാടുന്നവർ: എസ്. ജാനകി, സുനിൽകുമാർ പി.കെ.



**എസ.പി. ബി, എം.എസ്. വിശ്വനാഥൻ, പി.കെ. സുനിൽകുമാർ, ഇ. പ്രേംകുമാർ.**

ഞാൻ കണ്ടിട്ടില്ല. ഏതൊരു ചെറിയ കലാകാരനേയും പ്രോത്സാഹിപ്പിക്കുകയും അവരിലെ കലയെ ഉജ്ജ്വലിപ്പിക്കുവാൻ വേണ്ടിയുള്ള ശ്രമവും നടത്തുന്ന മറ്റൊരു കലാകാരൻ ഇന്ന് ഇന്ത്യൻ സിനിമാ ഇൻട്രസ്റ്റിയിൽ ജനിക്കേണ്ടിയിരിക്കുന്ന. നമുക്കെല്ലാവർക്കും മാതൃകയാക്കാവുന്നതാണ് അദ്ദേഹത്തിന്റെ ബോഡി ലാംഗ്വേജ്. ജന്മവാസനയാലെ തന്റെ സംഗീത സിദ്ധി ലോകം മുഴുവൻ എത്തിക്കുവാൻ കഴിയുന്നത് ഒരു ഗുരുത്വമായി ഞാൻ കണക്കാക്കുന്ന. ഒരു സംഗീതസംവിധായകൻ നിർദ്ദേശിക്കുന്നതിനുമപ്പുറം പാട്ടിനെ പൂർത്തികരണത്തിലെത്തിക്കുവാൻ അദ്ദേഹത്തിനുള്ള കഴിവ് ജന്മസിദ്ധമാണ്. അദ്ദേഹത്തിനുമാത്രമുള്ള മനോധർമ്മമാണ്. ആ കഴിവ് അവർണ്ണനീയമാണ്. അദ്ദേഹത്തിന്റെ കോൺട്രിബ്യൂഷൻ, വോയ്സ് മോഡുലേഷൻ, ആലാപനരീതി, വോക്കൻ സയനാമിസം ഒന്നും പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്.

**ഭാര്യ:** സാവിത്രി ബാലസുബ്രഹ്മണ്യം

**മക്കൾ:** S.P. ചരൺ, പല്ലവി

**സഹോദരി** S.P. ശൈലജ ഗായികയാണ്.

**2020 സെപ്തംബർ 25–ാം നു അദ്ദേഹം നമ്മളെ ദുഃഖത്തിലാഴ്ത്തി സ്മൃതിയിലമർന്നു.**

M.S. വിശ്വനാഥൻ സാറിനോടൊപ്പമുള്ള ഒരു വേദിയിലും അദ്ദേഹത്തോടൊപ്പം പങ്കെടുക്കുവാൻ സാധിച്ചു.



**20 ചില സൂപ്പർ ഗാനങ്ങൾ**

**നിലാവെ വാ**
**സുന്ദരി കണ്ണാൽ ഒരു**
**മണ്ണിൽ ഇന്ത കാതൽ**
**പനിവീഴും മലർ മനം**
**ഇളയനിലാ പൊഴുകിറതേ**
**ശങ്കരാ നാദ സരീര**
**മലരെ മൗനമാ**
**കാതലെ**
**അഞ്ജലി**
**തേരെ മേരെ ബീച്ച് മെ**
**ഈ കടലും മറുകടലും**
**തുംസെമിൽനെ കിതമന്നാഹൈ**
**താരാപഥം ചേദോഹരം**
**ബഹൂത് പ്യാർ കർത്തെഹൈ**
**ഒമാരിയ ഒമാരിയ**
**മേരെ ജീവൻ സാത്തി**
**ഗുരുവായൂരപ്പ**
**ആയിരം നിലവെ വാ**
**പൊത്തിവെലു മല്ലികമൊട്ട്**
**എങ്കേയും എപ്പോതും**

കവിത

# നരൻ ഒരപരൻ



സത്യനന്ദൻ കെ.കെ.
കാവന്നൂർ



മുഷിഞ്ഞുനാറിയ വസ്ത്രങ്ങളാണ് ഞാൻ ഇടുന്നത്
കിഴക്കു നിന്ന് കാറ്റുവീശി തുടങ്ങിയിരിക്കുന്നു
കിഴക്ക് ദിക്കിലേക്ക് താളം പിടിച്ച് തുള്ളിതുടങ്ങുന്ന ഓളങ്ങളെ
പടിഞ്ഞാട്ട് നീക്കി ഇരമ്പിയെത്തുന്ന തിരമാലകൾ
അറബിക്കടലിലേക്ക് തിരിച്ചു പോയിരിക്കുന്നു.
ഇടതൂർന്ന മരങ്ങളുള്ള ഘോര വനാന്തരങ്ങൾ
എന്നെ പേടിപ്പെടുത്തുന്നു.
മുന്നിലേക്ക് വെക്കുന്ന കാലടികൾ എല്ലാം ചതുപ്പു നിലങ്ങൾ.
ഇടുട്ടിലാണ് ഇപ്പോഴും. എത്ര ദിവസമായി ഇരുട്ടു തന്നെ ആയിട്ട്.
ഇനിയും നേരം പുലരുന്നില്ലേ അതോ...
വനാന്തരങ്ങളിൽ പെട്ടത് കൊണ്ട് സൂര്യന്റെ
കിരണങ്ങൾ ഞാൻ അറിയാത്തത് കൊണ്ടോ?
ഹിംസ്ര ജന്തുക്കളുടെ ആക്രമണം ഭയന്ന്
മരത്തിന്റെ പൊത്തിൽ ആണ് വാസം.
ചുറ്റും ചിതൽപുറ്റ് ഉയർന്നു വന്നിരിക്കുന്നു.
ഏറെ താസിയാതെ എനിക്ക് ചുറ്റും അവ കോട്ട പണിയും.
എനിക്ക് അവയെയും ഭയമാണിപ്പോൾ.
നല്ലൊരു ഭക്ഷണം കഴിച്ചിട്ട് ദിവസങ്ങളായി
പച്ചിലകൾക്ക് എന്ത് സ്വാദാണെന്നോ?
സത്യത്തിൽ പച്ചവെള്ളത്തിനേക്കാൾ സ്വാദ്
ഉമിനീരിനാണു, പിന്നെ കണ്ണുനീരിനും.
എനിക്ക് രക്ഷപ്പെടണം പക്ഷേ എങ്ങനെ?
ചുറ്റും പച്ചമാംസം കത്തുന്ന മണം.
ഒരു മനുഷ്യനെയാണ് കാണാത്തത്.
എല്ലാവരും മാംസഭുക്കുകൾ രുധിരാസ്വാദകർ
എത്ര കിട്ടിയാലും വീണ്ടും വീണ്ടും വീണ്ടും...
ഏതു വഴിക്ക് നീങ്ങിയാൽ ആണ് വെളിച്ചം കാണുക.
ഇപ്പോൾ രാത്രിയാണ് സദാസമയവും
ഒരു തരി വെട്ടം എവിടെയുമില്ല
പുഞ്ചപ്പാടത്തെ പച്ചപ്പ് കാണാൻ
നല്ലൊരു പുലരി കണ്ടിട്ട് എത്ര നാളായി
ദിവസങ്ങൾ ഏറെ കഴിഞ്ഞു എന്ന് തോന്നുന്നു
ഞാനും ഇരുട്ടിനെ ഇഷ്ടപ്പെടാൻ തുടങ്ങിയോ?
സത്യത്തിൽ നാമെല്ലാ ആടുന്നത് ഒരേ തോൽപ്പാവക്കൂത്താണ്
ആരുടേയോ ചരടിന് അനുസരിച്ച് നൃത്തംവെക്കുന്ന പാവം പാവകൾ
ആടുന്നവർക്കറിയാം കഥ പക്ഷേ...
അവർ മറ്റൊരാളുടെ നിയന്ത്രണത്തിലാണ്
ചിലർ ഒന്നും അറിയാതെ ആടുന്നു
കഥയൊന്നും അറിയാതെ...
അതും സംഭവിക്കുന്നത് മറ്റാരുടേയോ ചരടുവലികൾക്കനുസരിച്ച്
പലപ്പോഴും രണ്ടാം തരക്കാരാവാനാവും നമ്മുടെ വിധി
അതും മറ്റൊരഭിനയം...
കഥയറിയാതെ ആട്ടം കാണുന്ന അവരുടെ മുന്നിൽ
പാവം പാവം പാവയായി...

## നീലക്കുറിഞ്ഞി

(33-ാം പേജിൽ നിന്ന് തുടർച്ച)

യാൽ ഡാമിന്റെ ഷട്ടറുകൾ തുറക്കാൻ നിർബന്ധിതരാകും.

ഡാമിന്റെ പടിഞ്ഞാറ് ഭാഗത്താണ് കുറവാൻ കുറത്തി മലകൾ. ആദിവാസികൾ പണ്ട് താമസിച്ചിരുന്ന സ്ഥലത്തിനും ഐതിഹ്യമുണ്ട്. ഇപ്പോഴും അവരുടെ ആത്മാക്കൾ ഡാമിന്റെ പരിസരത്ത് സ്ഥിതിചെയ്യുന്നുയെന്ന് പറയപ്പെടുന്നു.

വൈകുന്നേരത്തെ ചാറൽ മഴയിൽ എല്ലാവരും നനഞ്ഞു. പെട്ടെന്നുള്ള ഫ്രീസിൽ ആരും പ്രതീക്ഷിച്ചില്ല. എങ്കിലും തണുത്ത മഴയുടെ ആരവം എല്ലാവർക്കും സന്തോഷമായി.

ഡ്രൈവർ ട്രാവല്ലേർസ് തിരിച്ച് നിറുത്തിയപ്പോൾ സമയം നാല് മണി കഴിഞ്ഞു. അവിടെ നിന്ന് ചെറുതോണിയിലേക്ക് ഒരു മണിക്കൂർ സമയം വേണം. മഴയെ ശ്രദ്ധിക്കാതെ ചെറുതോണിയിലെത്തിയപ്പോൾ പടിഞ്ഞാറ് ചക്രവാളത്ത് സൂര്യകിരണങ്ങൾ താഴോട്ട് ഇറങ്ങാൻ തുടങ്ങി.

എല്ലാവരും അവിടെയിറങ്ങി. ചെറുതോണി സ്ഥലത്ത് രണ്ട് ഭാഗത്തും മലയാണ്. ഉരുൾപ്പൊട്ടലിലും മണ്ണിടിച്ചിലും കൊണ്ട് പുഴയെ കാണാൻ കഴിയുന്നില്ല. വലിയ പാറക്കല്ലുകൾ പുഴയുടെ അരികിൽ വീണ് പുഴയുടെ വീതി കുറഞ്ഞിരിക്കുന്നു. പുഴയുടെ അരികിലുള്ള വീടുകളുടെ മതിലുകളും തകർന്നുപോയിരിക്കുന്നു. അവിടത്തെ ജനജീവിതം ആകെ തകർന്ന് പോയിരിക്കുന്നു. ഇനി പൂർവ്വസ്ഥിതിയിലെക്ക് വരുവാൻ കാലം കുറച്ച് കഴിയും. പാവങ്ങൾക്ക് സാമ്പത്തികം ലഭിക്കാനും ഇനിയും സമയമെടുക്കും.

സന്ധ്യാരംഗം തുടങ്ങുന്നതിന്റെ മുന്നെ എല്ലാവരും ട്രാവല്ലേർസ് വണ്ടിയിൽ കയറി. അപ്പോൾ കുട്ടികളോട് ചോദിച്ചു. എങ്ങനെയുണ്ട് മൂന്നാർ യാത്ര! എങ്ങിനെയുണ്ട് ചെറുതോണി!, എങ്ങനെയുണ്ട് ഇടുക്കി! മറക്കാൻ കഴിയാത്ത ഓർമ്മകൾ!

ഒരേ ഉത്തരം. ഇനി നീലക്കുറഞ്ഞിപ്പൂക്കൾ കാണാൻ ഒരു വ്യാഴവട്ടം കാത്തിരിക്കണമല്ലൊ. അതായത് വർഷം 2030 വരെ. ■

ലേഖനം





# സ്മരണയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസകാരൻ

ബിനി കിഴിശ്ശേരി

മഹാകവി അക്കിത്തം അച്ച്യുതൻ നമ്പൂതിരി എന്നതിലപ്പുറം "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസകാരൻ" എന്നാണ് അക്കിത്തത്തെ സാഹിത്യ ലോകം വിശേഷിപ്പിക്കുന്നത്. ഭാവനാസമ്പുഷ്ടവും, ആശയ സമ്പുഷ്ടവും പ്രകൃതിയുടെ ലയവും താളവും സാമൂഹിക ദാർശനിക ചിന്തകളുടെയുമെല്ലാം ആ വിരൽത്തുമ്പിലൂടെ, ഒരു മാന്ത്രിക തന്ത്രി മീട്ടുന്നതുപോലെ ഏടുകളിൽ പതിപ്പിച്ചു.

1926 മാർച്ച് 18-ന് പാലക്കാട് ജില്ലയിലെ കുമരനെല്ലൂരിൽ ജനിച്ച അക്കിത്തം നല്ലൊരു കവി എന്നതിലുപരി ഒരു സാമൂഹിക പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന്റെ കവിതകൾ ചെറിയ




ക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ടെങ്കിലും ഡിഗ്രിയക്ക് പഠിക്കുമ്പോഴാണ് "അക്കിത്തത്തിന്റെ കവിതയെ ആഴത്തിൽ മനസ്സിൽ വേരുറപ്പിച്ചത്" മലയാളം ഐശ്ചിക വിഷയമായതുകൊണ്ട്തന്നെ അദ്ദേഹത്തിന്റെ "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം" എന്ന കവിത പഠനവിഷയമായിരുന്നു.

വർഷങ്ങൾക്കു ശേഷം അദ്ധ്യാപിക വേഷമണിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കവിതകളുടെ ഊഷ്മളത ഞാൻ തൊട്ടറിഞ്ഞു. ഇന്ന് ചെറിയ കവിതകളും ലേഖനങ്ങളും എഴുതുന്ന എനിക്ക് അദ്ദേഹം ഒരു വലിയ പ്രചോദനം തന്നെയാണ്. അദ്ദേഹത്തിന്റെ ഓരോ കവിതകളിലും ഇതൾവിരിയുന്ന സുഗന്ധ മലരുകൾ മനുഷ്യ മനസ്സിനെ നന്മയുടെ, സത്യത്തിന്റെ, നേർക്കാഴ്ചകളിലേക്ക് നമ്മെ കൂട്ടികൊണ്ടുപോകുന്നതാണ്. കവികൾ ക്രാന്തദർശികരാണെന്ന് പറയുന്നത് എത്രശരിയാണെന്ന് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**"വെളിച്ചം ദുഃഖമാണുണ്ണി**
**തമസല്ലോ സുഖപ്രദം"**

എന്ന് പാടിയ കവി മനസ്സ് ഇന്നിന്റെ സാക്ഷ്യപത്രമായി കാണാം. ഈ അടുത്ത കാലത്ത് അഭയാർത്ഥികൾ പാലായനം ചെയ്യുമ്പോൾ "ഒരമ്മയ്ക്ക് സംഭവിച്ച ദാരുണ സംഭവം പറയാം. വിശപ്പ് സഹിക്കാൻ വയ്യാതെ, ക്ഷീണത്താൽ റെയിൽവേ സ്റ്റേഷനിൽ കുഴഞ്ഞ് വീണ് മരിച്ച യുവതി. യുവതി മരിച്ചതറിയാതെ അവളുടെ കുഞ്ഞ് സാരിത്തുമ്പ് മാറ്റി പാലു കുടിക്കുന്ന ഒരു രംഗം. ഈ ഒരു രംഗം ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിലും കാണാം. അന്ന് അത് വായിച്ചപ്പോൾ, മനസ്സിൽ ചോര പൊടിയുന്ന ഒരനുഭവമായിരുന്നു. വല്ലാത്ത ഒരസ്വസ്ഥത! എന്നാൽ ഇന്ന് നമ്മുടെ കൺമുമ്പിൽ എന്തെല്ലാം നടക്കുന്നു? നീതിയും, നിയമവും, കാറ്റിൽ പറക്കുന്ന കാലം. ഇവിടെയാണ് തൂലിക പടവാളാക്കിയ മഹാരഥൻമാരെ നാം തിരിച്ചറിയേണ്ടത്. അനീതിക്കെതിരെ, അഴിമതിക്കെതിരെ ആഞ്ഞടിച്ച കൊടുങ്കാറ്റ് തന്നെയായിരുന്നു അക്കിത്തം. അതിനപ്പുറം പ്രകൃതിയെയും ഗൃഹാതുരതയെയും തൊട്ടുണർത്തുന്ന ഒട്ടനവധി കൃതികൾ അദ്ദേഹത്തിന്റെ തൂലികയിൽ ജന്മംകൊണ്ടിട്ടുണ്ട്.

സാഹിത്യലോകം അദ്ദേഹത്തെ നല്ലരീതിയിൽ തന്നെ ഉൾക്കൊണ്ടു. ഒട്ടനവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിവന്നു. അന്തിമഹാകാലം, ബലിദർശനം, കടമ്പിൻപൂക്കൾ, ഓതിക്കൻ, മായാത്ത മന്ദഹാസം, സമന്വയത്തിന്റെ ആകാശം, മാനസപൂജ, അമൃത ഘടിക, ആലഞ്ഞാട്ടമ്മ തുടങ്ങീ ഒട്ടനവധി കൃതികളിലൂടെ മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടാൻ അക്കിത്തത്തിന് കഴിഞ്ഞു.

**"ഒരു കണ്ണീർക്കണം മറ്റുള്ളവ-**
**ർക്കായി ഞാൻ പൊഴിക്കവെ**
**ഉദിക്കയാണെന്നാത്മാവി-**
**ലായിരം സൗരമണ്ഡലം**
**ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർ-**
**ക്കായ്, ച്ചെലവാക്കവെ**
**ഹൃദയത്തിലു ലാവുന്നു**
**നിത്യനിർമ്മല പൗർണ്ണമി."**

നാഗരിക സംസ്കാരത്തിൽപ്പെട്ട് ഉഴറുന്ന ഒരോ മനുഷ്യനും മനുഷ്യ ബന്ധത്തിന്റെ, സ്നേഹബന്ധത്തിന്റെ കാരുണ്യത്തിന്റെ തീവ്രത എങ്ങനെയാണെന്ന് കവി നമ്മെ ഓർമ്മപ്പെടുത്തുന്നു..എല്ലാ മതങ്ങളും നവോത്ഥാന നായകൻമാരും നമ്മെ ഉണർത്തിച്ചത് ഇത് തന്നെയല്ലെ?

അതെ! മഹാകവി അക്കിത്തം അച്ച്യുതൻ നമ്പൂതിരി ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസകാരൻ തന്നെയാണ്. നമ്മെ പലതും ഓർമ്മപ്പെടുത്തിക്കൊണ്ട്, പഠിപ്പിച്ചുകൊണ്ട് **"ജ്ഞാനപീഠ"** പുരസ്കാരത്തിന്റെ മാധുര്യം തീരുന്നതിനു മുൻപ് 2020 ഒക്ടോബർ 15-ാം തിയ്യതി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. എന്നും നിത്യനിർമ്മല പൗർണമിയായ് സാഹിത്യലോകത്തും സഹൃദയ മനസ്സിലും മഹാകവി വിളങ്ങട്ടെ! ഇനി നമുക്ക് തുടങ്ങാം പുതിയ വേഷപ്പകർച്ചകൾ, അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ജീവിക്കാൻ കഴിഞ്ഞു എന്നതിൽ അഭിമാനിക്കാം. ■

Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri P.O, P.B. No. 1205, Mankave Post Office, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.


Break the chain
കൈവിടാതിരിക്കാം.. കൈ കഴുകൂ..
സോപ്പിട്ട്
മാസ്കിട്ട്
ഗ്യാപ്പിട്ട്
നിൽക്കാം
സാമൂഹിക പ്രതിബദ്ധതയോടെ,
നക്ഷത്രരാജ്യം
ത്രൈമാസിക


വളയനാട് ആർട്സ്
നക്ഷത്രരാജ്യം സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
ഇ.രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന
അമ്പല്ലൂർവാഴിക്കോട്ട
നാടകം
VIDEO CD
ഗാനാലാപനം
സംഗീതം
സുനിൽ കുമാർ
ഉണ്ണിമോൾ കുന്ദമംഗലം
ഹാരിസ് സൂഫി
നൃത്ത സംവിധാനം
പശ്ചാത്തല സംഗീതം
നാടകരചന, ഗാനരചന, സംവിധാനം
നാടകം ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും
ഇ.രാധാകൃഷ്ണൻ കൊമ്മേരി
വളയനാട് ആർട്സ്–നക്ഷത്രരാജ്യം
സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
മാങ്കാവ്, കോഴിക്കോട് – 7, ഫോൺ: 9847649567
അനീഷ് നാട്യാലയ
ജയൻ കോഴിക്കോട്
Rs.65/-
ഇ.രാധാകൃഷ്ണൻ കൊമ്മേരി


വളയനാട് ആർട്സ്
നക്ഷത്രരാജ്യം സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
ഇ.രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന
അഗ്നിച്ചിറകുള്ള തുമ്പികൾ
VIDEO CD
സംഗീതം
പശ്ചാത്തല സംഗീതം
നാടകരചന, ഗാനരചന, സംവിധാനം
ഗാനാലാപനം: ജയൻ കോഴിക്കോട്, ദീപ
നാടകം ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും
ഇ.രാധാകൃഷ്ണൻ കൊമ്മേരി
വളയനാട് ആർട്സ്–നക്ഷത്രരാജ്യം
സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
മാങ്കാവ്, കോഴിക്കോട് – 7, ഫോൺ: 9847649567
ജയൻ കോഴിക്കോട്
ഇ.രാധാകൃഷ്ണൻ കൊമ്മേരി


വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
ഇ.രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന
നാടക ഗാനങ്ങൾ
VIDEO & AUDIO
ഗാനാലാപനം
സുനിൽ കുമാർ
ഉണ്ണിമോൾ കുന്ദമംഗലം
നൃത്ത സംവിധാനം
പശ്ചാത്തല സംഗീതം
അനീഷ് നാട്യാലയ
ജയൻ കോഴിക്കോട്
സംഗീതം
ഹാരിസ് സൂഫി
സ്ക്രിപ്റ്റ്, ഗാനരചന, സംവിധാനം
ഇ.രാധാകൃഷ്ണൻ കൊമ്മേരി
രംഗ സംവിധാനം: പി.വി.അനിൽകുമാർ, രംഗപടം–മേയ്ക്കപ്പ്: പി.സി.ബി.രാജ് പാറോപ്പടി,
നൃത്ത സംവിധാനം: അനീഷ് നാട്യാലയ, ദീപവിധാനം: സുന്ദരൻ വളയനാട്
നാടകം ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും സി.ഡി.കൾക്കും
ഇ.രാധാകൃഷ്ണൻ കൊമ്മേരി വളയനാട് ആർട്സ്–നക്ഷത്രരാജ്യം
സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്, മാങ്കാവ്, കോഴിക്കോട് – 7, ഫോൺ: 9847649567

VOL: 3, ISSUE :10
RNI REG NO. : KERMAL16195

NAKSHATHRARAJYAM
TRI-MONTHLY (QUARTERLY)

2020 NOVEMBER, DECEMBER
2021 JANUARY







# T. K. CAR WASH

Olavanna Jn., Kunnathupalam, Kozhikode
Contact : 9846 74 47 00, 9061 74 47 01

Foam Wash ▪ Interior Cleaning ▪ Polish, Touching ▪ A/C Works
Electrical Works ▪ Sticker Works ▪ Accessories ▪ Car Seat covers
Sun Control Film ▪ Matt Cutting ▪ Speakers & Subwoofers
Amplifier ▪ Horn ▪ Center Lock & Power Window
All curtain Works & Sofa Repairing




WASH : CAR, BIKE, TRAVELER, ACE, AUTO, DOSTH ETC..



# T.K. TYRES

റീസോളിങ്ങ് & പഞ്ചർ വർക്സ്

MRF, CEAT,
TVS, APPOLO, JK
എന്നീ കമ്പനികളുടെ
പുതിയ ടയറുകളും ലഭ്യമാണ്

Olavanna Jn, Kunnathupalam,
Kozhikode



# MS KRISHNA

## METER SERVICE



13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908



We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters

Dealers in Smart Electronic fare meter for Auto & Call Taxi


Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.